
www.malankaralibrary.com




# ഫാ. മത്തായി മലഞ്ചരുവിൽ
# അതുല്യനായ മിഷണറി

സബീഷ് പീറ്റർ തിരുവല്ലം

www.malankaralibrary.com

# ഫാ. മത്തായി മലഞ്ചരുവിൽ

# "അതുല്യനായ മിഷണറി"



രചന

**സബീഷ് പീറ്റർ തിരുവല്ലം**

www.malankaralibrary.com

**Fr. Mathai Malancharuvil**
**ATHULYANAYA MISSIONARY**
(Malayalam)
**ജീവചരിത്രം** (Life History)

Author:
Mr. Sabeesh Peter Thiruvallam
E-mail : sabeesh1979@gmail.com

First Published
December 2020

Published and Distributed by Sabeesh Peter, Thiruvallam.
E-mail : sabeesh1979@gmail.com
Mob: 9037342968

Printed at : Jayamatha Offset Press, Nalanchira.
Ph : 0471-2531607
e-mail: jayamathaoffsetpress@gmail.com

Price : 150

ISBN
*(All rights reserved including the rights of reproduction in whell or in part in any form.)*

STPSA December 2020 1500

www.malankaralibrary.com

# The Syro-Malankara Catholic Church

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicoshm@gmail.com
Personal Tel: + 91-471-2533844, 2541331
Fax: +91 471 2533668, E-mail: baselioscleemis@gmail.com

20/04/2020

## അനുഗ്രഹാശംസ

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം (റോമ 10:15)." "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" ( 1 കോറി 9: 16). വിളിക്കപ്പെട്ടവന്റെ ജീവിതത്തിന്റെ ശ്രേഷ്ഠതയും, അവൻ ജീവിതത്തിൽ പുലർത്തേണ്ടുന്ന സുവിശേഷത്തെ പ്രതിയുള്ള ജാഗ്രതയും വിശുദ്ധ പൗലോസ് അപ്പസ്തോലൻ രണ്ടു ചെറു വാചകങ്ങളിലൂടെ സമ്യക്കായി പറഞ്ഞുവച്ചിരിക്കുന്നു. മലഞ്ചരുവിൽ ബഹു. മത്തായി അച്ചൻ എന്ന അതുല്യനായ മിഷണറിയെക്കുറിച്ചുള്ള ധന്യസ്മരണകൾ ഇന്നും ദൈവജനത്തിന്റെയുള്ളിൽ ദീപ്തമായി നിലനില്ക്കുന്നതിന്റെ കാരണം ആ ജീവിതം സുവിശേഷമായി കത്തിജ്വലിച്ച് ഇപ്പോഴും നില്ക്കുന്നുവെന്നതാണ്.

35 വർഷത്തെ തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ ബഹു. മത്തായി അച്ചൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും അതുവഴി സാർവ്വത്രികസഭയ്ക്കും നല്കിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. പരിമിതമായ സാഹചര്യങ്ങളിൽ, പരാതികളൊന്നുംകൂടാതെ, പ്രാർത്ഥനയിൽ അടിയുറച്ച്, പാവപ്പെട്ടവരുടെ തോഴനായി, അദ്ദേഹം സ്വർഗ്ഗത്തിനുവേണ്ടി നേടിയത് പതിനായിരക്കണക്കിന് ആത്മാക്കളെയാണ്. താൻ കണ്ടുമുട്ടിയവർക്കെല്ലാം, ശുശ്രൂഷിച്ച ഇടങ്ങളിലെല്ലാം സുവിശേഷത്തിന്റെ നറുമണം പരത്താൻ അദ്ദേഹം സദാ ഉത്സുകനായിരുന്നു. ഏല്പിക്കപ്പെട്ട എല്ലാ ശുശ്രൂഷാ മേഖലകളിലും അദ്ദേഹം 'വിശ്വസ്തനും വിവേകി'യുമായ ഭൃത്യനായി വർത്തിച്ചു. പുരാതനമായ പകലോമറ്റം തറവാട്ടിൽ മലഞ്ചരുവിൽ കുടുംബത്തിലെ പരേതനായ മത്തായി സാറിന്റെയും ഏലിയാമ്മയുടെയും മകനാണ് ബഹു. മത്തായി അച്ചൻ. അതുല്യമായ ദൈവവിളികൊണ്ട് സമ്പന്നമായ കുടുംബം! ഒരു മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്, ഒരു വൈദികൻ, ബഥനി മഠാംഗങ്ങളായ 4 സിസ്റ്റേഴ്സ്, പ്രഗത്ഭരായ മറ്റു 3 സഹോദരങ്ങൾ ബഹു. മത്തായിച്ചന്റെ കുടുംബം പകലോമറ്റത്തെ ഏറെ ധന്യം!

അനേകം മിഷനുകളുടെ തലതൊട്ടപ്പനായ അദ്ദേഹം അതിഭദ്രാസന മതബോധന ഡയറക്ടർ, പ്രസ്സ് മാനേജർ, മലങ്കര ബാലൻ, ക്രൈസ്തവ കാഹളം എന്നിവയുടെ എഡിറ്റർ, പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്ററിന്റെ ഡയറക്ടർ തുടങ്ങിയ ശുശ്രൂഷാ മേഖലകളിലെല്ലാം നിസ്തുലമായ സേവനം കാഴ്ചവെച്ചു. മേജർ അതിഭദ്രാസനത്തിന്റെ വിശ്വാസപരിശീലന രംഗത്ത് അദ്ദേഹം നല്കിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. നിത്യതയിലേക്ക് പ്രവേശിച്ചിട്ട് 30 വർഷം കഴിഞ്ഞിട്ടും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ ദൈവജനത്തിന്റെയുള്ളിൽ പച്ചകെടാതെ നിലനിൽക്കുന്നു. ആ സ്മരണകളെ ഒരു ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കാനുള്ള ശ്രീ സജീഷ് പീറ്ററിന്റെ ഉദ്യമത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനഹേതുവാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

+Baselios Cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പ്

www.malankaralibrary.com

# സമർപ്പണം

ബഹുമാനപ്പെട്ട മത്തായി മലഞ്ചെരുവിൽ അച്ചനെ കുറിച്ചുള്ള ഈ പുസ്തകം വാസ്തവത്തിൽ അക്കാല യളവിലെ സാമൂഹ്യവും സഭാപരവുമായ ചരിത്രത്തിന്റെ ഒരു നേർക്കാഴ്ച്ചയാണ്. കേരളത്തിലെ പിന്നോക്കക്കാരായ ഗ്രാമീണ ജനതയുടെ വിശ്വാസപരവും, സാമ്പത്തികവുമായ ചരിത്രത്തിന്റെ കുറെ അംശങ്ങൾ നമുക്ക് ഈ പുസ്തകത്തിൽ കാണാൻ കഴിയും.

ബഹു. മത്തായി അച്ചന്റെ ബഹുമുഖമായ പ്രവർത്തന മേഖലകൾ സബീഷ് പീറ്റർ വളരെ ശ്രദ്ധാപൂർവ്വം ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. മത്തായി അച്ചന്റെ തന്നെ തിരുവല്ലം ഇടവകക്കാരനായ സബീഷിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

ബഹു. മത്തായി അച്ചന്റെ ത്യാഗോജ്ജ്വലമായ ക്രിസ്തു ശുശ്രൂഷകൾക്ക് സാക്ഷ്യം വഹിക്കാൻ കഴിഞ്ഞ മലഞ്ചെരുവിൽ കുടുംബാംഗങ്ങളായ ഞങ്ങൾക്കെല്ലാം ഈ പുസ്തക പ്രകാശനം വളരെ സന്തോഷം നൽകുന്നു. ഈ പുസ്തകം മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ ഓരോരുത്തർക്കും വലിയ പ്രചോദനമായി തീരുവാനായി സമർപ്പിക്കുന്നു.

**ജോൺ മത്തായി** IAS (Rtd.)
മലഞ്ചെരുവിൽ

www.malankaralibrary.com

# ആമുഖം

മിഷ്യൻ - പ്രേഷിത, സാമൂഹികരംഗങ്ങളിൽ പ്രവർത്തിക്കുന്ന വൈദികർക്ക് ഒരു ഉത്തമ മാതൃകാപുരോഹിതൻ, നല്ലൊരു മതബോധനപ്രേഷിതൻ, തീഷ്ണതയുള്ള മിഷനറി, വേദപ്രചാരകൻ, സേവന തല്പരതയുള്ള സാമൂഹ്യപ്രവർത്തകൻ - പരിതസ്ഥിതി സംരക്ഷകൻ, ഒരു പ്രകൃതി ആസ്വാദകൻ ഇവയെല്ലാം ബഹു. മത്തായി മലഞ്ചരുവിൽ അച്ചനിൽ നിറഞ്ഞുനിന്നിരുന്നു.

അനന്തപുരിയിലെ ചേരിവാസികളുടെ ഇടയിലേക്കും സമീപ ഗ്രാമപ്രദേശങ്ങളിലേക്കും ക്രിസ്തു - സ്നേഹത്താൽ പ്രേരിതനായി കടന്നുചെന്ന് രക്ഷയുടെ സന്ദേശം അറിയിക്കുവാനും ജീവിതത്തിന് പ്രത്യാശ പകർന്നുകൊടുത്തുകൊണ്ട് സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികകവുമായ നിലവാരം ഉയർത്തുവാനും സദാ ജാഗരൂകരനായിരുന്നു ബഹു. അച്ചൻ. ഭക്ഷണമോ, മറ്റ് സൗകര്യങ്ങളോ ഒന്നും അച്ചന് തടസ്സമായിരുന്നില്ല. സ്വന്തം ആരോഗ്യത്തെ പോലും പരിഗണിക്കാതെ അക്ഷീണം യഞ്ജിച്ചു. ഏതു പ്രതികൂല സാഹചര്യങ്ങളിലും സമചിത്തത കൈവെടിയാതെ സധൈര്യം മുന്നോട്ടു നീങ്ങി. മതബോധന ഡയറക്ടർ, പ്രസ്സ് മാനേജർ, മലങ്കരബാലൻ, ക്രൈസ്തവകാഹളം എന്നിവയുടെ എഡിറ്റർ, പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്റർ ഡയറക്ടർ തുടങ്ങി നിരവധി ജോലികളിൽ മുഴുകിയിരുന്ന മത്തായി അച്ചൻ രാത്രിയുടെ നല്ലൊരുഭാഗം പഠനത്തിനും ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി മാറ്റിവച്ചിരുന്നു. ബഹു. അച്ചന്റെ സ്നേഹവാത്സല്യങ്ങൾ നേരിട്ട് അറിയുവാൻ കഴിഞ്ഞ തിരുവല്ലം ഇടവകാംഗമായ ഞാൻ, അച്ഛന്റെ സ്മരണയ്ക്കായി ഒരു പുസ്തകം ഉണ്ടാകണമെന്ന് അതീവമായ ആഗ്രഹിച്ചതിന്റെ ഫലമാണ് ഈ ചെറിയ ഗ്രന്ഥം.

നിസ്തുലവും നിസ്തന്ദ്രവുമായ സമർപ്പണത്തിലൂടെയും സേവനത്തിലൂടെയും മലങ്കരസഭയിൽ 1954 മുതൽ 1989 വരെ ഒരു വെള്ളി നക്ഷത്രം പോലെ പ്രത്യേകിച്ച് മതബോധന പ്രസ്ഥാനരംഗത്ത് തനതായ വ്യക്തിത്വം പതിപ്പിച്ചുകൊണ്ട് നമ്മിൽ നിന്ന് കടന്നുപോയ ബഹു. മത്തായി അച്ചന്റെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു !!!

ഈ പുസ്തകത്തിന് അനുഗ്രഹാശംസ സദയം നൽകിയ അത്യഭിവന്ദ്യ കർദിനാൾ ബസേലിയോസ് ക്ലിമിസ് കാതോലിക്ക ബാവ തിരുമേനിയ്ക്ക് പ്രത്യേക നന്ദി.

ഈ പുസ്തകത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയ ബഹു. ജോൺ മത്തായി ഐ. എ. എസ്., ബഹു. സിസ്റ്റർ, ബർക്കുമാൻസ്, ബഹു. ജോൺ അരീക്കൽ അച്ചൻ തുടങ്ങിയവരെ കൃതാത്ഥതയോടെ സ്മരിക്കുന്നു.

**സബീഷ് പീറ്റർ**

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| അദ്ധ്യായം 1 | പുനരൈക്യ ചിന്തകൾ | 7 |
| അദ്ധ്യായം 2 | മലഞ്ചരുവിൽ കുടുംബം | 11 |
| അദ്ധ്യായം 3 | മലഞ്ചരുവിൽ മത്തായി സാർ | 13 |
| അദ്ധ്യായം 4 | പൗരോഹിത്യ ജീവിതത്തിൽ | 15 |
| അദ്ധ്യായം 5 | ഒരു സൈക്കിളും കുറെ വൃക്ഷങ്ങളും | 19 |
| അദ്ധ്യായം 6 | മതബോധനത്തിന്റെ അതികായൻ | 23 |
| അദ്ധ്യായം 7 | മിഷൻ രംഗത്തെ കർമ്മയോഗി | 31 |
| അദ്ധ്യായം 8 | ബി. ഒ. സിയും മതബോധന പരിശീലനവും | 36 |
| അദ്ധ്യായം 9 | പ്രേഷിതവരേണ്യനായ മത്തായി അച്ചൻ, തിരുവല്ലം ഇടവകയുടെ സൂര്യതേജസ്സ് | 40 |
| അദ്ധ്യായം 10 | അച്ചൻ സ്ഥാപിച്ച ഇടവകകൾ | 45 |
| അദ്ധ്യായം 11 | സേവനമനുഷ്ഠിച്ച മറ്റു ഇടവകകൾ | 55 |
| അദ്ധ്യായം 12 | അതുല്യനായ മിഷണറി | 65 |
| അദ്ധ്യായം 13 | അവസാന നാളുകൾ | 69 |
| അദ്ധ്യായം 14 | കുടുംബാംഗങ്ങളും പ്രവർത്തനങ്ങളും | 76 |
| അദ്ധ്യായം 15 | മലങ്കര സഭയുടെ ഒന്നാം കാതോലിക്ക - സിറിൽ മാർ ബസ്സേലിയോസ് മേജർ ആർച്ച് ബിഷപ്, മത്തായി അച്ചന്റെ ഇളയ സഹോദരൻ. | 82 |
| അദ്ധ്യായം 16 | മത്തായിച്ചൻ സഹപ്രവർത്തകരുടെ ദൃഷ്ടിയിൽ, സ്മരണകളുടെ പുഷ്പാഞ്ജലി | 93 |
| അദ്ധ്യായം 17 | ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള ചില ചിന്തകൾ | 112 |

www.malankaralibrary.com

അദ്ധ്യായം 1

# പുനരൈക്യ ചിന്തകൾ

മലഞ്ചരുവിൽ കുടുംബചരിത്രം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രവുമായി ഇരുപതാം നൂറ്റാണ്ടിൽ ഇഴചേർന്ന് നിൽക്കുന്നു എന്നതുകൊണ്ട് സഭയുടെ ചരിത്രം ആമുഖമായി പറയുന്നത് ഉചിതമാണ്.

ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിലൂടെയാണ് ഒന്നാം നൂറ്റാണ്ടിൽത്തന്നെ ഭാരതത്തിൽ ക്രൈസ്തവമതം സ്ഥാപിതമായത്. അതിനാൽ ഇവിടത്തെ ക്രൈസ്തവർ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നു. നാലും അഞ്ചും നൂറ്റാണ്ടുകൾ മുതൽ തന്നെ ഭാരതസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് അധിനിവേശവും സഭയുടെ വിദേശവത്ക്കരണ ശ്രമങ്ങളും നടന്നു. ഇതിനെതിരെയുണ്ടായ ശക്തമായ ചെറുത്തുനിൽപ്പാണ് കൂനൻകുരിശുസത്യം.

സഭയിൽ പിളർപ്പുണ്ടായത് ഇതിനോട് അനുബന്ധിച്ചാണ്. ഇപ്രകാരം പിളർപ്പുണ്ടായെങ്കിലും മാതൃസഭയായ റോമിലെ മാർപാപ്പായുടെ കീഴിൽ തുടരുവാൻ പുത്തൻകൂറ്റുകാർ എന്നു വിളിക്കപ്പെട്ട വിഭാഗം ആഗ്രഹിച്ചിരുന്നു. 1657-ൽ ആണ് പുനരൈക്യശ്രമങ്ങൾ ആദ്യമായി ഇക്കാര്യത്തിന് ആരംഭിക്കുന്നത്. തങ്ങളുടെ ആത്മീയ നേതാവായിരുന്ന ആർച്ച് ഡീക്കന് നിയമാനുസൃതമായ മെത്രാനടുത്ത കൈവയ്പ് വാങ്ങുക എന്നതായിരുന്നു സുറിയാനി ക്രിസ്ത്യാനികൾക്ക് ഇതിനായി കണ്ടെത്തിയ പോംവഴി. എന്നാൽ റോം ഇത് നിരാകരിച്ചു. 1704-ൽ മാർത്തോമ്മ നാലാമൻ അടുത്ത ശ്രമം നടത്തിയത് ഈയാവശ്യമുന്നയിച്ച് റോമിലേക്ക് കത്തെഴുതിയിട്ടാണെങ്കിലും അനുകൂല തീരുമാനമുണ്ടായില്ല. 1748-ൽ മാർത്തോമ്മ അഞ്ചാമന്റേതായിരുന്നു മാതൃസഭയുമായി അടുത്ത പുനരൈക്യശ്രമം. മാർത്തോമ്മ അഞ്ചാമനെ അംഗീകരിക്കുന്നത് ഭാരതത്തിലെ മാർപ്പാ

www.malankaralibrary.com


പ്പായുടെ അപ്പാസ്തലിക വികാരിയുടെ അധികാരത്തിന് കോട്ടം വരുത്തുമെന്നുകണ്ട് റോം ആ ശ്രമവും അംഗീകരിച്ചില്ല. 1768–ൽ അപ്പൊസ്തോലിക വികാരിയായിരുന്ന ഫ്ളോറൻസ് എ. യേശു വഴി മാർത്തോമാ അഞ്ചാമൻ റോമിന് കത്തയച്ചു. എന്നാൽ പുന രൈക്യപ്പെടുമ്പോൾ തന്റെ ആളുകളുടെമേൽ അദ്ദേഹം അധികാരം ചോദിച്ചിരുന്നു. ഇതുകാരണം ആ ശ്രമവും ഫലം കണ്ടില്ല.

1791–ൽ മാർത്തോമ്മാ ആറാമന്റെ കാലത്തും പുനരൈക്യശ്രമം നടന്നു. 1888–ൽ മലങ്കര മെത്രാപ്പോലീത്തയായ ദിവന്നാസിയോസ് അഞ്ചാമന്റെ കാലത്താണ് പിന്നീട് കാര്യമായ പുനരൈക്യശ്രമം നടന്നത്. മലങ്കര റീത്ത് സ്ഥാപിച്ചുകൊണ്ട് വ്യക്തിത്വം കാത്തുസൂ ക്ഷിക്കുന്ന ഒരു പുനരൈക്യമായിരുന്നു അദ്ദേഹം ലക്ഷ്യമിട്ടത്. എന്നാൽ റോം ആ വ്യവസ്ഥകളോട് താത്പര്യം പ്രകടിപ്പിച്ചില്ല. ഇതിനോടകം മലങ്കരസഭ അന്ത്യോക്യൻ പാത്രിയർക്കീസുമാരുടെ അധീനതയിലായിക്കഴിഞ്ഞിരുന്നു.

1912–ൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലി ത്തായുടെയും ഫാ. പി.റ്റി. ഗീവർസീന്റെയും (പിന്നീട് മാർ ഈവാ സിയോസ്) ശ്രമഫലമായി തിഗ്രീസിലെ കാതോലിക്കേറ്റ് മലങ്കര യിൽ സ്ഥാപിച്ചു. കാതോലിക്കേറ്റ് സ്ഥാപിതമായതോടെ മലങ്കര സഭ സ്വതന്ത്രമായി. ഇങ്ങനെ സ്വതന്ത്രമായ സഭയുടെ മെത്രാപ്പോ ലീത്താ ചുമതലപ്പെടുത്തിയതനുസരിച്ചാണ് ബഥനിയുടെ മെത്രാ നായിരുന്ന മാർ ഈവാനിയോസ് പുനരൈക്യശ്രമങ്ങൾ നടത്തി യത്. മലങ്കരസഭയുടെ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യവും പൈതൃകവും വ്യക്തിത്വവും അംഗീകരിച്ചുകൊണ്ടുള്ള പുതിയ സംവിധാനമായിരുന്നു മാർ ഈവാനിയോസ് ലക്ഷ്യമിട്ടത്. റോമിനെ അംഗീകരിക്കാമെന്ന് അദ്ദേഹം ഉറപ്പ് നൽകി. 1930 ജൂലൈ നാലിന് പുനരൈക്യത്തിന് സമ്മതമേകികൊണ്ടുള്ള പരിശുദ്ധ സിംഹാസ നത്തിന്റെ മറുപടി ലഭിച്ചു. മാർ ഈവാനിയോസിനെ സഭയുടെ മെത്രാപ്പോലീതൻ ആർച്ച് ബിഷപ്പായും മാർ തെയോഫിലോസിനെ തിരുവല്ല രൂപതാ ബിഷപ്പായും നിയമിച്ചു. 1930 സെപ്റ്റംബർ 30 ന്

www.malankaralibrary.com


നൂറ്റാണ്ടുകളുടെ നീണ്ട പുനരൈക്യശ്രമങ്ങൾ പൂവണിഞ്ഞു. കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലോഷ്യസ് ബൻസിഗർ പിതാവിന്റെയടുത്ത് സത്യപ്രതിജ്ഞ നടത്തി കത്തോലിക്ക കൂട്ടായ്മയിലേയ്ക്ക് പ്രവേശിച്ചത് മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, ഫാ. ജോൺ, ഡീക്കൻ അലക്സാണ്ടർ, ചാക്കോ കിളിലേത്ത് എന്നിവരാണ്.

1930-ൽ പുനരൈക്യപ്പെട്ടപ്പോൾ തന്നെ മലങ്കര കത്തോലിക്കാ സഭയിൽ കാതോലിക്കേറ്റ് സ്ഥാപിക്കാൻ ശ്രമം നടന്നതാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ മാർ ഈവാനിയോസിനോടൊപ്പം പുനരൈക്യത്തിനായി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത മെത്രാപ്പോലീത്തമാർ അവസാനനിമിഷം പിൻവലിഞ്ഞതാണ് 1930-ൽ മലങ്കര സുറിയാനി കത്തോലിക്കാ കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന് തടസമായത്. മലങ്കരസഭ ഓർത്തഡോക്സ്-യാക്കോബയ വിഭാഗങ്ങളായി തിരിഞ്ഞ് കോടതിമുറിയിൽ ആത്മീയസത്ത നഷ്ടപ്പെടുത്തിയപ്പോൾ സന്യാസത്തിന്റെ വിശുദ്ധിയിൽ മനസർപ്പിച്ച മാർ ഈവാനിയോസിനെ കത്തോലിക്കാസഭയുമായുള്ള പുനരൈക്യശ്രമിത്തിന് നിയോഗിച്ചത് ഓർത്തഡോക്സ് വിഭാഗത്തിലെ മെത്രാപ്പോലീത്തമാരായിരുന്നു. മാർ ഈവാനിയോസിന് ഗുരുതുല്യനായ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിന്റെയും ഓർത്തഡോക്സ് സഭാ കാതോലിക്ക ബാവയായ ബസേലിയോസ് മാർ ഗ്രിഗോറിയോസിന്റെയും അനുവാദവും ലഭിച്ചിരുന്നു. എന്നാൽ പുനരൈക്യത്തിന് റോം വാതിൽ തുറന്നപ്പോൾ സംഭവിച്ചത് മാർ തെയോഫിലോസ് ഒഴികെ മറ്റുള്ളവർ പിൻവാങ്ങുന്ന കാഴ്ചയാണ്. യാക്കോബായ വിഭാഗവുമായുണ്ടായിരുന്ന പ്രധാന വ്യവഹാരമായ വട്ടിപ്പണക്കേസിൽ ഓർത്തഡോക്സ് വിഭാഗത്തിന് അനുകൂലവിധി വന്നതാണ് മാറാനുള്ള കാരണം. മാത്രമല്ല കത്തോലിക്കസഭയിൽ ചേർന്നാൽ ഇപ്പോൾ കൈവശമുള്ള സ്വത്തുക്കളും പള്ളികളും യാക്കോബയ വിഭാഗക്കാർ കൊണ്ടുപോകുമെന്നും അവർ ഭയപ്പെട്ടു. ‘‘മരിക്കുമ്പോൾ സ്വത്തുക്കൾ കൊണ്ടു

www.malankaralibrary.com


പോകില്ലല്ലോ സഹോദരന്മാരെ'' എന്ന മാർ ഈവാനിയോസിന്റെ വാക്കുകൾ അവരെ തൃപ്തരാക്കിയില്ല.

പിതാവിന്റെ ഭവനത്തിൽ നിന്നും ലഭിക്കാവുന്നതെല്ലാം കണക്കുപറഞ്ഞു വാങ്ങി നാടുവിട്ടുപോയി എല്ലാം നഷ്ടപ്പെടുത്തി മടങ്ങിയെത്തിയ ധൂർത്തനായ പുത്രന്റെ കഥയല്ല, ഇവിടെ പ്രതിപാദിച്ചത്. സാഹചര്യങ്ങളുടെ പ്രേരണയാൽ നാടുവിട്ടിറങ്ങുവാൻ പ്രേരിതനായ പുത്രൻ ദീർഘനാളത്തെ വേദനാജനകമായ വേർപാടിനു ശേഷം മടങ്ങിയെത്തുന്ന കഥയാണ് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ നടന്ന പുത്തൻകൂറ്റുകാരുടെ പുനരൈക്യം അനുസ്മരിപ്പിക്കുന്നത്.

പുണ്യതാതനായ മഹാനുഭാവന്റെ കരങ്ങൾക്ക് ശക്തിപകരാൻ ദൈവത്താൽ വിളിക്കപ്പെട്ടതാണ് ഉള്ളന്നൂരിലെ മലഞ്ചരുവിൽ മത്തായി സാറും കുടുംബവും.



**ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്**

www.malankaralibrary.com

അദ്ധ്യായം 2

# മലഞ്ചരുവിൽ കുടുംബം

പത്തനംതിട്ട ജില്ലയിലെ പുരാതനവും പ്രശസ്തവുമായ ഒരു നാട്ടുരാജ്യമായിരുന്നു പന്തളം. തമിഴ്നാട്ടിലെ ചെമ്പഴതൂർ രാജ്യം കേന്ദ്രീകരിച്ചാണ് പന്തളം ഭരണം നടത്തിയിരുന്നത്. ശബരിമല ശാസ്താവിന് ചാർത്താനുള്ള തിരുവാഭരണം സൂക്ഷിക്കുന്നത് പന്തളം രാജകൊട്ടാരത്തിലാണ്.

പുരാതന ക്രൈസ്തവകേന്ദ്രമാണ് കുറവിലങ്ങാട്. ഇവിടത്തെ പ്രശസ്ത കുടുംബമായിരുന്നു പകലോമറ്റം തറവാട്. പകലോമറ്റം തറവാട് ക്രൈസ്തവർക്കിടയിൽ വളരെ പ്രശസ്തമാണ്. കാരണം പകലോമറ്റം തറവാട്ടിലുള്ളവർ മാർത്തോമ്മാ ശ്ലീഹായിൽ നിന്നും നേരിട്ട് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ബ്രാഹ്മണ കുടുംബമായിരുന്നു എന്നാണ് ഐതിഹ്യം.

പൂജയ്ക്കാവശ്യമായവ നസ്രാണി തൊട്ടാൽ ശുദ്ധമാകും എന്ന പാരമ്പര്യം നിലനിന്നിരുന്നതിനാൽ രാജകല്പനപ്രകാരം കുറവിലങ്ങാട്ടുനിന്നും പന്തളത്തേയ്ക്ക് കുടിയേറി പാർത്തവരുടെ പിൻതലമുറക്കാരാണ് ഉള്ളന്നൂർ ഗ്രാമത്തിൽ താമസക്കാരായ മലഞ്ചരുവിൽ കുടുംബക്കാർ. മതമൈത്രിക്ക് പ്രാധാന്യം കല്പിച്ചിരുന്ന പ്രശസ്ത ഭരണാധികാരിയായിരുന്നു പന്തളം രാജാവ്. എല്ലാ മതക്കാർക്കും പ്രമുഖമായ സ്ഥാനം നൽകുവാൻ രാജാവ് ശ്രമിച്ചിരുന്നു.

രാജാവ് ആറാട്ടിന് പോകുമ്പോൾ എണ്ണ പകർന്ന് നല്കുവാനുള്ള അവകാശം മലഞ്ചരുവിൽ കുടുംബത്തിനായിരുന്നു. ഇതു തന്നെ മലഞ്ചരുവിൽ കുടുംബത്തിന്റെ ജനകീയത മനസ്സിലാക്കാൻ കഴിയുന്ന ഒരു സംഭവമാണ്.

മണ്ണിനെയും മരങ്ങളെയും സ്നേഹിച്ചിരുന്ന മലഞ്ചരുവിൽ കുടുംബം കൃഷിയുടെയും വാണിജ്യ വ്യാപാരവുമായി ബന്ധപ്പെട്ടും ഉന്നത സ്ഥാനീയരായിരുന്നു.

അധഃസ്ഥിതരുടെയും പട്ടിണി പാവങ്ങളുടെയും ഉന്നമനം ലക്ഷ്യമിട്ട് കളീയക്കൽ മലഞ്ചരുവിൽ കുടുംബത്തിലെ പ്രമുഖ കാര

www.malankaralibrary.com


ണവർ മാത്തൻ വർഗ്ഗീസ് നൂറു വർഷം മുമ്പ് പണിതുയർത്തിയ 'പള്ളിക്കൂടം' ഈ കാലഘട്ടത്തിലെ ഒരു പ്രധാനപ്പെട്ട സംഭവമായിരുന്നു. അയിത്തവും അനാചാരവും കൊടികുത്തി വാണിരുന്ന ആ കാലഘട്ടത്തിൽ എല്ലാറ്റിനെയും മാറ്റാൻ വിദ്യാഭ്യാസത്തിന് കഴിയും എന്ന് മനസ്സിലാക്കാൻ തക്ക വലിയ കർമ്മയോഗിയായിരുന്നു വലിയ വാദ്ധ്യാർ എന്നറിയപ്പെട്ട മാത്തൻ വർഗ്ഗീസ്.



**ഗിരിദീപം പ്രൈമറി സ്ക്കൂൾ**

ഏതാണ്ട് 150 വർഷം മുമ്പ് തന്നെ തീണ്ടലിന്റെയും ജാതി മേൽക്കോയ്മയുടെയും പേര് പറഞ്ഞ് നിഷേധിക്കപ്പെട്ട നീതി പുനഃസ്ഥാപിക്കാൻ ചങ്ങലക്കെട്ടിനെ പൊട്ടിച്ചെറിഞ്ഞ മാതൃക പുരുഷനായ മാത്തൻ വർഗ്ഗീസിന്റെ അടുത്ത തലമുറക്കാരാണ് മലഞ്ചരുവിൽ കുടുംബം.

19-1-1099-ൽ സ്ഥാപിതമായ മലഞ്ചരുവിൽ ഗിരിദീപം പ്രൈമറി സ്കൂൾ ഇപ്പോഴും പ്രകാശഗോപുരമായി അനേകായിരങ്ങൾക്ക് മാർഗ്ഗദർശമായി നിലനിൽക്കുന്നു.

www.malankaralibrary.com

അദ്ധ്യായം 3

# മലഞ്ചരുവിൽ മത്തായി സാർ

പന്തളം ഉള്ളനൂരിൽ മലഞ്ചരുവിൽ കളീയ്ക്കൽ കുടുംബത്തിലെ മാത്തൻ വർഗ്ഗീസിന്റെയും തട്ട പ്ലാവിളയിൽ മറിയാമ്മയുടെയും അഞ്ചു മക്കളിൽ മൂന്നാമനായി 1900 മാർച്ച് 20ന് മത്തായി ഭൂജാതനായി. യാക്കോബായ വിശ്വാസികളായ മാതാപിതാക്കന്മാരിൽ നിന്നും പകർന്നുകിട്ടിയ ദൈവവിശ്വാസത്തിൽ ഭക്തിയുടെ നിറകുടമായി വളർന്നു. അക്കാലത്തെ നല്ല വിദ്യാഭ്യാസം നടത്തി, അദ്ദേഹം അദ്ധ്യാപകനായി. ഇക്കാലഘട്ടങ്ങളിൽ തന്റെ മാതൃസഭയിലെ കലഹകലാപങ്ങളും വ്യവഹാരങ്ങളും അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. മികച്ച പ്രഭാഷകനും എം.എ. ബിരുദധാരിയുമായ ഫാ. പി.റ്റി. ഗീവർഗീസുമായുള്ള പരിചയം മത്തായി സാറിനെ സഭാപ്രവർത്തനങ്ങളിൽ കൂടുതലായി പ്രവർത്തിക്കാൻ പ്രേരണ നൽകി. യാക്കോബായ സഭയിലെ സൺഡേ സ്കൂൾ അദ്ധ്യാപകനും മികച്ച സുവിശേഷ പ്രസംഗകനുമായിരുന്നു മത്തായി സാർ.

ആദ്ധ്യാത്മീയ നവീകരണത്തിലൂടെ മാത്രമെ തന്റെ സമൂഹത്തെ ഉന്നതിയിൽ എത്തിക്കാൻ കഴിയൂ എന്ന് മനസ്സിലാക്കിയ അദ്ദേഹം ഫാ. പി.റ്റി. ഗീവർഗ്ഗീസ് സ്ഥാപിച്ച ബഥനി സന്യാസ സമൂഹവുമായി കൂടുതൽ സഹകരിച്ചു മുന്നോട്ട് പോകാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ആഴമായ സഭാവിശ്വാസവും മിഷ്ണറി ചൈതന്യവും അന്ന് യാക്കോബായ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടായിരുന്നു. ആദ്യത്തെ ബഥനി പള്ളികളിൽ ഒന്നായ ഉള്ളന്നൂർ പള്ളി, മത്തായി സാർ സ്വന്തം സ്ഥലത്ത് പണിതു നൽകി. 1930 സെപ്റ്റംബർ 20 ന് ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ അഞ്ചംഗ സംഘം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത് മലങ്കരസഭയെ ഇളക്കിമറിച്ചു. ആദ്യമൊക്കെ പുനരൈക്യ വിരുദ്ധ പ്രവർത്തനങ്ങൾക്കായി മത്തായി സാർ ഒന്നാമതായി അണിനിരന്നു. എന്നാൽ ഒരുദിവസം മാർ ഈവാനിയോസ് തിരുമേനിയെ കാണാൻ ഇടയായ മത്തായിസാർ അദ്ദേഹ

www.malankaralibrary.com



ത്തിന്റെ സ്നേഹവും വാത്സല്യവും കാരണം പുനരൈക്യത്തെക്കുറിച്ച് കൂടുതൽ അറിയാൻ തീരുമാനിച്ചു. വീട്ടിൽ തിരിച്ചെത്തിയ മത്തായി സാർ ഇക്കാര്യം സ്വപിതാവിനോടും കുടുംബാംഗങ്ങളോടും പങ്കുവച്ചു. മാർ ഈവാനിയോസ് പിതാവിന്റെ മാർഗ്ഗം പിന്തുടരുവാൻ മാത്തൻ വർഗ്ഗീസ് മക്കളെ ഉപദേശിച്ചു. തുടർന്ന് അവർ മാർ ഈവാനിയോസ് പിതാവിനെ കാണുകയും പുനരൈക്യപ്പെടുകയും ചെയ്തു.

1933 ജൂൺ മാസത്തിൽ അദ്ധ്യാപക ജോലി രാജിവച്ച മത്തായി സാർ സഭയുടെ തിരുവനന്തപുരം അതിരൂപത മുക്ത്യരായി ചുമതലയേറ്റു. സഭയുടെ ഉത്സാഹിയായ പുത്രനായിരുന്നു മത്തായിസാർ. മാർ ഈവാനിയോസ് വിദ്യാനഗറിന്റെ 200 ഏക്കറിൽ പരം വസ്തു 1945-ൽ വാങ്ങാൻ മത്തായി സാർ കാണിച്ച താൽപര്യം ചരിത്ര വിദ്യാർത്ഥികൾക്ക് എക്കാലത്തും മറക്കാൻ കഴിയാത്ത ഒന്നാണ്. തിരുവനന്തപുരത്തെ മാർ ഈവാനിയോസ് വിദ്യാഭ്യാസ ക്യാമ്പസ് കേരളത്തിലെ തന്നെ അതുല്യമായ ക്യാമ്പസാണ്. ഇന്ന് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ നിലകൊള്ളുന്നു.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ചരിത്ര വീഥികളിൽ ഈ കുടുംബം അനുഗ്രഹങ്ങൾ നിറഞ്ഞു നിൽക്കുന്നു. മത്തായി സാർ ഏലിയാമ്മ ദമ്പതികൾക്ക് ആറ് ആൺമക്കളും അഞ്ച് പെൺമക്കളും ദൈവം നൽകി. മലഞ്ചരുവിൽ മത്തായി സാറിന്റെ ദ്വിതീയ പുത്രനാണ് നമ്മുടെ റവ. ഫാ. മത്തായി മലഞ്ചരുവിൽ.



**മത്തായി സാർ**



**ഭാര്യ ഏലിയാമ്മയ്ക്ക് ഒപ്പം**

www.malankaralibrary.com

അദ്ധ്യായം 4

# പൗരോഹിത്യ ജീവിതത്തിൽ

13-11-1925-ൽ അച്ചൻ ജനിച്ചു. മാമോദീസ പേര് മത്തായി എന്നായിരുന്നു. തന്റെ മക്കളിൽ വളരെ സുന്ദരനും സുമുഖനുമായ മകൻ തന്റെ സ്വന്തം പേരിൽ അറിയപ്പെടണം എന്ന് മത്തായി സാർ ആഗ്രഹിച്ചു. അതിനാൽ മത്തായി എന്ന് അദ്ദേഹം പേരിട്ടു.

ബാലപ്രായത്തിൽ തന്നെ തന്റെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് മത്തായിയ്ക്കുണ്ടായിരുന്നു. പ്രാർത്ഥനകളിൽ, ബൈബിൾ വായനയിൽ, പഠനത്തിൽ, പള്ളി ശുശ്രൂഷയിൽ, മത ബോധന കാര്യങ്ങളിൽ, കുടുംബ പ്രാർത്ഥനകളിൽ എല്ലാം മുട ങ്ങാതെ പങ്കെടുക്കുവാനും പരിശുദ്ധ അമ്മയെ സ്മരിച്ച് 'കൊന്ത' പ്രാർത്ഥന നടത്താനും കുഞ്ഞു മത്തായി സമയം കണ്ടെത്തുമായി രുന്നു.

പരോപകാരപ്രവൃത്തികൾക്ക് സമയം കണ്ടെത്താനും പാവ ങ്ങളെ സഹായിക്കാനും മനസ്സുകാണിച്ചിരുന്നു. സഹപാഠികളുടെ ഇടയിൽ മറുവാക്ക് പറയുകയോ അവരോട് വഴക്കിടുകയോ കുഞ്ഞുമ ത്തായി ചെയ്യുമായിരുന്നില്ല. എല്ലാത്തിനും ഒരു അടുക്കും ചിട്ടയും മുഖമുദ്രയായിരുന്നു. മറ്റുള്ളവരെ സഹായിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്തു ശിഷ്യൻ ആകുന്നത് എന്ന് മത്തായി സാറിൽ നിന്നും അദ്ദേഹം പഠിച്ചിരുന്നു.

ഒരിക്കൽ അച്ചന്മാർ ഒരുമിച്ച് വരുന്നതു കണ്ടപ്പോൾ അവരെ നോക്കി നിന്നുപോയി കുഞ്ഞുമത്തായി. അവരുടെ ളോഹയും ചിരിയും ഇടപെടലും മത്തായിയെ മറ്റൊരു ആദ്ധ്യാത്മിക രീതി യിൽ ചിന്തിക്കാൻ കൂടുതൽ പ്രാപ്തനാക്കി.

പഠിക്കുന്ന സമയത്ത് ഏകാഗ്രതയോടെ പഠിക്കാനാണ് കുഞ്ഞു മത്തായി ആഗ്രഹിച്ചത്. കൂട്ടുകാർ പറയുന്നത് ശ്രദ്ധിച്ചിരിക്കും അവസാനമെ മറുപടി പറയു. അത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകത യായിരുന്നു. (ഈ സവിശേഷത അച്ചനായ ശേഷവും അദ്ദേഹം നിലനിർത്തി.)

സന്താനങ്ങളിൽ ധാർമ്മികവും മതാത്മകവുമായ അഭിവൃദ്ധിക്ക് നിദാനം മതബോധനക്ലാസ്സുകളിലെ ഔദ്യോഗികപഠനം മാത്രമല്ല

www.malankaralibrary.com



നല്ലൊരു കുടുംബത്തിന്റെ അതിസൂക്ഷ്മമായ സ്വാധീനം കൊണ്ടുകൂടിയാണ്. അവർ ചോദിക്കുന്ന ബാലിശങ്ങളായ ചോദ്യങ്ങളും അവയ്ക്ക് കിട്ടുന്ന മറുപടികളും, നല്ല മാതൃകയും ഓരോ സംഭവത്തെക്കുറിച്ച് മാതാപിതാക്കളിൽ നിന്നുണ്ടാകുന്ന പ്രതികരണവും വീടിനകത്തും പുറത്തും നടക്കുന്ന സംഭവങ്ങളും മറ്റും അവരെ സ്വാധീനിക്കുന്നു. വാക്കുകളിലൂടെ പ്രകടമാക്കാൻ സാധിക്കുകയില്ലെങ്കിലും കുഞ്ഞുങ്ങൾ സൂക്ഷ്മ നയനങ്ങളോടും കൂർത്ത ചെവികളോടും കൂടി അനേകം കാര്യങ്ങൾ വീക്ഷിക്കുകയും ഓർക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങളിൽ കുഞ്ഞു മത്തായി ശ്രദ്ധാലുവായിരുന്നു. പ്രാർത്ഥനകൾ, വിശ്വാസപ്രമാണം എന്നിവ അമ്മയിൽ നിന്നുമാണ് അച്ചൻ സ്വായത്തമാക്കിയത്. പത്തു പ്രമാണങ്ങൾ, പ്രാർത്ഥനകളുടെ അർത്ഥം എന്നിവ മനസ്സിലാക്കാൻ പ്രത്യേക ത്വര അദ്ദേഹത്തിനുണ്ടായിരുന്നു. വഴിയിലൂടെ വെറുതെ നടക്കുമ്പോൾ പ്രാർത്ഥന ചൊല്ലുക പതിവായിരുന്നു.

പത്താംതരം പാസ്സായതു മുതൽ സെമിനാരിയിൽ ചേരണം എന്ന അടങ്ങാത്ത ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അതൊരു വിശുദ്ധ കുടുംബം ആയതിനാൽ മത്തായി സാറും ഭാര്യയും അതിന് സമ്മതം മൂളി. മലഞ്ചരുവിൽ കുടുംബത്തിന്റെ മദ്ധ്യസ്ഥയായ വി. അമ്മത്രേസ്യയുടെ മുദ്രാവാക്യം ആണ് അന്ന് സെമിനാരിയിൽ പോകാൻ നേരം അവന് ഓർമ്മ വന്നത്.

"നിന്നെ ഒന്നും കുഴയ്ക്കാതിരിക്കട്ടെ.
ഒന്നും ഭയപ്പെടുത്താതിരിക്കട്ടെ.
എല്ലാക്കാര്യങ്ങളും കടന്നുപോകുന്നു.
ദൈവത്തിന് ഒരിക്കലും മാറ്റമില്ല.
ക്ഷമ എല്ലാം സമ്പാദിക്കുന്നു.
ദൈവം ആർക്കുണ്ടോ
അയാൾക്ക് കുറവൊന്നുമില്ല."

ഈ പ്രാർത്ഥന മത്തായി അച്ചന്റെ ജീവിതത്തിൽ അച്ചിട്ടായി പതിച്ചു. ഉറച്ച ചുവടുമായി മത്തായി സാറിനൊപ്പം സെമിനാരിയിൽ ചേരാൻ തിരുവനന്തപുരത്തേയ്ക്ക് തിരിച്ചു.

തിരുവനന്തപുരത്തെ മൈനർ സെമിനാരിയിൽ അദ്ദേഹത്തെ റെക്ടറച്ചൻ ആഹ്ളാദത്തോടെ സ്വീകരിച്ചു. ഏറ്റവും വലിയ


www.malankaralibrary.com



ആഗ്രഹം നിറവേറിയ സന്തോഷത്തിൽ അന്ന് ഏറെ നേരം പ്രാർത്ഥിച്ചു. പരിശുദ്ധന്മാരുടെ ഗണത്തിൽ പാപിയായ തന്നെ പരിഗണിച്ചതിലുള്ള നന്ദി പ്രാർത്ഥനയായിരുന്നു അച്ചന്റേത്.

സെമിനാരി ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ബ്രദർ മത്തായിക്കുണ്ടായിരുന്നു. ദൈവം ഈ ജീവിതത്തിലും വരാനിരിക്കുന്ന ജീവിതത്തിലും ചെറിയൊരു ശുശ്രൂഷ ചെയ്തതിനുപോലും പ്രതിഫലം നൽകുന്നവനാണ്. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങളിൽ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുകയാണ്. ഒരു തിന്മയ്ക്കും ഞെരുക്കത്തിൽ നിന്നും ഞാൻ തിരഞ്ഞെടുത്ത ജീവിതാന്തസ്സിൽ നിന്നും എന്നെ അകറ്റുവാൻ സാധിക്കില്ല. ഇത്തരം ഉറച്ച ദൈവവിശ്വാസം നല്ലൊരു വൈദീകനാകാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.

തിരുവനന്തപുരം മൈനർ സെമിനാരിയിലെ പഠനം കഴിഞ്ഞ് ബ്രദർ മത്തായി മംഗലാപുരത്തുള്ള സെന്റ് ജോസഫ് മേജർ സെമിനാരിയിലേക്ക് ഉപരിപഠനത്തിനായി പോയി. ജസ്യൂട്ട് വൈദികരായിരുന്നു മംഗലാപുരം സെമിനാരിയുടെ ചുമതലക്കാർ. 1954 ഏപ്രിൽ 6 ന് മംഗലാപുരം സെമിനാരിയിൽ വെച്ച് ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിൽ നിന്നും അദ്ദേഹം വൈദീകപട്ടം സ്വീകരിച്ചു.




**ബ്രദർ മത്തായി മലഞ്ചരുവിൽ**

www.malankaralibrary.com




**ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ്**



**ഫാ. മത്തായിയും സഹോദരൻ ഫാ. ജോർജും**

www.malankaralibrary.com

അദ്ധ്യായം 5

# ഒരു സൈക്കിളും കുറെ വൃക്ഷങ്ങളും

മംഗലാപുരം സെമിനാരിയിൽ നിന്നും വൈദികനായി അച്ചൻ തിരുവനന്തപുരം രൂപതയിലേക്കു വന്നു. മാർ ഈവാനിയോസ് തിരുമേനി ദീർഘവീക്ഷണത്തോടുകൂടി തുടങ്ങി വച്ച, തിരുവനന്തപുരത്തേയും തെക്കൻ മേഖലകളിലേയും മിഷനറി പ്രവർത്തനം മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടക്കുന്ന കാലമായിരുന്നു അത്. യുവ വൈദികനായിരുന്നെങ്കിലും, ഭാരിച്ച ഉത്തരവാദിത്വത്തോടുക്കുടി മാർ ഗ്രീഗോറിയോസ് തിരുമേനി അച്ചനെ അരമനയിൽ തന്നെ നിയമിച്ചു. ബഹു. മത്തായി അച്ചനിൽ മാർ ഗ്രീഗോറിയോസ് തിരുമേനി, ഒരു കഠിനാദ്ധ്വാനിയായ വൈദികനെയും പ്രഗത്ഭനായ ഭരണാധികാരിയേയും തീക്ഷ്ണമതിയായ മിഷണറിയേയും തിരിച്ചറിഞ്ഞു. വർഷങ്ങളോളം തന്റെ വലങ്കൈയായി അരമനയിൽ തന്നെ പാർപ്പിച്ചിരുന്നു. അരമനയിൽ സെന്റ് മേരീസ് പ്രസ്സിന്റെയും, സൺ ഡേ സ്കൂൾ ഡയറക്ടറുടെയും ചാർജ്ജ് വഹിച്ചുകൊണ്ടു തന്നെ യുവാവായ മത്തായി അച്ചൻ തിരുവനന്തപുരത്തേയും സമീപ പ്രദേശങ്ങളിലേയും മിഷൻ കേന്ദ്രങ്ങളിൽ അക്ഷീണം പ്രവർത്തിക്കാൻ തുടങ്ങി.

ഒരു സൈക്കിളുമായി വിവിധ കേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്യാൻ കടന്നുവന്ന ഒരു യുവ വൈദീകനാണ് പലരുടെയും മനസ്സുകളിൽ മത്തായി അച്ചൻ. മുള്ളും മരടും നിറഞ്ഞ വഴികളിലൂടെയുള്ള അദ്ദേഹത്തിന്റെ യാത്ര നമുക്ക് ഇന്ന് ചിന്തിക്കാൻ പോലും കഴിയില്ല. അവികസിതമായ പ്രദേശങ്ങളായിരുന്നു ദീർഘവീക്ഷണമുള്ള അച്ചൻ തിരഞ്ഞെടുത്തിരുന്നത്. “നിങ്ങൾ ലോകമൊക്കെയിലും പോയി സുവിശേഷം പ്രസംഗിക്കുവിൻ.” എന്ന യേശുനാഥന്റെ വചസ്സുകൾ സ്വഹൃദയത്തിലേറ്റിയാണ് അച്ചൻ സഞ്ചരിച്ചിരുന്നത്. മാർത്താണ്ഡം പ്രദേശങ്ങളിലെ തെക്കൻ മേഖലകളിലായാലും കിളിമാനൂർ, കഴക്കൂട്ടം തുടങ്ങിയ പ്രദേശങ്ങളായിരുന്നാലും അച്ചന്റെ ഈ വിശ്വാസത്തിന് മാറ്റം വന്നില്ല.

www.malankaralibrary.com



ഒറ്റയടിപ്പാതകളാണ് അക്കാലത്ത് കൂടുതൽ ഉണ്ടായിരുന്നത്. അതുകൊണ്ട് വാഹന സൗകര്യങ്ങളില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സൈക്കിളിലുള്ള യാത്ര അദ്ദേഹം ആഹ്ലാദിച്ചിരുന്നു. യേശു എന്ന നാമം അറിയാത്തവരുടെ ഇടയിൽ ചക്കയും മാങ്ങയും മഞ്ഞ മാവും എണ്ണയും വിതരണം ചെയ്ത് അവരുടെ കുടുംബാംഗമായി അദ്ദേഹം മാറി.

തിരുവല്ലം - വണ്ടിത്തടം പ്രദേശം വഴി ഒരിക്കൽ അദ്ദേഹം സൈക്കിളിൽ വന്നപ്പോൾ അദ്ദേഹത്തെ ചിലർ കൂകി വിളിക്കുകയും കളിയാക്കുകയും സാധനങ്ങൾ കവരാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം പുഞ്ചിരിയോടെ നിന്നതല്ലാതെ അവരോട് പ്രതികരിക്കാൻ പോയില്ല. അവസാനം അവർ പിൻതിരിഞ്ഞുപോയി. അതായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം.

കുറവൻകോണത്തെ പാസ്റ്ററൽ പഠനകേന്ദ്രം ഒരു കാനനകേന്ദ്രമാക്കി മാറ്റിയത് അച്ചനാണ്. കൊക്കോ, മാതളം, മാവ്, പ്ലാവ് തുടങ്ങി നൂറിലധികം വ്യത്യസ്ത മരങ്ങളും ചെടികളും അന്ന് കുവൻകോണം പാസ്റ്ററൽ സെന്ററുമായി ചേർന്ന് അച്ചൻ പരിപാലിച്ചിരുന്നു. സെന്ററിൽ എത്തുന്നവർക്ക് വിഭവസമൃദ്ധമായ ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിച്ചിരുന്നത് അവിടെ തന്നെയുള്ള പഴങ്ങളും പച്ചക്കറികളും ആയിരുന്നു. അവ ഓരോന്നിനെയും വളരെ സൂക്ഷ്മമായി അദ്ദേഹം പരിപാലിച്ചിരുന്നു. തികച്ചും പ്രകൃതിസ്നേഹിയായ ഒരു വൈദീകനായിരുന്നു മത്തായി അച്ചൻ.

കത്തോലിക്ക സഭയിൽ ആഗോളവ്യാപകമായി ആദ്ധ്യാത്മിക രംഗത്ത് ഒരു നവീകരണ പ്രക്രിയ നടന്നിരുന്ന കാലമായിരുന്നു 1965-1975. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ കാലഘട്ടം, ആരാധനക്രമം, മതബോധന ശുശ്രൂഷ. സാമൂഹ്യശുശ്രൂഷ, സന്യസ്തരുടെ സഭാ ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ കാലോചിതമായ മാറ്റം വരുത്തത്തക്ക രീതിയിൽ എല്ലാവർക്കും സ്വീകാര്യമായ പുതിയ രീതികളും പരിഷ്ക്കാരങ്ങളും പരീക്ഷിച്ചറിയാൻ പരി. പിതാവ് കല്പിച്ച് നിയോഗിച്ച കാലഘട്ടം.

ആഗോള കത്തോലിക്ക സഭയുടെ നവീകരണ പ്രക്രിയ മലങ്കര കത്തോലിക്ക സഭയിൽ തുടക്കം കുറിക്കപ്പെട്ടു. അച്ചന്മാരും

www.malankaralibrary.com


സന്യസ്തരും അല്മായരും ഉൾപ്പെടാത്ത വലിയൊരു അജഗണത്തെ നവീകരണത്തിലേക്ക് കൊണ്ടുവരേണ്ടത് ദൈവികപദ്ധതി ആയിരുന്നു. പ്രത്യേകിച്ച് തിരുവനന്തപുരം അതിരൂപതയിൽ, ഇന്ന് കാണുന്ന ചുരുങ്ങിയ മേഖലയല്ല അന്നത്തെ അതിരൂപത. അതിവിസ്തൃതമായ ഒരു രൂപതയായിരുന്നു റാന്നി, കോന്നി, കൊട്ടാരക്കര, പത്തനംതിട്ട, അടൂർ, ചെങ്ങന്നൂർ, പാറശ്ശാല, നെയ്യാറ്റിൻകര, മാർത്താണ്ഡം, കാട്ടാക്കട തുടങ്ങിയ മേഖലകളെ ക്രോഡീകരിക്കാൻ സഭയുടെ ചുമതലക്കാരനായി ബഹു. മത്തായി മലഞ്ചരുവിൽ അച്ചൻ പ്രവർത്തിച്ചു.

ഇക്കാലത്താണ് മിഷ്ണറി പ്രവർത്തനം നിറഞ്ഞ് തുളുമ്പിയിരുന്ന ബഹു. അച്ചൻ എല്ലാവർക്കും സ്വീകാര്യനാവുന്നത്. തിരുവനന്തപുരം രൂപതയിൽ മതബോധന ശുശ്രൂഷ നടത്തുക, എല്ലാവരേയും രണ്ടും മൂന്നും ദിവസത്തെ സെമിനാറുകളിലും ക്യാംപുകളിലും പങ്കെടുപ്പിക്കുക, ആരാധന ക്രമത്തിലുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക, ആ കാലഘട്ടത്തിന്റെ മതബോധനരീതിയിലും ആരാധന ക്രമങ്ങളിലും പഠിച്ച് മാറ്റങ്ങൾ നടപ്പിലാക്കുക എന്നിവയിലും അദ്ദേഹം ശ്രമിച്ചിരുന്നു. ഇത് ചുരുക്കം സ്ഥലങ്ങളിൽ മാത്രമല്ല മേൽ പ്രസ്താപിച്ച രൂപതയുടെ എല്ലാ ഭാഗത്തും ഇടവകകളിലും ഇത്തരം പ്രവർത്തനങ്ങൾ എത്തിക്കാൻ സദാ തല്പരനായിരുന്നു അച്ചൻ.

മാതൃകാപരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി, ദൃഢമായ വിശ്വാസവും മിഷണറി തീക്ഷ്ണതയും സ്ഥിരോത്സാഹവും അദ്ദേഹത്തെ യഥാർത്ഥ ക്രിസ്തുശിഷ്യനായി മാറ്റി. ചെറുപ്പം മുതൽ യഥാർത്ഥ ക്രിസ്തുശിഷ്യനായി വളരാൻ ലഭിച്ച അവസരം മറ്റുള്ളവർക്കുവേണ്ടി പങ്കുവച്ച് അദ്ദേഹം ദൈവത്തിന്റെ സ്നേഹം മറ്റുള്ളവർക്കു പകർന്നുനല്കി.

പള്ളികളിലും സ്ഥാപനങ്ങളിലും അദ്ദേഹം കടന്നുചെല്ലുമ്പോൾ ജനങ്ങൾ സ്നേഹത്തോടെ അദ്ദേഹത്തിനടുക്കൽ ഓടിയെത്തുമായിരുന്നു. കാരണം, നിറഞ്ഞ പുഞ്ചിരിയും ദൈവവചനം പകർന്നു നൽകാനുള്ള സവിശേഷ കഴിവും തന്നെ. പ്രത്യേകിച്ച്

www.malankaralibrary.com


കുട്ടികൾക്ക് മതബോധനം എപ്പോഴും പകർന്നു നൽകുന്ന വത്സലതാതനായിരുന്നു അച്ചൻ. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്താ. 25: 40).

നമ്മുടെ കർത്താവിന്റെ വാക്കുകൾ തന്റെ ജീവിതത്തിൽ പകർത്തിയ മഹത്വ്യക്തിയായിരുന്നു പാവപ്പെട്ടവരുടെ പിതാവായിരുന്ന മത്തായി മലഞ്ചരുവിലച്ചൻ. അച്ചന്റെ പ്രവർത്തനമണ്ഡലം കുഗ്രാമങ്ങളിലുള്ള പാവപ്പെട്ടവരുടെ കൂടെയായിരുന്നു. അതിനാൽ തന്നെ പാവപ്പെട്ടവരുടെ പിതാവായി മാറുന്നതിന് അച്ചന് കഴിഞ്ഞു. മത്തായി അച്ചന്റെ ബഹുമുഖമായ പ്രവർത്തന മണ്ഡലത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്ന അദ്ധ്യായങ്ങളാണ് അടുത്തതായിട്ടുള്ളത്.



www.malankaralibrary.com

### അദ്ധ്യായം 6

## മതബോധനത്തിന്റെ അതികായൻ

സഭയുടെ അതിവിശിഷ്ഠവും പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് മതബോധന പ്രേഷിതത്വം. പ്രാദേശികമോ സാർവ ത്രികമോ ഏതു തലത്തിലായാലും കൂടുതൽ കാണപ്പെടത്തക്ക ഫല ങ്ങൾ പുറപ്പെടുവിക്കാവുന്ന മറ്റു പ്രവർത്തനങ്ങളെയും പരിപാടിക ളെയുംകാൾ മതബോധനത്തിന് സഭ എത്രയധികം മുൻഗണന നൽകുന്നുവോ, അത്രയധികം അതുവഴി വിശ്വാസികളുടെ സമൂഹ മെന്ന നിലയിൽ തന്റെ ആന്തരിക ജീവിതവും പ്രേഷിതയായ സഭ യെന്ന നിലയിൽ ബാഹ്യപ്രവർത്തനവും ശക്തിപ്രാപിക്കുന്നതായി അവൾക്കനുഭവപ്പെടുന്നു (Cat: Trad. No. 15).

മതബോധനമാണ് ക്രൈസ്തവവിശ്വാസത്തിന്റെ പ്രധാന കേന്ദ്രം എന്ന് മനസ്സിലാക്കിയ അച്ചൻ വിവിധ കേന്ദ്രങ്ങളിൽ ചർച്ചാ വേളകൾ സംഘടിപ്പിച്ചിരുന്നു. രൂപതാ മതബോധന ഡയറക്ടർ എന്ന നിലയിൽ ഇത്തരം ചർച്ചകളിൽ അദ്ദേഹം രൂക്ഷമായി വിമർശി ക്കപ്പെടാറുണ്ട്, ചിലപ്പോഴൊക്കെ പരാതികളും വിമർശനങ്ങളും പരിധി വിടാറുണ്ട്, എന്നാൽ പരാതികൾ എത്ര രൂക്ഷമായാലും ശാന്തത കൈവിടാതെ ചിരിച്ച മുഖവുമായി അദ്ദേഹം ഇരിക്കും. അച്ചനെ കോപിപ്പിക്കാമെന്ന് ആര് വിചാരിച്ചാലും നടക്കില്ല.

ന്യായമായ ആവശ്യങ്ങളും മാറ്റങ്ങളും നിറവേറ്റിക്കൊടുക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. അന്യന്റെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ടറിയാൻ അച്ചന് ഒരു പ്രത്യേക കഴിവുണ്ട്. അച്ചൻ ദീർഘവീക്ഷണമുള്ള വിവേകിയായ ഒരു വൈദീകനായിരുന്നു. ഉപ ദേശിമാരെ സംഘടിപ്പിച്ച് പരിശീലനം നൽകി പള്ളികളുടെ പ്രവർത്ത നങ്ങളെ ശക്തിപ്പെടുത്തിയത് ഇതിന് ഉദാഹരണമാണ്.

തിങ്കൾ മുതൽ വെള്ളി വരെ ഉപദേശിമാർ കുറവൻകോ ണത്തെ പാസ്റ്ററൽ സെന്ററിൽ താമസിച്ചു പഠിക്കണം. വാരാന്ത്യ ത്തിൽ ഓരോരുത്തരും താന്താങ്ങളുടെ മിഷൻ രംഗത്ത് പോയി പ്രവർത്തിക്കണം. ഇതാണ് പരിശീലന കാലത്തെ അദ്ദേഹത്തിന്റെ

www.malankaralibrary.com


ചിട്ട. അവർ ഓരോരുത്തരും പുറപ്പെടുന്നതിന് മുമ്പ് ആവശ്യമായ ഉപദേശങ്ങൾ, സാമ്പത്തിക സഹായം എന്നിവ നൽകിയാണ് അയയ്ക്കാറുള്ളത്. അച്ചന്റെ കരുതലിന്റെ ഉദാഹരണമാണിത്. ഓരോ സൈക്കിൾ വാങ്ങുന്നതിനും അതുപയോഗിച്ച് പള്ളികൾ സന്ദർശിക്കുന്നതിനും അദ്ദേഹം മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു.

ഒരിക്കലും ആരോടും കോപിക്കുകയോ, കുറ്റപ്പെടുത്തുകയോ ചെയ്യില്ല. പഠിച്ച കാര്യങ്ങൾ അവർ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് മൗനമായി നിരീക്ഷിയ്ക്കും. മതബോധന പരിശീലനത്തിന്റെ ഭാഗമായി ഉപദേശിമാർക്ക് പച്ചക്കറി കൃഷിയുണ്ട്. ഓരോരുത്തർക്കും നൽകുന്ന സ്ഥലം ഒരു കൃഷി ഓഫീസറെ പോലെ അച്ചൻ ചുറ്റി നടന്ന് കാണും. അവരെ പ്രോത്സാഹിപ്പിക്കും.

കുറവൻകോണം പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്ററിൽ വച്ച് അദ്ധ്യാപകർക്കായി പ്രത്യേക ക്ലാസ്സുകൾ, അൾത്താര ബാലന്മാർക്ക് ക്ലാസ്സ്, കുട്ടികൾക്ക് നേതൃത്വ പരിശീലന ക്യാമ്പ് എന്നിവ വർഷത്തിൽ പല പ്രാവശ്യം സംഘടിപ്പിച്ചിരുന്നു. അച്ചന്റെ സംഘാടക വൈദഗ്ദ്ധ്യം അതിശയിപ്പിക്കുന്നതായിരുന്നു. നീതിസൂര്യനെപ്പോലെ എല്ലാവരുടെയും സംശയങ്ങൾ അദ്ദേഹം ദൂരീകരിക്കുമായിരുന്നു. ആരെങ്കിലും സെന്ററിൽ എത്തിയാൽ ഭക്ഷണം കഴിച്ചിട്ടേ പോകാവൂ എന്ന് അദ്ദേഹം ശഠിച്ചിരുന്നു.

സണ്ടേസ്കൂൾ കുട്ടികൾക്കായി പതിവായി വിനോദയാത്രകൾ നടത്തുകയും മറ്റുള്ളവർക്ക് നടത്താൻ പ്രോത്സാഹനവും അദ്ദേഹം നൽകി. അവരുടെ സർഗ്ഗാത്മക വാസനകൾ പ്രകടിപ്പിക്കാൻ ഒരു മാസികയുടെ കുറവ് അദ്ദേഹം തിരിച്ചറിഞ്ഞു. 'മലങ്കര ബാലൻ' എന്ന പേരിൽ മാസിക ആരംഭിച്ച് ചുക്കാൻ പിടിച്ചത് അച്ചനാണ്. സാഹിത്യരംഗത്തേയ്ക്ക് മലങ്കരയിലെ കുട്ടികൾക്ക് കടന്നുവരാൻ ഇതുമൂലം സാധിച്ചു.

ക്രിസ്തു തന്റെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാനായി തന്റെ ശിഷ്യന്മാർക്ക് അധികാരവും ചുമതലയും നല്കി (മ. 28: 18-20). അപ്പസ്തോലന്മാർ ഈ ദൗത്യം ലോകാവസാനം വരെ തുടരേണ്ടിയിരിക്കുന്നു. ഈ സുവിശേഷഘോഷണ

www.malankaralibrary.com


ദൗത്യം ഇന്നു തുടരുന്നത് സഭയിലൂടെയാണ്. സഭ ഈ ചുമതല നിർവ്വഹിക്കുന്നത് തന്റെ അജപാലനപരവും സുവിശേഷഘോഷണപരവുമായ പ്രവർത്തനത്തിലൂടെയാണ്.

മതബോധനം കൊണ്ടുദ്ദേശിക്കുന്നത് പ്രാഥമിക വിശ്വാസത്തെ പക്വതയിലെത്തിക്കുകയും ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യനെ പരിശീലിപ്പിക്കുകയും ചെയ്യുകയാണ് (Cat: Trad. No. 19). മതബോധനത്തിലൂടെ ക്രിസ്തീയ വിശ്വാസത്തിന്റെ വാതിലിലൂടെ ഉൾപ്രവേശിച്ച് സുവിശേഷാരൂപിയാൽ പ്രചോദിതരായി വിശ്വാസത്തിന്റെ പക്വാവസ്ഥയിലേക്ക് വളരുന്നു വിശ്വാസികൾ. തദ്വാരാ അവർ ക്രിസ്തു രഹസ്യത്തിലേക്ക് ഉൾപ്രവേശിക്കുന്നു. ക്രൈസ്തവരുടെ വിശ്വാസത്തെ വളർത്തുന്ന ഈ പരിശീലനം ജീവിതം മുഴുവൻ ചൂഴ്ന്ന് നിൽക്കുന്ന ഒന്നായതിനാൽ ഇത് ആജീവനാന്തം തുടരേണ്ടതാണ് എന്നായിരുന്നു അച്ചന്റെ വിശ്വാസം.

ക്രൈസ്തവജീവിത പരിശീലനത്തിന് അവശ്യം വേണ്ടതാണ് ക്രമീകൃതമായ സംവിധാനങ്ങൾ. ഇതിന് സഹായകരമായി ഉടലെടുത്തവയാണ് മതബോധന പ്രസ്ഥാനങ്ങൾ. ഇതിന്റെ പ്രഭവസ്ഥാനം പാശ്ചാത്യനാടുകളിലാണ്. പാശ്ചാത്യനാടുകളിലെ അവസ്ഥാവിശേഷമായിരുന്നില്ല ഭാരതസഭയിലുണ്ടായിരുന്നത്. അപ്പസ്തോലിക കാലം മുതൽ ക്രൈസ്തവ ജീവിതത്തിന് ഊടും പാവും ലഭിച്ച കേരള സഭയുടെ സ്ഥിതി ഇതര ഭാരത സഭാസമൂഹങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. കാലാനുസൃതമായത് നവീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും ചുവടുവയ്പ്പുകൾ ഇവിടെ ആരംഭിച്ചു.

1653-ലെ കൂനൻ കുരിശു സത്യത്തോടെ ആകമാന സഭയിൽ നിന്നകന്നതുമൂലം സഭാംഗങ്ങളുടെ വ്യക്തിപരമായ ജീവിതത്തിനു വേണ്ടത്ര ആദ്ധ്യാത്മിക പോഷണം ലഭ്യമാക്കുന്നതിന് സഭാധികാരികൾക്ക് സാധിച്ചില്ല, എത്രയും വേഗം ശിരസ്സായ ക്രിസ്തുവുമായി യോജിച്ച് ഭൗതീക ശരീരത്തിലെ അംഗങ്ങളായിത്തിരുന്നതിനുള്ള അദമ്യമായ ആഗ്രഹം സഭാധികാരികളുടെ ഉള്ളിന്റെ ഉള്ളിലുണ്ടായി, അതിന്റെ വിജയകരമായ പരിസമാപ്തിയാണ്, 1930 സെപ്റ്റംബറിലെ പുനരൈക്യം. പുനരൈക്യപ്രസ്ഥാനത്തിലൂടെ മലങ്കരസ

www.malankaralibrary.com


ഭയിലെ ആളുകൾക്ക് സാർവത്രിക സഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കാൻ അവസരം ലഭിച്ചു. അങ്ങനെ മലങ്കരസഭയ്ക്ക് സാർവത്രികസഭയിൽ വ്യക്തിത്വമുള്ള ഒരു സഭയായി സ്ഥാനം ലഭിച്ചു.

മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വത്തിലും തനിമയിലും ആദ്ധ്യാത്മിക സവിശേഷതകളിലും പദമൂന്നിക്കൊണ്ടുള്ള മതബോധനത്തിന് അടിസ്ഥാനമിട്ടത് വന്ദ്യ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനാണ്. പുനരൈക്യപ്പെട്ടപ്പോൾ തന്നെ വന്ദ്യ റമ്പാച്ചൻ മതബോധനത്തിൽ ദത്തശ്രദ്ധനായി. കാരണം യാക്കോബായ സഭയിൽ വച്ചുതന്നെ അദ്ദേഹം മതബോധനത്തിൽ തല്പരനായിരുന്നു. കത്തോലിക്കാ സഭയുടെ വിശ്വാസത്തിനും പ്രബോധനത്തിനും അനുസരിച്ച് ക്ലാസ്സ് തിരിച്ചുള്ള വേദപാഠപുസ്തകങ്ങൾ നിർമ്മിക്കാനാരംഭിച്ചു. 1943 ആയപ്പോഴേക്കും 'മേരിഗിരി വേദോപദേശപാഠാവലി,' മലങ്കരസഭാശൈലിക്കൊത്ത് 2 മുതൽ 5 വരെ ക്ലാസ്സിലേക്ക് പ്രസിദ്ധീകരിച്ചു. ഈ പുസ്തകങ്ങളിലായി ഒരാൾ അവശ്യം അറിഞ്ഞിരിക്കേണ്ട വേദോപദേശങ്ങളും, പ്രസക്തമായ വേദപുസ്തകഭാഗങ്ങളുടെ വിവരണങ്ങളും ഹൃദിസ്ഥമാകേണ്ട പ്രാർത്ഥനകളും അടങ്ങിയിരുന്നു. അന്നു പൊതുവേ നിലവിലിരുന്ന ചോദ്യോത്തര രീതി സ്വീകരിച്ചുകൊണ്ടാണ് താത്വിക ഭാഗങ്ങൾ തയ്യാറാക്കിയത്. പഴയനിയമവും പുതിയ നിയമവും പരിഗണിച്ച് ആർക്കും മനസ്സിലാക്കാവുന്ന ലളിതമായ ഭാഷയിൽ അവതരിപ്പിച്ചു. റമ്പാനച്ചനെപ്പോലെ വേദപുസ്തകത്തിൽ അവഗാഹം നേടിയ വൈദികശ്രേഷ്ഠർ മലങ്കര സഭയിൽ വിരളമായിരുന്നു.

തെക്കൻ തിരുവിതാംകൂറിലെ പ്രത്യേകസ്വഭാവം മനസ്സിലാക്കി അതിനായി പ്രത്യേക പരിശീലനം നൽകി ഒരു ഉപദേശി സമൂഹത്തെ രൂപവത്ക്കരിക്കുന്നതിൽ റമ്പാച്ചൻ ശ്രദ്ധിച്ചിരുന്നു.

1942 മുതൽ വന്ദ്യ റമ്പാച്ചൻ തന്നെ സണ്ടേസ്കൂൾ പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കി. അതിരൂപത ഒട്ടാകെ പൊതുവാർഷിക പരീക്ഷ നടത്തി. ഓരോ ക്ലാസ്സിലും ഉയർന്ന റാങ്ക് ലഭിക്കുന്നവർക്ക് അതിരൂപതാടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ നൽകി. പരീക്ഷയുടെ ആവിർഭാവത്തോടെ ഇടവകകളിൽ

www.malankaralibrary.com



സണ്ടേസ്കൂൾ ക്ലാസ്സുകൾക്ക് ഏകീകൃതരൂപം ലഭിച്ചു. ഓരോ സണ്ടേസ്കൂളിനും അച്ചടിച്ച ഹാജർ പുസ്തകങ്ങൾ നൽകി. 1954 ആയപ്പോഴേക്കും നമ്മുടെ മതബോധന പ്രസ്ഥാനത്തിന് ഏതാണ്ടൊരു ഏകീകൃതരൂപം നൽകി ഉറപ്പുള്ള അടിസ്ഥാനമിട്ടത് വന്ദ്യ റമ്പാച്ചനാണ്.

1954-ൽ സണ്ടേസ്കൂൾ ഡയറക്ടറായി നിയമിതനായ മത്തായി അച്ചന്റെ കാലത്താണ് നമ്മുടെ മതബോധന രംഗം വ്യവസ്ഥാപിതവും വികസിതവുമായിത്തീർന്നത്. അച്ചൻ മലങ്കരസഭാ പാരമ്പര്യങ്ങൾക്കും നമ്മുടെ സംസ്ക്കാരത്തിനും ജീവിതശൈലിക്കും അനുസൃതമായും അന്തർദേശീയ പ്രസ്ഥാനങ്ങളെ അനുരൂപപ്പെടുത്തിയും തനതായ കർമ്മപരിപാടികളെക്കുറിച്ച് ആഴമായി ചിന്തിക്കുകയും ചെയ്ത് പ്രായോഗിക പരിപാടികൾ ആസൂത്രണം ചെയ്തു. മലങ്കരസഭയുടെ പ്രത്യേക സാഹചര്യത്തിൽ അക്രൈസ്തവർ, അകത്തോലിക്കർ, മാനസാന്തരപ്പെടുന്നവർ, പുനരൈക്യപ്പെടുന്നവർ, കുട്ടികൾ, യുവാക്കൾ, മുതിർന്നവർ എന്നിങ്ങനെയുള്ള ഓരോ ഗ്രൂപ്പിലുംപെട്ടവർക്ക് പ്രയോജകീഭവിക്കത്തക്കവിധം മതബോധന പ്രവർത്തനം അദ്ദേഹം ക്രമീകരിച്ചു.

അച്ചന്റെ ശ്രദ്ധ പ്രധാനമായും പതിഞ്ഞത് മതബോധനത്തിനാവശ്യമായ ഗ്രന്ഥങ്ങൾ തയ്യാറാക്കുന്നതിലായിരുന്നു. സണ്ടേസ്കൂളിന് കൃത്യമായ സിലബസ്സും പാഠ്യപദ്ധതിയും തയ്യാറാക്കിയ അച്ചൻ നിലവിലിരുന്ന മേരിഗിരി വേദോപദേശപാഠാവലി പരിഷ്ക്കരിച്ചു. 1955-ൽ 'പ്രാഥമികം' എന്ന പേരിൽ ഒന്നാം പുസ്തകം പ്രസിദ്ധീകൃതമായി. 2 മുതൽ 4 വരെയുള്ള പുസ്തകങ്ങൾ നേരത്തെയുള്ള ഘടന നിലനിറുത്തിക്കൊണ്ടും 5 മുതൽ 10 വരെയുള്ള പുസ്കങ്ങൾ പുതിയതായും എഴുതി ഉണ്ടാക്കി. ഈ പുസ്തകങ്ങളെല്ലാം 'മലങ്കര വേദോപദേശപാഠാവലി' എന്ന പേരിലാണ് പ്രസിദ്ധീകരിച്ചത്. കൂടാതെ ഉയർന്ന (8, 9) ക്ലാസ്സുകളിൽ ഉപപാഠപുസ്തകങ്ങളായി വന്ദ്യ റമ്പാച്ചനെഴുതിയ തിരുസഭാചരിത്രവും കേരള ക്രൈസ്തവസഭയും ഉപയോഗിച്ചു. എറണാകുളത്ത് പി.ഒ.സി. സ്ഥാപിതമായതോടുകൂടി അവിടെ രചിച്ച പാഠപുസ്തകങ്ങൾ കേരളമൊട്ടാകെ

www.malankaralibrary.com


സ്വീകരിച്ചപ്പോൾ നമ്മുടെ അതിരൂപതയിലും ആ പുസ്തകങ്ങൾ അംഗീകരിച്ചു. അതുവരെ ഉപയോഗിച്ചിരുന്ന മലങ്കര വേദോപദേശപാഠാവലി അല്പം ഭേദഗതികളോടുകൂടി ഉപപാഠപുസ്തകമായി ഉപയോഗിച്ചു. ഇവയ്ക്കുപുറമെ 10-ാം ക്ലാസ്സിൽ വന്ദ്യ റമ്പാച്ചൻ രചിച്ച 'വേദപുസ്തകം ഒരു വിഹഗവീക്ഷണം' എന്ന പുസ്തകവും അല്മായപ്രേഷിതത്വം എന്ന ഡിക്രിയും നടപ്പിലാക്കി. അങ്ങനെ ക്രമീകൃതമായ സിലബസ്സോടുകൂടി പാഠപുസ്തകങ്ങൾ നമ്മുടെ മതബോധനവേദിയിൽ ഉപയോഗിക്കുന്നതിന് ഇന്ന് സാധിക്കുന്നത് അച്ചന്റെ അത്യദ്ധ്വാന പൂർണ്ണമായ പരിശ്രമത്തിന്റെ ഫലമായാണ്.

മതബോധനത്തിന്റെ വിജയം ഒരളവുവരെ അദ്ധ്യാപകരെ ആശ്രയിച്ചാണിരിക്കുന്നത്. ഇത് മനസ്സിലാക്കിയ ഡയറക്ടർ അച്ചൻ ഇക്കാര്യത്തിൽ സവിശേഷമായ ശ്രദ്ധ ചെലുത്തി. 1954 മുതൽ മതാദ്ധ്യാപകർക്കുവേണ്ടി ഒരാഴ്ച നീണ്ടുനില്ക്കുന്ന വാർഷിക സെമിനാർ മാർ ഈവാനിയോസ് കോളേജിൽ വച്ച് നടത്തി. 1961 ആയപ്പോഴേയ്ക്കും അദ്ധ്യാപകരുടെ സംഖ്യ വർദ്ധമാനമായതിനാൽ 1962 മുതൽ മേഖലാ കേന്ദ്രങ്ങളിൽ വച്ച് സെമിനാറുകളും ചർച്ചകളും മോഡൽ ക്ലാസ്സുകളും മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തപ്പെട്ടു. ഇക്കാലയളവിൽ മേഖലാ ഡയറക്ടർമാർ നിയമിതരായി. 1964-ൽ അതിരൂപതയെ വിവിധ വൈദിക ഡിസ്ട്രിക്റ്റുകളായി തിരിച്ചപ്പോൾ അതനുസരിച്ച് സണ്ടേസ്കൂൾ മേഖലകളും പുനഃസംഘടിപ്പിച്ചു. 1977 മുതൽ ഓരോ ഡിസ്ട്രിക്റ്റിനും ജോയിന്റ് ഡയറക്ടേഴ്സ് നിയമിതരായി. ഇപ്രകാരം ഡയറക്ടേഴ്സിന്റെയും ജോയിന്റ് ഡയറക്ടേഴ്സിന്റെയും സഹകരണത്തോടെ ഓരോ വൈദിക ഡിസ്ട്രിക്ററിലും മതാദ്ധ്യാപകർക്കായി പരിശീലന ക്ലാസ്സുകളും ചർച്ചാവേദികളും നടത്തി. അദ്ധ്യാപകരെ അവരുടെ ദൗത്യത്തെയും ഉത്തരവാദിത്വത്തെയും കുറിച്ച് ബോധവാന്മാരാകുന്നതിനുള്ള ഈ പരിശീലനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയുംകുറിച്ച് അച്ചന് വേണ്ടത്ര ഉൾക്കാഴ്ച ഉണ്ടായിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ അവയെല്ലാം ക്രമീകരിച്ചത്.

നമ്മുടെ മതബോധനരംഗത്തെ വ്യവസ്ഥാപിതമായി സംഘടിപ്പിച്ച് അതിരൂപതാ കേന്ദ്ര ഓഫീസിന്റെ കീഴിലാക്കി. മതബോധ

www.malankaralibrary.com


നത്തിൽ ഏർപ്പെട്ടിരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ച് 1972 മുതൽ സണ്ടേസ്കൂൾ അസോസിയേഷൻ പ്രവർത്തനം ആരംഭിച്ചു. സണ്ടേസ്കൂളിന്റെ പ്രധാന പ്രവർത്തനങ്ങളായ ബാലജനോത്സവം, സണ്ടേസ്കൂൾ ദിനാഘോഷം, വാർഷിക മത്സരപ്പരീക്ഷകൾ, സ്കോളർഷിപ്പുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയെല്ലാം അസോസിയേഷന്റെ ആഭിമുഖ്യത്തിലാണ് നടത്തിയിരുന്നത്. മതബോധനപ്രവർത്തനങ്ങളിൽ അല്മായരെ കൂടുതലായി പങ്കെടുപ്പിക്കുന്നതിനും പ്രബുദ്ധരാക്കുന്നതിനും അസോസിയേഷന് സാധിച്ചു. ഇതിന്റെ രൂപീകരണത്തിന് പിന്നിൽ പ്രവർത്തിച്ച അച്ചന്റെ ധിഷണാ ശക്തിയും കർമ്മകുശലതയും പ്രത്യേകം എടുത്തു പ്രസ്താവിക്കേണ്ടതാണ്.

അതിരൂപതാസണ്ടേസ്കൂൾ കേന്ദ്രം അനുക്രമം വികാസം പൂണ്ടതാണ് പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്റർ. അച്ചന്റെ ദീർഘമായ ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ് തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്ത്, എന്നാൽ നഗരത്തിന്റെ ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ്, കുറവൻകോണത്ത് തലയുയർത്തി നിൽക്കുന്ന ഈ പരിശീലനകേന്ദ്രം. ഈ കേന്ദ്രത്തിന്റെ ശില്പിയും സംവിധായകനും അച്ചൻ തന്നെയാണ്. മതാദ്ധ്യാപകർക്കുവേണ്ടിയുള്ള ഹ്രസ്വകാല, ദീർഘകാല കോഴ്സുകളും, അൾത്താരബാലന്മാർക്കുള്ള പരിശീലനങ്ങളും ബി.ഒ.സി. കോഴ്സുകളും മറ്റും ഇവിടെ വച്ച് നടത്തുന്നുണ്ട്. അങ്ങനെ മതബോധനരംഗം കൂടുതൽ സജീവമാക്കുന്നതിന് ഇതുമൂലം സാധിച്ചു. മിഷൻ രംഗത്ത് മുഴുവൻ സമയവും പ്രവർത്തിക്കുവാൻ തയ്യാറുള്ള സത്സ്വഭാവികളായ ചെറുപ്പക്കാർക്ക് പരിശീലനം നല്കി, മിഷൻ രംഗങ്ങളിലേക്ക് അയയ്ക്കുവാനുള്ള അച്ചന്റെ പ്രയത്നങ്ങൾ ഫലസംപുഷ്ടങ്ങളാക്കിത്തീർക്കുന്നതിന് സെന്ററിന് സാധിച്ചിട്ടുണ്ട്.

മലങ്കരസഭയുടെ പ്രത്യേക പരിതഃസ്ഥിതിമൂലം അക്രൈസ്തവവിഭാഗങ്ങളിൽ നിന്നും മറ്റ് ക്രൈസ്തവവിഭാഗങ്ങളിൽ നിന്നും സഭയോട് ഐക്യപ്പെടുന്നവരെ വിശ്വാസത്തിൽ ഉറപ്പിക്കുക ആവ

www.malankaralibrary.com


ശ്യമായിരുന്നു. ഇതിന് സഹായകരമായ പദ്ധതികൾ അച്ചൻ ആവിഷ്ക്കരിച്ചതിന്റെ ഫലമാണ് മലങ്കര മൊബൈൽ മിഷൻ. പ്രത്യേക പരിശീലനം ലഭിച്ച സുവിശേഷ സംഘം ആവശ്യാനുസരണം അതതു സ്ഥലങ്ങളിൽ രണ്ടും മൂന്നും ദിവസം താമസിച്ച് കൺവെൻഷൻ, ഭവനസന്ദർശനം പ്രാർത്ഥനാ ശുശ്രൂഷകൾ ഇവ നടത്തി ജനങ്ങളെ ആദ്ധ്യാത്മികമായി പ്രബുദ്ധരാക്കിയിരുന്നു. മലങ്കര മൊബൈൽ മിഷന് അതിനാവശ്യമായ നിശ്ചല ചിത്രഫിലിമുകളും, സ്ലൈഡ്സ്, മൈക്ക്സെറ്റ് മുതലായവയും ഉണ്ട്.

ആശയവിനിമയത്തിന് ശക്തിയായ മാദ്ധ്യമമാണ് പ്രസിദ്ധീകരണങ്ങൾ. മതബോധനരംഗത്ത് ഇവ വഹിച്ചുവരുന്ന പങ്ക് വളരെ വലുതാണ്. മതബോധനരംഗത്തുള്ളവരുടെ ഉപയോഗാർത്ഥം 1957-ൽ 'വേദാദ്ധ്യായന സഹായി' എന്ന ഒരു ചെറുമാസിക പ്രസിദ്ധീകരിച്ചു. എന്നാൽ അതു തുടർന്നുകൊണ്ട് പോകുന്നതിന് സാധിച്ചില്ല. അതിനെ തുടർന്നാണ് 1969-ൽ 'മലങ്കരബാലൻ' എന്നൊരു പ്രതിമാസ പ്രസിദ്ധീകരണം ആരംഭിച്ചത്. മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉള്ള രചനാപരമായ കഴിവുകൾ വളർത്തുന്നതിനും മതബോധന പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഈ മാസിക വഹിച്ചിട്ടുള്ള പങ്ക് നിരൂപമമാണ്. സഭയുടെ ജിഹ്വയായ ക്രൈസ്തവ കാഹളം മാസികയുടെ മാനേജിംഗ് എഡിറ്ററായും മത്തായി അച്ചൻ ഇക്കാലത്ത് പ്രവർത്തിച്ചിട്ടുണ്ട്.

സുവിശേഷ പ്രഘോഷണങ്ങൾക്ക് ആധുനിക ശൈലി പകർന്ന മത്തായി അച്ചൻ സുസംഘടിതവും ഉറപ്പുമുള്ളതുമായ അടിസ്ഥാനത്തോടുകൂടി മതബോധന പ്രസ്ഥാനത്തെ കെട്ടുറപ്പുള്ളതാക്കിത്തീർത്തു. 34 വർഷത്തെ പ്രഗത്ഭ പ്രവർത്തനത്താൽ നമ്മുടെ മതബോധന വേദിയിൽ, നിരവധി മുന്നേറ്റങ്ങൾ സൃഷ്ടിച്ച്, ദൂരവ്യാപകവും ഫലദായകവുമായ സേവന വീഥിയിലൂടെ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച പ്രേഷിതവരേണ്യനും അതുല്യ പ്രതിഭയുമായിരുന്നു ബഹുമാനപ്പെട്ട മത്തായി മലഞ്ചെരുവിൽ അച്ചൻ.

www.malankaralibrary.com

അദ്ധ്യായം 7

# മിഷൻ രംഗത്തെ കർമ്മയോഗി

പിന്നോക്ക പ്രദേശങ്ങളുടെ സമഗ്രവികസനം ആദ്ധ്യാത്മികതയിൽ നിന്നുകൊണ്ട് മാത്രമെ സാധ്യമാകു എന്ന തിരിച്ചറിവ് അച്ചനെ പ്രധാനമായും വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യം, സാമൂഹിക പിന്നാക്കാവസ്ഥ ഇവയ്ക്ക് പ്രാധാന്യം നൽകി പ്രവർത്തിക്കാൻ ഇടയാക്കി. അതിന് അദ്ദേഹം നൽകിയ എളുപ്പ മാർഗ്ഗം ദൈവവിശ്വാസത്തിലും ആദ്ധ്യാത്മികതയിലും ഊന്നൽ നൽകുക എന്നതാണ്.

വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകം ശ്രദ്ധിക്കാൻ അദ്ദേഹം ചെന്നെത്തിയ മിഷൻ കേന്ദ്രങ്ങളിലെ പിന്നാക്കാവസ്ഥ ചിന്തിപ്പിച്ചു. കോളെജ് വിദ്യാഭ്യാസം നേടിയ ആരും ഇല്ലായിരുന്നു. ഇത് തിരിച്ചറിഞ്ഞ അച്ചൻ ക്രിസ്ത്യാനി എന്നോ, ഹൈന്ദവൻ എന്നോ വ്യത്യാസം ഇല്ലാതെ പഠിക്കാൻ മുന്നോട്ടു വന്ന എല്ലാവർക്കും കോളേജുകളിൽ അഡ്മിഷൻ തരപ്പെടുത്തുകയും സഹായങ്ങൾ ചെയ്യുകയും ചെയ്തു. ഇംഗ്ലീഷ് അക്ഷരങ്ങൾ കുട്ടികൾക്ക് പറഞ്ഞ് പഠിപ്പിക്കാൻ അദ്ദേഹം സഹായിച്ചു. നിങ്ങളുടെ അടുത്ത തലമുറ ഉന്നതമായി ചിന്തിക്കാൻ, പട്ടിണിയാണെങ്കിലും പഠിപ്പിക്കണം എന്ന് അച്ചൻ ജനങ്ങളെ ഉപദേശിച്ചു. ഇന്ന് ഈ മിഷൻ പ്രദേശങ്ങളിലെ തലമുറകൾ ഉന്നത വിദ്യാഭ്യാസം നേടി സമൂഹത്തിൽ വിരാചിക്കുന്നു. അദ്ദേഹം സ്ഥാപിച്ച നഴ്സറി സ്കൂളുകൾക്ക് 'വിമല നഴ്സറി' എന്ന് പേരിട്ടിരുന്നു. തയ്യൽ സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 25 കുട്ടികൾ വരെ തയ്യൽ സ്കൂളിൽ പഠിച്ചിരുന്നു.

അദ്ദേഹം സേവനം ചെയ്യാൻ കടന്നുചെല്ലുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സാമ്പത്തികാവസ്ഥ അദ്ദേഹത്തെ വേദനിപ്പിച്ചു. ജനങ്ങളുടെ ജീവിതാവസ്ഥ ക്ലേശപൂർണ്ണമായിരുന്നു. തീരെ പാവപ്പെട്ട 20 കുടുംബങ്ങളെ കോർത്തിണക്കി 'സേവ് എ ഫാമിലി' പദ്ധതി നടപ്പിലാക്കി. പാവപ്പെട്ട ആളുകൾക്ക് ഇത് സഹായമായി. ആദ്യമായി ബാങ്ക് അക്കൗണ്ട് ജനങ്ങളെ കൊണ്ട് എടുപ്പിച്ചു. കല്യാണം,

www.malankaralibrary.com


വസ്തുവാങ്ങൽ, വീട് വയ്പ്പ് എന്നിവയ്ക്ക് തികയാതെ വരുന്ന തുക അച്ചൻ സ്വന്തമായി കണ്ടെത്തി നൽകിയിരുന്നു. വിധവകളായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകാനും അദ്ദേഹം പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു.

ആരോഗ്യരംഗത്ത് വളരെ മോശം അവസ്ഥയാണ് പല സ്ഥലങ്ങളിലും ഉണ്ടായിരുന്നത്. ഇത് തിരിച്ചറിഞ്ഞ അച്ചൻ ആരോഗ്യം മെച്ചപ്പെടുത്താൻ 'പോഷകാഹാരം' നൽകുന്ന പദ്ധതി ആരംഭിച്ചു. ഇതിന് രൂപാ കണ്ടെത്തിയത് മിച്ച ഫണ്ട് എന്ന അച്ചന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ചായിരുന്നു. പണം ഇത്തരം കാര്യങ്ങൾക്കും വിനിയോഗിക്കണമെന്ന് അച്ചൻ പഠിപ്പിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ജനങ്ങൾക്ക് കടന്നുവരാൻ ഇത് കാരണമായി. അസുഖ ബാധിതരെ ആശുപത്രികളിൽ കൂട്ടിക്കൊണ്ട് പോകാൻ അദ്ദേഹം മിഷൻ കേന്ദ്രങ്ങളിൽ പ്രത്യേകം ഒരുകൂട്ടം ആൾക്കാരെ ചുമതലപ്പെടുത്തിയിരുന്നു.

സാമൂഹ്യമേഖലയിലും പക്വതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കാൻ അച്ചന് സാധിച്ചിരുന്നു. വിശ്വാസികൾക്ക് വേണ്ട നീതി ലഭിക്കാൻ പോലീസ് സ്റ്റേഷനുകളിൽ കയറി അന്നുവരെയുണ്ടായിരുന്ന സങ്കല്പങ്ങളെ തിരുത്തിക്കുറിച്ചു. ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്ന റോഡ് ഉണ്ടാകണമെന്ന് അദ്ദേഹം വാദിച്ചു.

അച്ചൻ നടന്നുവരുന്നതു കാണുമ്പോൾ ഗുരുസ്വാമികൾ എഴുന്നേറ്റ് അച്ചനെ തൊഴുത് നമസ്കരിച്ചിരുന്നു. എത്ര തിരക്കിനിടയിലും വിശ്വാസികളുടെയും ജനങ്ങളുടെയും പരാതികൾ അദ്ദേഹം ശ്രവിച്ചിരുന്നു. എല്ലാ ജനങ്ങൾക്കും സുസ്സമ്മതനും പ്രിയങ്കരനുമായിരുന്നു അദ്ദേഹം. ഒരു ബഹുമുഖപ്രതിഭയായിരുന്ന അച്ചൻ ഏവർക്കും സ്വീകാര്യനായിരുന്നു.

മത്തായി അച്ചൻ സ്ഥാപിച്ചതോ, വിപുലീകരിച്ചതോ ആയ അരുവിക്കര, ഇരുമ്പ, വെള്ളായണി, കുതിരകളം, തിരുവല്ലം, പേരൂർക്കട, കുറവൻകോണം, ചെങ്കൽച്ചൂള, കഴക്കൂട്ടം, ശാസ്തമംഗലം തുടങ്ങിയ മിഷനതിർത്തികളിലുള്ള പാവപ്പെട്ടവരെ ഉദ്ധരി

www.malankaralibrary.com



ക്കുന്നതിനായി അനേകം പദ്ധതികൾ ഈ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുക, ഏതെങ്കിലും തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്ക് തൊഴിലുപകരണങ്ങൾ വാങ്ങിക്കൊടുക്കുക, ബാങ്കിന്റെ സഹായത്തോടെ തെങ്ങൊറ്റി കൊടുത്തിരിക്കുന്നവർക്ക് തിരികെ വീണ്ടെടുത്തുകൊടുക്കുക, ഉപ തൊഴിലായി കറവമാട് വാങ്ങിക്കൊടുക്കുക. ഇവയെല്ലാം മത്തായി അച്ചൻ നേതൃത്വം നല്കിവന്നിരുന്ന സാമൂഹ്യ ക്ഷേമപ്രവർത്തനത്തിന്റെ മികച്ച ഉദാഹരണങ്ങളാണ്.

മത്തായി അച്ചന്റെ ഓരോ മിഷനിലും ഓരോ നഴ്സറി സ്കൂൾ കാണാൻ സാധിക്കും. ധനസമ്പാദനത്തിനായി പട്ടണങ്ങളിൽ നടത്തുന്ന രീതിയിലുള്ളവ ആയിരുന്നില്ല അവയൊന്നും തന്നെ. പ്രത്യുത ഗ്രാമപ്രദേശങ്ങളിലുള്ള പാവപ്പെട്ട കർഷക തൊഴിലാളികളുടെ കുട്ടികളെ മാനസികമായും ബൗദ്ധികമായും അദ്ധ്യാത്മികമായും ആരോഗ്യപരമായും ഉദ്ധരിക്കുന്നതിനും അതുവഴി ഗ്രാമങ്ങളുടെ മുഖഛായ മാറ്റുന്നതിനും ഉപകരിക്കുന്ന കേന്ദ്രങ്ങളായിരുന്നു അവയെല്ലാം. അതിനാൽ തന്നെ മാസം തോറും നല്ലൊരു തുക അവയ്ക്കുവേണ്ടി കയ്യിൽ നിന്നും അച്ചൻ ചെലവാക്കിയിരുന്നു.

മത്തായി അച്ചൻ അനാരോഗ്യംമൂലം ഔദ്യോഗിക ജോലികളിൽ നിന്നും സ്ഥാനം ഒഴിഞ്ഞ ശേഷവും പല മിഷനുകളിലും ബേബി ക്രഷുകൾ തുടങ്ങുകയും നടത്തുകയും ചെയ്തിരുന്നു. പാവപ്പെട്ട സ്ത്രീ തൊഴിലാളികൾ തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി ഏല്പിച്ചിട്ട് കൂലിവേലയ്ക്ക് പോകുന്നതിനാണ് ഇത്തരം ക്രഷുകൾ സഹായകമായിരുന്നത്. കുട്ടികൾക്ക് ഭക്ഷണം നൽകുക, ഡോക്ടറെ മാസംതോറും കൊണ്ട് വന്ന് ആരോഗ്യം ഉറപ്പ് വരുത്തുക, കുട്ടികളെ നോക്കുന്ന ആയമാർക്ക് ശമ്പളം കൊടുക്കുക ഇവയെല്ലാം സ്വന്തമായി രൂപ മുടക്കി അച്ചൻ നിർവഹിച്ചിരുന്നു.

"രണ്ടായിരം ആണ്ടിൽ എല്ലാവർക്കും ആരോഗ്യം" ഈ മുദ്രാവാക്യം മുറുകെ പിടിച്ചുകൊണ്ട് കുഗ്രാമങ്ങളിൽ പോഷകാഹാരം ലഭ്യമാകാത്ത കുട്ടികൾക്ക് പോഷകാഹാരം കൊടുക്കുന്നതിനുള്ള പദ്ധതി അനുസരിച്ച് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന

www.malankaralibrary.com


തിനും അമ്മമാർക്ക് കുട്ടികളെ ആരോഗ്യത്തോടെ വളർത്തുന്നതിനുതകുന്ന ക്ലാസ്സുകൾ കൃത്യമായി എടുക്കുന്നതിനും ഉള്ള പരിപാടികൾ അച്ചൻ ആസൂത്രണം ചെയ്ത് നടത്തിയിരുന്നു.

പലരിലും കാണാത്ത ഒരു സവിശേഷതയാണ് ''വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക''യെന്നത്. ബഹു. മത്തായി അച്ചൻ ഇതിൽ നിന്നും ഒരുപടികൂടി മുന്നിലായിരുന്നു. ഭക്ഷണസമയത്ത് ചെന്നാൽ അച്ചന്റെ വീതം ഭാഗിച്ച് തരുന്നത് ഒരു സവിശേഷതയായിരുന്നു. മൊബൈൽ മിഷന് പോകുമ്പോൾ എന്തെങ്കിലും ആഹാരസാധനം വാങ്ങി അപ്പൻ മക്കൾക്കെന്നപോലെ കൂടെയുള്ളവർക്ക് നൽകുമായിരുന്നു. ക്യാമ്പു നടത്തുമ്പോൾ എല്ലാവരുടേയും അടുത്ത് പോയി വിളമ്പുകയും നിർദ്ദേശം നൽകുകയും ഭക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന മത്തായി അച്ചനെ നമുക്ക് മറക്കാനാവില്ല. എന്താവശ്യത്തിനും ബ. അച്ചനെ സമീപിച്ചാലും അതു നിറവേറ്റാതെ മടക്കി വിട്ടിരുന്നില്ല.

'സേവ് എ ഫാമിലി' (Save a family) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയോ കുടുംബങ്ങളെ അച്ചൻ ഉദ്ധരിച്ചിട്ടുണ്ട്. എത്രയോ വിധവകളുടെ പെൺമക്കൾക്ക് മംഗല്യഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. നിത്യവൃത്തിക്ക് വകയില്ലാത്തവർക്ക് അത്താണിയായിട്ടുണ്ട്.

സമൂഹത്തിൽ പാവപ്പെട്ടവരായിരുന്ന സൽസ്വഭാവികളായ യുവാക്കളെ തിരഞ്ഞെടുത്ത് മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പരിശീലനം നൽകി, അതിരൂപതയുടെ പല മിഷനുകളിൽ ട്രയിന്റ് കാറ്റിക്കിറ്റ്സ് ആയി നിയമിച്ചിട്ടുണ്ട്. അവരുടെ ഉന്നമനത്തിനായി അച്ചൻ ദീർഘവീക്ഷണത്തോടെ ആരംഭിച്ചതാണ് വെൽഫയർഫണ്ട്. വികാരിയച്ചന്റെ ശുപാർശയോടെ അപേക്ഷ കൊടുത്താൽ ടി ഫണ്ടിൽ നിന്നും 5000 രൂപാ ഉടനെ വായ്പയായി ലഭിക്കും. ഇത് സാമ്പത്തിക അഭിവൃദ്ധിയ്ക്ക്, വീട് നിർമ്മാണം, കടം തീർക്കൽ, വസ്തു സമ്പാദനം, കറവമാട് വാങ്ങൽ എന്നിവയ്ക്ക് പ്രയോജനം ചെയ്തിട്ടുണ്ട്. പാവപ്പെട്ടവരെ ഉദ്ധരിക്കാൻ ഈ പദ്ധതിമൂലം വളരെയധികം പ്രയോജനം ഉണ്ടാകുന്നുണ്ട്.

www.malankaralibrary.com


നെയ്യാറ്റിൻകര വൈദിക ഡിസ്ട്രിക്ടിന്റെ വടക്കൻ മിഷനുകൾ പലതും അഭിവൃദ്ധിയില്ലാതെ കഴിയുന്നവയാണ്. പല സ്ഥലത്തും താല്ക്കാലിക ഷെഡുകളിലാണ് അന്ന് ആരാധന നടന്നിരുന്നത്. പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റാൻ സാഹചര്യം ഇല്ലാത്ത ഈ സ്ഥലങ്ങളിൽ ആരോഗ്യം പരിഗണിക്കാതെ രാവിലെ വരിക, ഭവനസന്ദർശനം നടത്തുക, വൈകുന്നേരം വി. കുർബാന അർപ്പിക്കുക, അതിനുശേഷം സുവിശേഷയോഗവും തുടർന്ന് സിനിമാപ്രദർശനവും നടത്തി രാത്രി 11 മണിക്ക് ശേഷം മടങ്ങിപോകുക എന്നതായിരുന്നു പതിവ്. പാവപ്പെട്ടവരുടെ ഓല മറച്ച കുടിലുകളിൽ പോയിരുന്ന് അവരോടൊത്ത് ഭക്ഷണം കഴിക്കുക, തമാശകൾ പറയുക ഇവയെല്ലാം അച്ചന് സന്തോഷപ്രദമായിരുന്നു. ഇത്തരം പാവപ്പെട്ട മിഷനുകൾ തിരഞ്ഞെടുക്കാൻ കൂടെയുള്ളവരോട് പ്രത്യേകം നിർദ്ദേശിക്കുമായിരുന്നു. കാരണം പാവങ്ങളുടെ ഉദ്ധാരണമായിരുന്നു മത്തായി അച്ചന്റെ ജീവിതവ്രതം. അവരുടെ സാമീപ്യമായിരുന്നു. അച്ചന്റെ സന്തോഷം.

ഇങ്ങനെ പാവങ്ങളുടെ ഉന്നമനത്തിനായി സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ, നഴ്സറി ക്രഷുകൾ, M. C. H. പ്രോഗ്രാം, Save a family, വെൽഫയർ ഫണ്ട് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി അർപ്പണമനോഭാവത്തോടെ നേതൃത്വം കൊടുത്ത "പാവങ്ങളുടെ അത്താണിയായിരുന്നു അച്ചൻ."

ഓരോ വ്യക്തിയെയും ദൈവം വിളിക്കുന്നു, വേർതിരിക്കുന്നു, നിയോഗിക്കുന്നു, തനിക്കുമാത്രമുള്ള ദൗത്യനിർവഹണത്തിനായി. ഇപ്രകാരം ഒരു പ്രത്യേക കാലഘട്ടത്തിൽ മഹാദൗത്യം ഏല്പിക്കപ്പെട്ട വ്യക്തിയാണ് പ്രേഷിതവരേണ്യനും കർമ്മയോഗിയും ശാന്തഹൃദയനും സാത്വികനും ആത്മീയതീഷ്ണമതിയും മരിയഭക്തനും വേദപ്രചാരകനും പ്രകൃതി ആസ്വാദകനും ആദ്ധ്യാത്മിക ഉൾക്കാഴ്ച ഉള്ളവനും ലാളിത്യത്തിന്റെ നിറകുടവുമായ ബഹു. മത്തായി മലഞ്ചരുവിൽ അച്ചൻ.

www.malankaralibrary.com

അദ്ധ്യായം 8

# ബി. ഒ. സിയും മതബോധന പരിശീലനവും

1981-ൽ തിരുവനന്തപുരം അതിരൂപതയിൽ ബി.ഒ.സി. പ്രോഗ്രാമിന് ആരംഭംകുറിച്ചുവെന്നു പറയാം. അന്ന് ഇതിന് പ്രത്യേകമായ ഒരു രൂപമോ ബി.ഒ.സി. (ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ്) എന്ന പേരോ ഉണ്ടായിരുന്നില്ല. മത്തായി അച്ചനോടൊപ്പം രണ്ട് ബഥനി സിസ്റ്റേഴ്സ് അവധിക്കാലമിഷൻ പ്രവർത്തനത്തിനായി കുര എന്ന മിഷൻ സ്ഥലത്ത് പള്ളിയിൽ പോയി. അവിടെ ഒരുമിച്ചുകൂടിയിരുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും ക്ലാസ്സുകൾ എടുത്തു. ഈ സിസ്റ്റേഴ്സിന്റെ ഓർമ്മയിൽ നിന്നുള്ള ഭാഗം താഴെ ചേർക്കുന്നു.

ഇടയ്ക്ക് അവരെ ഉന്മേഷഭരിതനാക്കുന്നതിനായി ഞങ്ങളും അവരും ചേർന്ന് കൈകൊട്ടിപ്പാടി. ഒപ്പം ചെറിയ ചുവടുകൾ വച്ച് നീങ്ങാനും തുടങ്ങി. അച്ചൻ തന്നെ ഇതിന് നേതൃത്വം കൊടുത്തതിനാൽ സിസ്റ്റേഴ്സും കുഞ്ഞുങ്ങളും മാതാപിതാക്കളും ഒന്നടങ്കം എല്ലാം മറന്ന് അത് ആവർത്തിച്ചു. എല്ലാവർക്കും ഇത് നല്ല ഒരു ഉപാധിയായി അനുഭവപ്പെട്ടു. ഏതാനും ദിവസങ്ങൾകൊണ്ട് അവിടുത്തെ മിഷൻ പ്രവർത്തനം വിജയകരമായി അവസാനിച്ചു.

അതേവർഷം തന്നെ എസ്. വർഗ്ഗീസ് അച്ചൻ കലയപുരത്ത് കുട്ടികൾക്കായി ഒരു മതപരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. അച്ചന്റെ നേതൃത്വത്തിൽ ഇതേ പരിശീലനങ്ങൾ ഞങ്ങൾ അവിടെയും നൽകി. കളികളോടൊപ്പം ക്ലാസ്സുകൾ വളരെ പുരോഗമിക്കുന്നതായി തോന്നി. അതിനുശേഷം പട്ടാഴിയിൽ ബ. എസ്. വർഗീസ് അച്ചൻ തന്നെ ചുറ്റുപാടുമുള്ള കുട്ടികളെ (വിവിധ ഇടവകകളിലെ) സംഘടിപ്പിച്ച് ഒരു അവധിക്കാല ക്യാമ്പ് ക്രമീകരിച്ചു. 150-ൽ പരം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പിനെ നേതൃത്വം നൽകാനായി അച്ചൻ ഏതാനും ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനേയും വിളിച്ചുവരുത്തി. അന്ന് ബ്രദേഴ്സായിരുന്ന ജോൺസൺ ചരുവുകാലായിൽ, ഇമ്മാനുവേൽ ബംഗ്ലാവിൽ, ദാനിയേൽ മാണികുളം, എസ്.ഐ.സി. സിസ്റ്റേഴ്സ് ആയ

www.malankaralibrary.com


ഹ്യുമിലീനാ, അഗാപെ, പരിമള എന്നിവരുമായിരുന്നു ക്ഷണിക്കപ്പെട്ട വ്യക്തികൾ. ബ. അച്ചൻ തന്നെ ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. പഠിപ്പിക്കേണ്ട വിഷയങ്ങൽ, മറ്റു പരിപാടികൾ എല്ലാം അച്ചൻ തന്നെ ക്രമപ്പെടുത്തിതന്നു. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുമ്പുള്ള ഗാനപരിശീലനം, ഇടയ്ക്കുള്ള ചെറിയ കളികൾ, അഭിനയഗാനം ഇതെല്ലാം ഈ ക്യാമ്പിലെ അവശ്യഘടകങ്ങളായി ഞങ്ങൾക്ക് ബോധ്യപ്പെട്ടു. 15 ദിവസത്തോളം നീണ്ടുനിന്ന ആ ക്യാമ്പ് വളരെ വേഗം അവസാനിച്ചതുപോലെ കുട്ടികൾക്ക് തോന്നി. അവസാന ദിവസം കന്യാകുമാരിയിലേക്ക് ഒരു ഉല്ലാസയാത്രയും നടത്തിയാണ് ക്യാമ്പ് സമാപിച്ചത്.

സ്കൂൾ അധ്യാപകരായ ഞങ്ങൾക്കും സെമിനാരി വിദ്യാർത്ഥികളായ ബ്രദേഴ്സിനും വിശ്രമത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഈ അവധിക്കാലം നമ്മുടെ കുഞ്ഞുങ്ങളുടെ ഇത്തരത്തിലുള്ള ആത്മീയ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തണം എന്ന തീരുമാനത്തോടെയാണ് ഞങ്ങൾ അവിടെനിന്നും തിരികെ പോയത്. പിന്നീടുള്ള വർഷങ്ങളിൽ ബ. ജോൺസൺ അച്ചൻ (അന്ന് അച്ചൻ ആയില്ല.) തന്നെ അതിന് മുൻകൈ എടുത്തു. ക്യാമ്പിൽ സംബന്ധിക്കുന്ന കുട്ടികൾക്കെല്ലാം വിതരണം ചെയ്യത്തക്കതുപോലെ ബാഡ്ജും സർട്ടിഫിക്കറ്റും അടിക്കുന്ന ചുമതല അച്ചനും ബി.ഒ. സി. ഗാനങ്ങൾ അച്ചടിക്കുന്ന ചുമതല ഞാനും ഏറ്റെടുത്തു. ഈ കാര്യത്തിൽ എന്റെ അധികാരികൾ വേണ്ടത്ര സഹായവും പ്രോത്സാഹനവും എനിക്കു നൽകി എന്നു പറയുന്നതിൽ വളരെ സന്തോഷമുണ്ട്. അല്പംകൂടെ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുവേണ്ടി ക്രമീകൃതമായ ഒരു പാഠ്യപദ്ധതിയും ബി.ഒ.സി. എന്ന നാമവും ബ. ജോൺസൺ അച്ചൻ തന്നെയാണ് ആവിഷ്ക്കരിച്ചത്. ഈ വിധത്തിൽ കുളത്തൂപ്പുഴ ഊന്നുകൽ, ഏറത്തുമ്പമൺ, മഞ്ഞക്കാലാ ഇവിടങ്ങളിൽ നടത്തപ്പെട്ട ആദ്യസംരംഭങ്ങൾ തന്നെ വളരെ വിജയത്തിലെത്തി. കൂടുതൽ സ്ഥലങ്ങളിലേക്ക് ക്യാമ്പ് ആവശ്യപ്പെടാൻ തുടങ്ങിയതിനാൽ കൂടുതൽ ബ്രദേഴ്സും സിസ്റ്റേഴ്സും ഈ രംഗത്തേക്ക്

www.malankaralibrary.com


കടന്നുവന്നു. കോശി അയ്യനേത്ത്, വർക്കി ആറ്റുപുറത്ത്, ജോൺ കൊച്ചുതുണ്ടി, ജോൺ തുണ്ടിയത്ത് എന്നീ ബ്രദേഴ്സിന്റെ പ്രവർത്തനങ്ങൾ ബി.ഒ.സി.യെ വളരെ വളർത്തിയിട്ടുണ്ട്. ക്യാമ്പിന് പോകുന്നതിനുമുമ്പ് ഒരു ഓറിയന്റേഷൻ ആവശ്യമാണെന്ന് സിസ്റ്റേഴ്സ് തന്നെ ആവശ്യപ്പെട്ടതിന്റെ പേരിൽ ജോൺസൺ അച്ചൻ ബഥനി സിസ്റ്റേഴ്സിന് നങ്ങ്യാർകുളങ്ങര മഠത്തിൽവച്ച് ഒരു ഓറിയന്റേഷൻ നൽകുകയുണ്ടായി.

ഇത്തരത്തിൽ 5 വർഷം വളരെ കാര്യക്ഷമമായ വിധത്തിൽത്തന്നെ ക്യാമ്പുകൾ നടന്നു. ഏതാനും ചില സ്ഥലങ്ങളിൽ മാത്രമായി ഇതിന്റെ പ്രവർത്തനങ്ങൾ ഒതുങ്ങി നിൽക്കാതെ നമ്മുടെ അതിരൂപത മുഴുവൻ ഇത് വ്യാപിപ്പിക്കണം എന്ന ആഗ്രഹത്തോടെ മത്തായി അച്ചൻ ഇതിന്റെ ചുമതല ഏറ്റെടുത്തു. കുറവൻകോണത്ത് പരിശീലനം നേടുന്ന ആളുകളെയും സിസ്റ്റേഴ്സിനെയും അവധിക്കാലത്ത് കിട്ടാവുന്ന ബ്രദേഴ്സിനെയും എല്ലാം ഈ കാര്യത്തിൽ സംഘടിപ്പിച്ചാൽ വളരെ വിപുലമായി പ്രവർത്തിക്കാൻ സാധിക്കും എന്ന് മത്തായി അച്ചൻ മനസ്സിലാക്കി. അന്നുമുതൽ അച്ചൻ ഈ കാര്യത്തിൽ വളരെ തത്പരനായിരുന്നു. 1987, 1988 വർഷങ്ങളിൽ അവധിക്കാലത്ത് സിസ്റ്റേഴ്സ്, ബ്രദേഴ്സ്, മതാദ്ധ്യാപകർ, ഉപദേശിമാർ ഇവരെ സംഘടിപ്പിച്ച് കുറവൻകോണത്ത് താമസിപ്പിച്ച് രണ്ടു ദിവസത്തെ പരിശീലനം നൽകുക എന്ന ഭാരിച്ച ചുമതല അച്ചൻ ഏറ്റെടുത്തു ചെയ്തു. അതിനു ഏതാനും മാസങ്ങൾക്കുമുമ്പുതന്നെ ഇതിന്, ആവശ്യമായ കമ്മറ്റി രൂപീകരിക്കുക, പാഠ്യവിഷയങ്ങൾ തിരഞ്ഞെടുക്കുക, ക്ലാസ്സുകൾ എടുക്കുവാൻ പ്രഗത്ഭരായ വ്യക്തികളെ കണ്ടുപിടിക്കുക തുടങ്ങിയവ അച്ചൻ ക്രമീകരിച്ചിരുന്നു. ഈ വർഷങ്ങളിലെല്ലാം വൈദികർ ആവശ്യപ്പെട്ട എല്ലാ സ്ഥലങ്ങളിലും പോയി ക്യാമ്പുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വർഷവും 35-നും 40-നും ഇടയ്ക്ക് ക്യാമ്പുകൾ നടന്നിട്ടുണ്ട്. പഠിപ്പിക്കുന്നതിനും ക്യാമ്പംഗങ്ങൾക്ക് അദ്ധ്യാപക സഹായി, ബാഡ്ജ്, ആവശ്യമായതുമായ അറ്റൻഡൻസ് ഷീറ്റ്, അറ്റൻഡൻസ് കാർഡ്, സർട്ടിഫിക്കറ്റ്, ബി.ഒ.സി. ഗാനങ്ങൾ ഇതെല്ലാം തയ്യാറാക്കി വളരെ കൃത്യമായി

www.malankaralibrary.com



അച്ചടിച്ച് വിതരണം ചെയ്യുന്നതിന് അച്ചന് സാധിച്ചിട്ടുണ്ട്. അതിന്റെ അഭിവൃദ്ധി ഈ രംഗത്തുണ്ടായിട്ടുണ്ടെന്ന് സിസ്റ്റർ പാസ്കൽ എസ്. ഐ.സി. നന്ദിയോടെ സ്മരിക്കുന്നു.



**വിതുരയിലെ ആദ്യകാല പള്ളി**

www.malankaralibrary.com

അദ്ധ്യായം 9

# പ്രേഷിതവരേണ്യനായ മത്തായി അച്ചൻ, തിരുവല്ലം ഇടവകയുടെ സൂര്യതേജസ്സ്



മത്തായിച്ചൻ സ്ഥാപിച്ച തിരുവല്ലം പള്ളി മാറ്റി സ്ഥാപിച്ചപ്പോൾ



ഫാ. മത്തായി മലഞ്ചരുവിൽ മെമ്മോറിയൽ പാരിഷ് ഹാൾ

ചരിത്രപ്രസിദ്ധമായ പുനരൈക്യം ആയിരത്തിത്തൊള്ളായിരത്തിമുപ്പതാമാണ്ടിലായിരുന്നു. അതിന് മൂന്ന് വർഷങ്ങൾക്ക് ശേഷം

www.malankaralibrary.com


ഭാഗ്യസ്മരണാർഹനായ കുമ്പഴ ഫീലിപ്പോസച്ചൻ തിരുവല്ലത്തെ തിനവിള എന്ന സ്ഥലത്തെത്തുന്നതോടെയാണ് തിരുവല്ലം ഇടവക മലങ്കര സഭാചരിത്രത്തിന്റെ ഭാഗമാകുന്നത്. വിശ്വാസികൾ ഒരുമിച്ചു ചേർന്നുള്ള ആരാധന ഈ കാലയളവിൽ നടന്നിരുന്നു. പിന്നീട് 1950 കാലഘട്ടത്തിൽ പല കാരണങ്ങളാൽ ദൈവാലയം മാറ്റി സ്ഥാപിക്കപ്പെട്ടു. വെള്ളായണി മിഷൻ എന്നായിരുന്നു തിരുവല്ലം മിഷൻ അന്ന് അറിയപ്പെട്ടിരുന്നത്.

1959-ൽ വിമോചന സമരത്തിന്റെ പേരിൽ കേരളത്തിലെ അന്നത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ സസ്പെന്റ് ചെയ്തപ്പോൾ, അടുത്ത ഇലക്ഷനുവേണ്ടി വോട്ടർപ്പട്ടിക തയ്യാറാക്കാൻ ഏല്പിച്ചിരുന്നത് പട്ടത്തെ സെന്റ് മേരീസ് പ്രസ്സിലായിരുന്നു. അങ്ങനെയാണ് മത്തായി മലഞ്ചരുവിലച്ചന്റെ ശ്രദ്ധയിൽ തിരുവല്ലം പെടുന്നത്. പ്രസ്സിന്റെ മാനേജരായ അച്ചൻ ലിസ്റ്റ് ശരിയായി പഠിക്കുവാൻ തുടങ്ങി. ക്രൈസ്തവരായ ആൾക്കാർ ഉണ്ടോ എന്ന് സന്ദേഹിച്ച അദ്ദേഹം ക്രൈസ്തവ നാമമുള്ള ആരെയും കണ്ടില്ല. ഇത് ക്രാന്തദർശിയായ മത്തായി അച്ചനെ ചിന്തിപ്പിച്ചു. ലിസ്റ്റ് ശരിയായി പഠിച്ച ശേഷം മത്തായി മലഞ്ചെരുവിലച്ചൻ ഈ പ്രദേശത്ത് നേരിട്ടെത്തി. ഊർജ്ജസ്വലമായ തിരുവല്ലം ഇടവകയുടെ പുതിയ ചരിത്രം അങ്ങനെ ആരംഭിച്ചു.

പട്ടത്തുനിന്നും സൈക്കിൾ ചവിട്ടി എത്തുന്ന അച്ചന് തിരുവല്ലം ജംഗ്ഷനിൽ നിന്നും അവികസിതമായ തിനവിള പ്രദേശത്ത് ഗതാഗത സൗകര്യം ഒട്ടുമില്ലാത്ത സ്ഥലത്ത് എത്തിപ്പെടുന്നത് വലിയ ഒരു പ്രശ്നം ആയിരുന്നു. മുള്ളും മുരടും മൂർഖനും നിറഞ്ഞ ദുർഘടവഴികളിലൂടെ കിലോമീറ്ററുകൾ കടന്ന് ആരാധനയ്ക്കായി ജനങ്ങളെ അണിനിരത്തുക വലിയ വെല്ലുവിളിയായിരുന്നു. 1964-ൽ ഒറ്റി വാങ്ങിയ സ്ഥലത്ത് ഷെഡ് വച്ച് ആദ്യത്തെ ആരാധന നടത്തി. വളർന്നും തളർന്നും കുതിച്ചും കിതച്ചും മിഷന്റെ പ്രവർത്തനം അച്ചൻ മുന്നോട്ട് കൊണ്ടുപോയി.1970-ൽ വെണ്ണിയൂരിൽ നിന്നുള്ള

www.malankaralibrary.com


സിസ്റ്റേഴ്സിനെ ശുശ്രൂഷയ്ക്കായി കൊണ്ടുവന്ന് പ്രവർത്തനങ്ങളെ അച്ചൻ ശക്തമാക്കി. ക്രിസ്തീയ അടിസ്ഥാനത്തിൽ, പരിശീലിക്കപ്പെട്ട ആരാധനയിലും ഭക്താഭ്യാസങ്ങളിലും ജനങ്ങളെ സജീവമാക്കി നിറുത്താൻ മലഞ്ചെരുവിലച്ചന് സാധിച്ചു. 1979-ൽ പള്ളിക്ക് സ്വന്തമായി സ്ഥലം വാങ്ങുകയും അവിടെ ഇന്നത്തെ തിരുവല്ലം പള്ളി സ്ഥാപിക്കുകയും ചെയ്തു.

തിരുവല്ലം ഇടവകയുടെ എല്ലാമെല്ലാമായ അച്ചൻ 27 വർഷക്കാലം ഇടവക വികാരിയായിരുന്നു. ഓർമ്മകളുടെ ചെപ്പിൽ വച്ച് മറന്ന് പോയ ഒരാളല്ല തിരുവല്ലം ഇടവകക്കാർക്ക് അച്ചൻ. ഹൃദയത്തിലാണ് മത്തായി അച്ചന്റെ സ്ഥാനം. പല തലമുറകൾ കഴിഞ്ഞിട്ടും അതിന് മാറ്റമില്ല. അച്ചൻ ഇടവകയിലെ എല്ലാ കുടുംബങ്ങളും സന്ദർശിക്കുന്നത് പതിവായിരുന്നു. നല്ല ഇടയൻ ആടുകളെ പേര് ചൊല്ലി വിളിക്കുന്നതുപോലെ ഓരോ ഭവനത്തിലെ അംഗങ്ങളെ പേര് ചൊല്ലി വിളിക്കുമായിരുന്നു. അവർക്ക് പിതാവും സഹോദരനും വഴികാട്ടിയും ഊർജ്ജസ്വലനായ നേതാവുമായിരുന്നു അച്ചൻ. പരിഹരിക്കാൻ പറ്റാത്ത പ്രശ്നങ്ങൾ അച്ചന് ഇല്ലായിരുന്നു. പുഞ്ചിരിക്കുന്ന മുഖം ജനങ്ങൾക്ക് സന്തോഷം മാത്രം നൽകി. ആരെയും പിണക്കാത്ത വ്യക്തിത്വം പട്ടിണിയുടെ തീരാത്ത കയങ്ങളിൽപ്പെട്ടവർക്ക് മഞ്ഞ മാവും ചക്കയും മാങ്ങയും പലതരം പഴങ്ങളും എണ്ണയുമായി അച്ചൻ വന്നിരുന്നു. അച്ചന് ചുറ്റും കുട്ടികൾ എപ്പോഴുമുണ്ടായിരുന്നു. ആർക്കെങ്കിലും വിശക്കുന്നത് അച്ചന് സഹിക്കുന്നതിലും അപ്പുറമായിരുന്നു.

തിരുവല്ലം ഇടവകയിൽ അച്ചൻ സേവനമനുഷ്ഠിക്കുന്ന കാലഘട്ടത്തിൽ അദ്ദേഹം മതബോധനപ്രസ്ഥാനത്തിന്റെ ഡയറക്ടറായിരുന്നു. പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്ററിൽ നിന്നുമാണ് അദ്ദേഹം തിരുവല്ലം ഇടവകയിൽ എത്തിയിരുന്നത്. പല ദിനങ്ങളിലും മദ്ധ്യാഹ്ന ഭക്ഷണം അദ്ദേഹം ഉപേക്ഷിച്ചിരുന്നു. പ്രഭാത പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുക, വി. കുർബാനയർപ്പണം, ദീർഘ

www.malankaralibrary.com



മായ കുർബാന പ്രസംഗം, മാതാപിതാക്കൾക്ക് ക്ലാസ്സെടുക്കൽ എന്നിവയെല്ലാം മുടക്കംകൂടാതെ അച്ചൻ ചെയ്തിരുന്നു. സൺഡേസ്കൂൾ കുട്ടികൾ കൊണ്ടുവന്ന പൂവിന് മാർക്കിടുകയും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് മാസം തോറും സമ്മാനവും നൽകിയിരുന്നു.

വിദ്യാഭ്യാസമേഖലയിൽ കൂടുതൽ ഊന്നൽ കൊടുക്കാൻ അദ്ദേഹം തിരുവല്ലം പ്രദേശത്തു നിന്നും ആരും കോളേജ് വിദ്യാഭ്യാസം നടത്തിയിരുന്നില്ല എന്ന് മനസ്സിലാക്കി. ഒരു ഹൈന്ദവ സഹോദരന് മാർ ഈവാനിയോസിൽ അഡ്മിഷൻ വാങ്ങി നൽകി. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റാൻ 'വിമല' നഴ്സറി സ്കൂൾ സ്ഥാപിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരായിരുന്നു ഇടവകജനങ്ങൾ. അതിന് പരിഹാരമായി 20 ഓളം (എല്ലാ മതക്കാരെയും) ഉൾപ്പെടുത്തി സേവ് എ. ഫാമിലി ആരംഭിച്ചു. സ്ത്രീകൾക്കും വിധവകൾക്കുമായി തയ്യൽ പരിശീലനകേന്ദ്രം ആരംഭിച്ചു. പോഷകാഹാരക്കുറവ് മനസ്സിലാക്കി കുട്ടികൾക്കും അമ്മമാർക്കുമായി 'പോഷകാഹാര പദ്ധതി' നടപ്പാക്കി.

ജാതിമതഭേദമന്യേ എല്ലാവർക്കും മത്തായി അച്ചൻ അച്ചനായിരുന്നു. നീതി വിഷയങ്ങളിൽ ജനങ്ങൾക്കായി പല പ്രാവശ്യം പോലീസ് ഉദ്യോഗസ്ഥരുമായി അദ്ദേഹം സംസാരിച്ചു. അച്ചൻ റോഡിലൂടെ നടന്നുവരുന്നത് കാണുമ്പോൾ സ്ഥലത്തെ 'ഗുരുസ്വാമികൾ' എഴുന്നേറ്റ് വന്ന് അച്ചനെ തൊഴുത് നമസ്കരിക്കുമായിരുന്നു. തിരുവല്ലം ഇടവകയുടെ സമഗ്ര പുരോഗതിക്കുവേണ്ടി നിലകൊണ്ടിരുന്ന അച്ചന്റെ ഓർമ്മ നിലനിർത്തുന്നതിന് ഫാ. വർഗീസ് കാലായിൽ വടക്കേതിൽ വികാരി ആയിരുന്നപ്പോൾ ഫാ. മത്തായി മലഞ്ചരുവിൽ മെമ്മോറിയൽ പാരിഷ് ഹാളും വിദ്യാഭ്യാസ എൻഡോവ്മെന്റും നടപ്പിലാക്കി. ജനങ്ങളെ നയിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്ന അച്ചൻ ഇന്നും തിരുവല്ലത്തെ ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ഇപ്പോൾ എല്ലാ വർഷവും തിരുവല്ലം ഇടവകയിൽ നിന്നും ആളുകൾ മത്തായി

www.malankaralibrary.com


അച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ഉള്ളന്നൂർ പള്ളിയിലേക്ക് തീർത്ഥാടന യാത്ര നടത്തുന്നത് പതിവാണ്.



**(തിരുവല്ലം തിരുഹൃദയ ദേവാലയം 2002 – ൽ പുതുക്കിപണിതപ്പോൾ)**

www.malankaralibrary.com

അദ്ധ്യായം 10

# അച്ചൻ സ്ഥാപിച്ച ഇടവകകൾ

## ആനപ്പെട്ടി



തിരുവനന്തപുരത്തിന്റെ വ്യാപാരവിപണിയെന്നറിയപ്പെട്ടിരുന്ന നെടുമങ്ങാട്, പച്ചപ്പിന്റെ മാസ്മരികത നിറഞ്ഞ് എപ്പോഴും കുളിർമ്മ യുള്ള തെന്നൽ മാടി വിളിക്കുന്ന നല്ല തണുത്ത കാലാവസ്ഥ. ഇതാ യിരിക്കണം വടക്കുനിന്നുള്ള റബർ കർഷകരെ നെടുമങ്ങാടിന്റെ വിവിധ സ്ഥലങ്ങളിൽ കുടിയേറി കൃഷി ചെയ്യാൻ പ്രേരിപ്പിച്ചത്. റബർ ഉൽപ്പന്നങ്ങളും മറ്റു കാർഷിക ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ ഏറ്റവും യോജ്യമായ വിപണിയായിരുന്നു നെടുമങ്ങാട് മാർക്കറ്റ്, നെടുമങ്ങാട് നിന്നും ഉള്ളിലായി സ്ഥിതി ചെയ്യുന്ന യാത്രാ സൗകര്യം തീരെ കുറഞ്ഞ പ്രദേശമാണ് ആനപ്പെട്ടി. കൃത്യമായി പറഞ്ഞാൽ നെടുമങ്ങാട് നിന്നും ആനപ്പെട്ടിയിൽ എത്താൻ 12 കിലോ മീറ്റർ. ആയതിനാൽത്തന്നെ മിഷ്ണറി പ്രവർത്തനം ഈ മേഖല യിൽ നടന്നിരുന്നില്ല. പുരാതന ക്രൈസ്തവരായ സുറിയാനി ക്രിസ്ത്യാനികൾക്ക് ഈ മേഖലയിൽ ധാരാളം തോട്ടങ്ങൾ ഉണ്ടാ യിരുന്നു. കൃഷിയാവശ്യങ്ങൾക്കായി വന്നവർ ഇവിടെ സ്ഥിരതാമ സമാക്കി. എല്ലാത്തരം കൃഷിയും ചെയ്യാനുള്ള മണ്ണ് എന്നത് അവരെ ഈ പ്രദേശത്തെ സ്നേഹിക്കാൻ കൂടുതൽ കാരണമായി. എന്നാൽ പള്ളിയിൽ പോകാനോ ദൈവവചന ശുശ്രൂഷകളിൽ പങ്കെടു

www.malankaralibrary.com


ക്കാനോ കൗദാശികജീവിതം നയിക്കാനോ ഒരു പള്ളി പോലും ഈ പ്രദേശത്തില്ലായിരുന്നു.

വ്യാപാരാവശ്യങ്ങൾക്കായി പട്ടത്ത് എത്തിയ ഇവരിൽ കുറെപ്പേർ പട്ടം അരമനയിൽ കയറി ഈ ആവശ്യം ഉന്നയിച്ചു. ഇതറിഞ്ഞ ഫാ. മത്തായി മലഞ്ചരുവിൽ അവരോട് കൃത്യമായ സ്ഥലം ചോദിച്ചറിയുകയും എത്രയും വേഗം ഞാൻ എത്താം എന്ന് പറയുകയും ചെയ്തു. ഒരു ശനിയാഴ്ച ദിവസം അച്ചൻ ആനപ്പെട്ടി ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. അച്ചൻ 1966-ലാണ് ആനപ്പെട്ടി മലങ്കര കത്തോലിക്ക ദേവാലയം സ്ഥാപിക്കുന്നതിന് പുറപ്പെട്ടത് എന്ന് നാം ഓർക്കണം. നെടുമങ്ങാട് ബസ്സ് ഇറങ്ങിയ അദ്ദേഹം ജീപ്പിൽ തൊളിക്കോട് എത്തി. അവിടെ നിന്നും ദുർഘടമായ പാതയിലൂടെ മുന്നോട്ട് അന്ന് ജനജീവിതം ദുസഹമായതിനാൽ താമസിച്ചിരുന്ന ആൾക്കാർ വളരെ കുറവായിരുന്നു. ഓരോ ചുവടും മത്തായി അച്ചൻ മുന്നോട്ട്, വച്ച് മനോഹരമായ കാഴ്ചകൾ ആസ്വദിച്ച് ആനപ്പെട്ടിയിലെത്തി. 5 സെന്റ് സ്ഥലം സംഭാവനയായി നൽകിയാൽ പള്ളിപ്പണി ആരംഭിക്കാം എന്ന അച്ചന്റെ വാക്കുകൾ അവിടെ കൂടിയവർ സ്വാഗതം ചെയ്തു. അന്ന് യുവാവായിരുന്ന നെടുമങ്ങാട് വൈദിക ജില്ലയുടെ ആദ്യ സണ്ടേസ്കൂൾ സെക്രട്ടറിയായും ആദ്യ യൂത്ത് പ്രസിഡന്റായും മത്തായി അച്ചൻ നിയമിച്ച ക്രിസ്തുദാസ് സാറിന്റെ വാക്കുകളിൽ "മത്തായി അച്ചൻ നല്ലൊരു മിഷണറി ആയിരുന്നു. അച്ചൻ ആനപ്പെട്ടി സെന്റ് മേരീസ് ദേവാലയം സ്ഥാപിക്കുകയും സെമിത്തേരി അതോടൊപ്പം വേണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. അച്ചൻ സ്ഥാപിച്ച പള്ളി യാതൊരുവിധ മാറ്റവും ഇല്ലാതെ ഇപ്പോഴും ആനപ്പെട്ടി നിവാസികൾക്ക് വിശ്വാസചൈതന്യം തൂകി നിലകൊള്ളുന്നു. ഒരു വൈദീകന് വിശ്വാസം പകർന്നു നൽകാൻ ഒന്നും തടസ്സമല്ല എന്നതാണ് അച്ചന്റെ പ്രവർത്തനശൈലി."

തീർച്ചയായും അച്ചൻ അതുല്യനായ മിഷണറി ആയിരുന്നു. എത്രയോ ദൈവാലയങ്ങൾ അദ്ദേഹം പണിതു. ആനപ്പെട്ടി സെന്റ് മേരീസ്, വിതുര സെന്റ് തോമസ് ദൈവാലയം ഇന്ന് വേളാങ്കണ്ണി നഗർ തീർത്ഥാടന പള്ളി, മേമല സെന്റ് ജൂഡ് ദൈവാലയം, അരു

www.malankaralibrary.com


വിക്കര സെന്റ് ജോസഫ് മലങ്കര കത്തോലിക്ക ദൈവാലയം, തിരുവല്ലം (വെള്ളായണി മിഷൻ) തിരുഹൃദയ ദൈവാലയം, നെല്ലിയോട് സെന്റ് മേരീസ് ദൈവാലയം, കുതിരകുളം ഗ്രിഗോറിയോസ് ചർച്ച് (അച്ചൻ നെടുമങ്ങാട് ജില്ലയുടെ ആദ്യ വികാരി ആയിരുന്നപ്പോൾ പുതുക്കിപ്പണിതു.) കാര്യവട്ടം മലങ്കര കത്തോലിക്ക ദൈവാലയം തുടങ്ങി എത്രയോ എണ്ണം.

## മേമല





മഞ്ഞു തലപ്പാവാക്കിയ മലനിരകൾ, കോടമഞ്ഞിൽ ഒളിച്ചുകളിക്കുന്ന വൃക്ഷതലപ്പുകളും പച്ചപ്പട്ട് പുതച്ചുകിടക്കുന്ന താഴ്വാരങ്ങളും. പ്രകൃതിയുടെ ഔഷധമായി ഒഴുകുന്ന കല്ലാറും മീൻമുട്ടിയും അറബിക്കടലിനു സമാന്തരമായ, പശ്ചിമഘട്ടത്തിന്റെ ഭാഗമായ സമുദ്രനിരപ്പിൽ നിന്ന് 1100 മീറ്റർ ഉയരങ്ങളിൽ പ്രസരിക്കുന്ന, ബുദ്ധ-ജൈന സംസ്ക്കാരത്തിന്റെ ചിതലരിച്ച ഓർമ്മകൾ അവശേഷിക്കുന്ന മലദൈവങ്ങൾ, പൊന്നുസൂക്ഷിക്കുന്ന പൊന്മുടിയുടെ ഹൃദയഭാഗം... ജലപാത മർമ്മരങ്ങളും പ്രകൃതിയിലെ വന്യ-വശ്യതയുടെ പശ്ചാത്തല

www.malankaralibrary.com


സംഗീതമൊരുക്കുന്ന സ്വർഗീയവീഥി, സഹ്യാദ്രിയുടെ താഴ്വരയിൽ അഗസ്ത്യാർ മലനിരകളുടെ മടിത്തട്ടിൽ.

ലോകത്തിനുമുമ്പേ കുതിക്കാൻ തിടുക്കംകൂട്ടുന്ന, മനുഷ്യപാപത്താൽ ഞെരുങ്ങുന്ന ഈ ലോകത്തിൽ, ദൈവത്തോടുള്ള ബന്ധത്തെ, പിഴുതെറിയുന്ന ദൈവമക്കളെ ഒന്നായി ചേർത്ത്, കൂട്ടംതെറ്റിപ്പോയതിനെയും അകന്നുപോയതിനെയും ദൈവവിശ്വാസത്തിൽ ആഴത്തിൽ വസിപ്പിച്ചു. ഒരുമയോടെ പരിപാലിക്കാൻ, ഇടയന്റെ കാലൊച്ച കേൾക്കാൻ അക്ഷമരായി തൊഴുത്തിൽ കാത്തിരുന്ന ഒരു സമൂഹം, അവഹേളിതരുടെ കൂരമ്പുകൾക്കിടയിലൂടെ മോശയുടെ കരുതലും, ദാവീദിന്റെ ഔന്നത്യവും, ഏലിയായുടെ ദീർഘദർശനവും കോർത്തിണക്കി, ഒരു ദേവാലയം... പാറമേൽ പണിത ദൈവഭവനം. അതാണ് മേമല സെന്റ് ജൂഡ്സ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം. ദാരിദ്ര്യവും പട്ടിണിയും ദൈവജനത്തിന്റെ വിശ്വാസത്തെ തകർത്തെറിഞ്ഞ കാലം. ജനങ്ങൾക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാനും, ദൈവവിശ്വാസം പങ്കുവയ്ക്കുവാനും ഒരു ദേവാലയം അനിവാര്യമായിരുന്നു.

ആവശ്യങ്ങളെല്ലാം പട്ടം അരമനയിൽ അന്ന് കമ്പോണ്ടർ എന്നു വിളിപ്പേരുള്ള സൈലസ് മുഖേന ജനങ്ങൾ അറിയിച്ചു. ഈ ആവശ്യം വിശദമായി പഠിച്ച് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് മത്തായി മലഞ്ചരുവിലച്ചനെ ചുമതലപ്പെടുത്തി. മത്തായിയച്ചന്റെ നേതൃത്വപാടവത്തിലും പ്രാർത്ഥനയിലും ആത്മാർത്ഥമായ പ്രയത്നത്തിലും 76 സെന്റ് സ്ഥലം 1969 –ൽ വാങ്ങിച്ചു. മേമല വിശുദ്ധ യൂദാതദ്ദേവൂസ് ദൈവാലയത്തിന്റെ പ്രഥമവികാരിയായി അച്ചൻ ചാർജ്ജെടുത്തതുമുതൽ വൻമാറ്റം ഈ ഇടവകയിലും സമീപവാസികൾക്കും അനുഭവവേദ്യമായി. ലാളിത്യവും ആത്മീയശുശ്രൂഷയുമായി മത്തായി അച്ചൻ എല്ലാവർക്കും പ്രിയങ്കരനായി. 'ആംബുലൻസ്' എന്ന് വിശ്വാസികൾ വിളിച്ചിരുന്ന ഒരു മെറ്റഡോർ വാഹനത്തിൽ ദാരിദ്ര്യത്തിൽ നിന്നും സ്വജനതയെ കരകയറ്റാനുള്ള സാധനങ്ങളുമായാണ് അച്ചന്റെ വരവ്. അനേകം ജനങ്ങൾക്ക് ഭവനപദ്ധതി, രോഗീസഹായ പദ്ധതി എന്നിവ അച്ചൻ നടപ്പിലാക്കി.

www.malankaralibrary.com


കാലദേശങ്ങൾക്കപ്പുറം സകലർക്കും ആശ്വാസവും ശരണവും ശക്തിയും ഏകി ആത്മീയതയുടെയും - കുന്തിരിക്കത്തിന്റെയും പ്രാർത്ഥനാ വചസ്സുകളുടെയും പരിശുദ്ധ പരിമളം വിതറി ദൈവാലയമണിനാദങ്ങളുടെ ഇമ്പം സ്തോത്രഗീതത്തിന്റെ മാധുര്യത്താൽ ആകാശത്തിനുകീഴിൽ അലയടിച്ചു. ഇവിടെ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ആത്മമാരി ചൊരിഞ്ഞ്, മത്തായിയച്ചൻ എന്നും വിശുദ്ധിയുടെ പരിമളവുംപേറി നിലകൊള്ളുന്നു.

## അരുവിക്കര, ആനപ്പാറ



www.malankaralibrary.com


അൽമായരുടെ ജീവിതത്തിൽ ആത്മീയ ഗുരുക്കന്മാരുടെ പങ്ക് വളരെ വലുതാണ്. പരിചയപ്പെടാനും അടുത്ത് പെരുമാറാനും ഇട വരുന്നവരുടെ കാര്യത്തിൽ ആത്മീയ വെളിച്ചവും ആത്മീയ ഉണർവ്വും പകർന്നുകൊടുക്കുവാൻ മത്തായി അച്ചന് പ്രത്യേക കഴിവുണ്ടായിരുന്നു. ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങളെ നിർവ്വചിക്കാനും അതിനനുസൃതമായി ക്രമീകരണങ്ങൾ വരുത്താനും അടുക്കും ചിട്ടയും പ്രവർത്തനങ്ങളിൽ കൊണ്ടുവരാനുമുള്ള അച്ചന്റെ ശൈലി അരുവിക്കര, ആനപ്പാറ ദൈവാലയങ്ങളിലെ ജനങ്ങൾക്ക് അനുഭവവേദ്യമായി.

ഓരോ കുടുംബങ്ങളിലും ചെന്ന് പരിചയപ്പെടുന്ന ഓരോരുത്തരെയും എത്ര കാലമായാലും അച്ചൻ മറക്കുമായിരുന്നില്ല. വീണ്ടും വീണ്ടും കണ്ടുമുട്ടുമ്പോൾ പരിചയം പുതുക്കുകയും ക്ഷേമാന്വേഷണം നടത്തുകയും അപ്പോൾ തന്നെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും തക്കതായ ഉപദേശങ്ങൾ കൊടുക്കുയും ചെയ്യുന്നതിൽ അദ്ദേഹത്തിന് പ്രത്യേകമായ ഒരു സിദ്ധി ഉണ്ടായിരുന്നു. പരന്ന വായനയിൽക്കുടിയും നിതാന്തമായ മനനത്തിൽക്കൂടിയും നേടിയെടുത്ത അറിവും ഉൾക്കാഴ്ചയും അരുവിക്കര, ആനപ്പാറ മിഷൻ പള്ളികളിലുള്ളവരുമായി പങ്ക് വയ്ക്കുമായിരുന്നു.

ഒരു ആത്മീയ ഗുരു എന്ന നിലയിൽ അദ്ദേഹം പള്ളിക്കാർക്ക് അവരുടെ ആത്മീയ ജീവിതത്തിന്റെ സ്ഥിരതയ്ക്കും വളർച്ചയ്ക്കും സഹായമായ നീതിയിലുള്ള ഉപദേശങ്ങൾ നൽകുമായിരുന്നു. ആയതിനാൽ തന്നെയാണ് പല ദൈവാലയങ്ങളിൽ ഇടവക വികാരി എന്ന നിലയിൽ അനേകം വർഷങ്ങൾ സേവനം ചെയ്യാൻ കാരണമായയത്. അച്ചനോടൊപ്പം പല യാത്രകളിലും ഒപ്പമുണ്ടായിരുന്ന ക്രിസ്റ്റഫർ എന്ന വിശ്വാസി അച്ചനെക്കുറിച്ച് ഓർക്കുന്നത് ഇങ്ങനെയാണ്. യാത്രാസൗകര്യം അന്ന് വളരെ ബുദ്ധിമുട്ടായിരുന്നു. പലപ്പോഴും ബസ്സിലാണ് യാത്ര. ഒരിക്കൽ ബസ്സ് ഇറങ്ങി അരുവിക്കര ഇടവകയിൽ എത്തിയപ്പോൾ വിശ്വാസികൾ അച്ചനെ കാത്തുനിൽപ്പുണ്ടായിരുന്നു. ആയതിനാൽ അച്ചൻ വി. കുർബാനയ്ക്കുശേഷം

www.malankaralibrary.com


അവരുടെ ഒരു കുടുംബസുഹൃത്ത് എന്ന നിലയിലേയ്ക്ക് ഇറങ്ങി വന്ന് സംസാരിച്ചുകൊണ്ടിരുന്നു. സമയം വൈകിയത് അച്ചൻ അറിഞ്ഞില്ല അന്ന് രാത്രി 10 മണിയായാൽ ബസ്സില്ല. അവസാനം ഒത്തിരി നടന്നു. എന്നാൽ അച്ചന് യാതൊരു പരാതിയുമില്ല. ദൈവജനത്തിന് വേണ്ടി ഇതൊക്കെയാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. അവരോടൊപ്പം നാം സമയം ചിലവഴിക്കണം എന്ന് പറഞ്ഞ് അച്ചൻ നടന്നു. അവസാനം തിരുവനന്തപുരത്തേയ്ക്കുള്ള ഒരു ലോറി കിട്ടി. അതിൽ കയറി ഇരുന്ന് പട്ടത്ത് എത്തുകയായിരുന്നു. ഇതാണ് മത്തായി അച്ചൻ, തന്റെ വിശ്വാസ സമൂഹത്തിനായി എന്ത് ത്യാഗവും സഹിയ്ക്കും.

ഭക്താഭ്യാസങ്ങളിൽ മുഖ്യമായൊരു ഇനം ധ്യാനം ആണ്. അതിന്റെ പടവുകൾ ചവിട്ടി. ക്രിസ്താനുകരണത്തിന്റെ ഉത്തമ സാക്ഷ്യംവഹിക്കാൻ വിശുദ്ധ ഗ്രന്ഥവായനയിൽ നിന്നും തുടങ്ങി മൊബൈൽ മിഷൻ എന്ന മഹത്തായ ആശയം അദ്ദേഹം നടപ്പിലാക്കി. മൊബൈൽ മിഷനെക്കുറിച്ച് ജോണിക്കുട്ടി അച്ചൻ (ഫാ. ജോൺ അരീക്കൽ) പറയുന്നത് ഇപ്രകാരമാണ്. അച്ചൻ ആദ്യം ഇരുപതോളം വരുന്ന യുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകി. അവരെ സുവിശേഷം പ്രസംഗിക്കാൻ പഠിപ്പിച്ചു. അതിനുശേഷം ഓരോ സൈക്കിൾ എല്ലാപേർക്കും വാങ്ങി നൽകി. ഓരോ ബൈബിളും. ഇതുമായി പള്ളികളിൽ പോയി സുവിശേഷം പ്രസംഗിക്കണം. ഓരോ സ്ഥലവും അച്ചൻ കൃത്യമായി എഴുതി നൽകും. ഇത് വൻ വിജയമാണെന്ന് കണ്ട അച്ചൻ തന്റെ ജീപ്പിൽ ഒരു ആംപ്ലിഫയറും ബോക്സും സെറ്റ് ചെയ്ത് മൊബൈൽ മിഷൻ ശക്തിപ്പെടുത്തി. (അന്ന് ആംപ്ലിഫയറും ബോക്സും ഒന്നും ജനങ്ങൾക്ക് ലഭ്യമല്ല എന്ന് നാം ഓർക്കണം.) അങ്ങനെ വിശ്വാസികളോടൊപ്പം അക്രൈസ്തവരായ ജനങ്ങൾക്കുവേണ്ടിയും അദ്ദേഹം സുവിശേഷവൽക്കരണ ദൗത്യം മൊബൈൽ മിഷനുകളുടെ നടപ്പിലാക്കി.

അരുവിക്കര, ആനപ്പാറ ഇടവകകളിൽ വൻ മാറ്റത്തിനും പ്രത്യേകിച്ച് നെടുമങ്ങാട്, വിതുര, മുണ്ടേല, കാര്യവട്ടം, ആനപ്പാറ,

www.malankaralibrary.com


മേൻമല, തിരുവല്ലം, നെല്ലിയോട് എന്നീ മേഖലകളിൽ മൊബൈൽ മിഷൻ പ്രവർത്തനം അനേകം ആത്മാക്കളെ കർത്താവിന്റെ മുന്തിരിത്തോപ്പിലേക്ക് ആനയിക്കാൻ ഇടയായി.

## വിതുര സെന്റ് തോമസ്





വിശുദ്ധിയുടെ വറ്റാത്ത ഉറവയായി നിലകൊള്ളുന്ന ദൈവാലയമാണ് വിതുര സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയവും അത്ഭുതം ചൊരിയുന്ന വേളാങ്കണ്ണി കുരിശ്ശടിയും. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട്, ലോകത്തിന്റെ വേഗത്തിൽ ഓടി ദൈവജനത്തിന്റെ വിശ്വാസം ഛിന്നഭിന്നമാകുന്നോ എന്ന് ഭയന്നൊരുകാലം. ചിതറിക്കിടക്കുന്നതിനെ ഒന്നിച്ചുചേർത്ത്, പതറിപ്പോയതിനെ പിടിച്ചുനിറുത്തി ആഴങ്ങളിലേയ്ക്ക് നടന്നിറങ്ങാൻ വിതുര എന്ന കൊച്ചുഗ്രാമത്തിൽ ദൈവകരുണയുടെ കരം അത്ഭു

www.malankaralibrary.com


തകരമായി പുണ്യശ്ലോഹനായ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ എത്തിയ മലഞ്ചരുവിലെ മാണിക്യം മത്തായി അച്ചൻ ആരംഭിച്ചതാണ് ഈ ദൈവാലയം. ജനത്തിന് ഒന്നിച്ചുചേരാനും പ്രാർത്ഥിക്കാനും പങ്കുവയ്ക്കാനും ഒരു ദേവാലയം അനിവാര്യമായിരുന്നു. എന്നാൽ തടസ്സങ്ങൾ ജനത്തെ വല്ലാതെ അസ്വസ്ഥരാക്കി. ഈ പ്രതിസന്ധികളിൽ നിൽക്കുമ്പോൾ കരിമ്പിൽ ശ്രീ. കെ.വി. ജോർജ്ജ് വാങ്ങിയ സ്ഥലം സഭയ്ക്ക് സംഭാവനയായി നൽകി. 1973-ൽ കാരുണ്യത്തിന്റെ കർമ്മയോഗി കാലം ചെയ്ത അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് വിതുരയിൽ ആദ്യ ദിവ്യബലിയർപ്പിച്ചു. ഭാരതത്തിന്റെ അപ്പസ്തലനായ വി. തോമാശ്ലീഹായുടെ മാദ്ധ്യസ്ഥത്തിന് ദേവാലയത്തെ സമർപ്പിച്ചു. എല്ലാ കാര്യങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി മത്തായി അച്ചൻ ശക്തമായ നേതൃത്വം നൽകി.

മത്തായി മലഞ്ചരുവിൽ എന്ന വൈദികന്റെ ആർദ്ര സ്നേഹത്തിന്റെ ഉറവിടമായ ഈ ചെറിയ ദേവാലയത്തെ വലുതാക്കുന്നതും വിശുദ്ധമാക്കുന്നതും വിശ്വാസികളുടെ നിരന്തരമായ സാന്നിദ്ധ്യവും പ്രാർത്ഥനയും ആണ് വിദ്വേഷമില്ലാതെ സ്നേഹിക്കാനും ഉള്ളതു പങ്കുവയ്ക്കാനും കഴിയുമ്പോൾ ദൈവം അടുത്തുണ്ടെന്നും കൂടെയുണ്ടെന്നും ജനം തിരിച്ചറിയുകയാണ്. ഓരോരുത്തരുടെയും കഠിനമായ പ്രയത്നവും ഔദാര്യപൂർവ്വമായ സമർപ്പണവും സംഭാവനയും തീക്ഷ്ണതയുടെ പ്രാർത്ഥനയും കൊണ്ട് ദൈവാലയം ഇന്ന് പുതുക്കിപ്പണിതിരിക്കുന്നു. ഇവിടെ ഉയരുന്ന പ്രാർത്ഥനയും യാചനകളും ദൈവാനുഗ്രഹത്തിന്റെ പെരുമഴക്കാലം തീർക്കുന്നു. അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് അനേകരുടെ വിശ്വാസത്തെ വിശാലമാക്കുന്നു. പുറന്തള്ളപ്പെട്ടവരുടെ പീഢനങ്ങളും നിലവിളികളും ഈ ദൈവാലയം സ്ഥാപിച്ചതിലൂടെ മത്തായി അച്ചൻ യാഥാർത്ഥ്യമാക്കി.

രോഗാർത്തരുടെ ആകുലതകളും നൊമ്പരങ്ങളും കഷ്ടപ്പെടുന്നവന്റെ കണ്ണുനീരും കരച്ചിലും വഴിമാറിപ്പോകുന്നവന്റെ ആശങ്കകളും പ്രതിസന്ധികളും അറിയുന്ന ഒരു ദൈവം ഉണ്ടെന്ന പ്രത്യാശ

www.malankaralibrary.com


പരിശുദ്ധ അമ്മയിലൂടെ ലോകമിന്ന് അറിയുന്നു. നിർധനരും നിരാലംബരുമായ ഒരു ജനതയുടെ നിലവിളിക്കുള്ള ഉത്തരമായി മാറുന്നു വിതുര വേളാങ്കണ്ണി മാതാ കുരിശ്ശടി. അമ്മയുടെ പാദാന്തികത്തിൽ വന്ന് അവിടുത്തെ അപദാനങ്ങൾ വാഴ്ത്തി അനേകർ ദൈവാനുഗ്രഹം പ്രാപിക്കുന്നു. ഇപ്പോൾ നവീകരിച്ച കുരിശ്ശടിയാണ് വിതുരയിൽ നമുക്ക് കാണാൻ സാധിക്കുന്നത്.

## നെല്ലിയോട് സെന്റ് മേരീസ് ദേവാലയം



ഫാ. മത്തായി മലഞ്ചരുവിൽ അച്ചൻ നെല്ലിയോട് ചരുവിള വിട്ടിൽ ജോർജ്ജ് നാടാർ (അപ്പു ഉപദേശി) സംഭാവനയായി നൽകിയ സ്ഥലത്ത് നിർമ്മിച്ചതാണ് നെല്ലിയോട് സെന്റ് മേരീസ് ദേവാലയം. പിന്നീട് അരമനയിൽ നിന്നും ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ ഏഫ്രേം പിതാവിന്റെ പ്രത്യേകനിർദ്ദേശത്താൽ കൂടുതൽ സ്ഥലം പള്ളിക്കായി വാങ്ങി.

ഈ പുസ്തക രചിതാവിന്റെ പിതാവായ പീറ്റർ ചരുവിളയുടെ ജ്യേഷ്ഠ സഹോദരനാണ് അപ്പു ഉപദേശി. തിരുവല്ലം ഇടവകയിലെ ആദ്യകാല തായ് വേരുകളിൽപ്പെടുന്ന അഞ്ചുകുടുംബത്തിൽപ്പെടുന്ന ആളാണ് അപ്പു ഉപദേശി.

www.malankaralibrary.com

### അദ്ധ്യായം 11

# സേവനമനുഷ്ഠിച്ച മറ്റു ഇടവകകൾ

## തുമ്പമൺ

മത്തായി അച്ചൻ യുവവൈദീകനായി ആദ്യ വികാരിയാകാൻ എത്തിയത് മലങ്കര കത്തോലിക്കാ ദൈവാലയമായ തുമ്പമണ്ണിലാണ്. യുവത്വത്തിന്റെ പ്രസരിപ്പുമായി എത്തിയ മത്തായി അച്ചൻ മിഷനറിമാർക്കുവേണ്ടി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ഒരു ഞായറാഴ്ചയായിരുന്നു ആദ്യമായി വി. കുർബാന ചൊല്ലിയത്. മിഷൻ ചൈതന്യം വർദ്ധിപ്പിക്കാനും, മിഷനുവേണ്ടി പിരിവുകൾ നടത്താനും ഒരുക്കിയിരുന്ന ദിവസം. ആദ്യ കുർബാനാർപ്പണം ഒരു നിമിത്തമായതായി അച്ചന് തോന്നി. തുമ്പമൺ പ്രദേശത്തെ ദൈവീകചൈതന്യത്തിലേക്ക് നയിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ അച്ചൻ ചെയ്തു.

നാട്ടിലെ സഭയുടെ വളർച്ചയ്ക്കും പുതിയ ക്രമീകരണം ആവശ്യമാണ് എന്ന് കണ്ട അച്ചൻ ചെറുസംഘങ്ങളായി പ്രാർത്ഥന നടത്താൻ വിശ്വാസികളെ പ്രേരിപ്പിച്ചു. സ്വാതന്ത്ര്യാനന്തരം വിദേശ മിഷണറിമാർ അവരവരുടെ നാട്ടിലേക്ക് തിരികെ പോയി. അതിനുശേഷം അവിടെ നിന്നുമുള്ള സഹായങ്ങൾ ലഭിക്കുന്നത് ആദ്യം വിശ്വാസികൾക്ക് എന്ന നിലപാടായിരുന്നു അച്ചന്.

കർമ്മനിരതവും ത്യാഗോജ്ജ്വലവും ഫലസമൃദ്ധവുമായ മിഷൻ പ്രവർത്തനങ്ങൾക്ക് അച്ചൻ തുമ്പമൺ ഇടവകയിൽ വച്ചാണ് തുടക്കംകുറിച്ചത്. തന്റെ മുൻഗാമികളിൽ നിന്നും തികച്ചും വ്യത്യസ്തമായൊരു ശൈലിയാണ് അദ്ദേഹം കൈക്കൊണ്ടത്. ആയതിനാൽ മതബോധനരംഗത്ത് ആദ്യം മാറ്റം കൊണ്ടുവരാൻ അദ്ദേഹം പരിശ്രമിച്ചു.

കുട്ടികളെയും യുവാക്കളെയും ഒരുപോലെ കാണാനും അവരെ ഒരുമിച്ച് ഇരുത്തി കാര്യങ്ങൾ ചർച്ച ചെയ്യാനും അച്ചൻ സമയം കണ്ടെത്തി. അവർ വിശന്ന് ഇരിക്കുന്നത് അച്ചന് ഇഷ്ടമല്ലായിരുന്നു. അതിനാൽ അച്ചൻ അവർക്ക് ഭക്ഷണം വാങ്ങി നൽകുക പതിവായിരുന്നു. ആദ്യത്തെ വിശ്വാസകൂട്ടായ്മയ്ക്ക് ശക്തമായ ഏകീ

www.malankaralibrary.com


കരണം അച്ചൻ കൊണ്ടുവന്നു. ഓരോ ഇടവകയുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കുന്നതിന് അച്ചന് പ്രത്യേക കഴിവുണ്ടായിരുന്നു. ഓരോ സ്ഥലത്തെയും മണ്ണിനെയും ചെടികളെയും കുറിച്ച് പ്രത്യേകമായൊരു പഠനം നടത്താൻ ശ്രദ്ധിച്ചിരുന്നു. അക്കാലയളവിൽ മിഷൻ പ്രവർത്തനം അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുവന്നു. അവികസിതമായ പ്രദേശങ്ങളിൽ സുവിശേഷം അറിയിക്കേണ്ടത് തന്റെ കടമയാണെന്ന് ഈ കാലയളവിൽ അച്ചൻ തിരിച്ചറിഞ്ഞു. പശ്ചാത്തപിക്കുന്ന പാപിയെ പൊതിയുന്ന കർത്താവിന്റെ സ്നേഹം എങ്ങനെ മറ്റുള്ളവർക്ക് പകർന്നു നൽകാം എന്ന് ചിന്തിക്കുകയും അതിനുവേണ്ടിയുള്ള പദ്ധതി മനസ്സിൽ കാണുകയും ചെയ്തു. അതിനായി 'മൊബൈൽ മിഷൻ' എന്ന പേരിൽ ഒരു സുവിശേഷ സംഘം മലങ്കര കത്തോലിക്ക സഭയിൽ ആദ്യമായി ആരംഭിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു. തുമ്പമൺ ഇടവകയിലെ ഓരോ വ്യക്തികളുമായി ഈ ആശയം അച്ചൻ പങ്കുവയ്ക്കുമായിരുന്നു. ഏവർക്കും സ്വീകാര്യനായ ഒരു വൈദീകനായി അച്ചൻ തുമ്പമണ്ണിൽ ശുശ്രൂഷ ചെയ്തു.

## കാര്യവട്ടം, കഴക്കൂട്ടം

"കർമ്മനിരതവും ത്യാഗോജ്ജ്വലവും ഫലസമൃദ്ധവുമായ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച അച്ചൻ, തന്റെ മുൻഗാമികളിൽ നിന്നും വ്യത്യസ്തമായൊരു ശൈലി സ്വീകരിച്ചതുകൊണ്ടാണ് കാലമേറെ കഴിഞ്ഞിട്ടും ആയിരങ്ങളുടെ മനസ്സിൽ അദ്ദേഹം ഇന്നും സ്നേഹനിധിയായ അച്ചനായി നിറഞ്ഞുനിൽക്കുന്നത്. ഏതൊരു വൈദികനും മാതൃകയാക്കേണ്ട സുകൃതത്തിന്റെയും സഹനത്തിന്റെയും പ്രവർത്തനശൈലി" - കാര്യവട്ടം മലങ്കര കത്തോലിക്ക ഇടവകയുടെ വികാരിയായി അനേകം വർഷം സേവനമനുഷ്ടിച്ച മാത്യു കടകംപള്ളിയിലച്ചന്റെയാണ് മേൽപറഞ്ഞ വാക്കുകൾ.

ജീവിതയാത്രയിൽ നാം ഓരോരുത്തരും ഓരോ നിലയിലെത്തിയിട്ടുണ്ട്. ചിലർക്ക് പണവും പദവിയും മറ്റു ചിലർക്ക് ദാരിദ്ര്യവും കഷ്ടപ്പാടും ചിലർ ഉത്സാഹത്തോടും ഉന്മേഷത്തോടും മുന്നോട്ടു പോകുന്നു. മറ്റു ചിലർ ദുഃഖവും നിരാശയുമായി കഴിഞ്ഞുകൂടു

www.malankaralibrary.com


ന്നു. നമ്മുടെ പ്രവൃത്തികളെ വിവേകത്തോടെ നിയന്ത്രിച്ച് മുന്നോട്ടുപോകുകയാണ് വേണ്ടത്. ഇത്തരത്തിൽ മനുഷ്യനെ ക്രിയാത്മകമായി ചിന്തിപ്പിക്കുന്ന പ്രസംഗങ്ങളാണ് മത്തായി അച്ചന്റെ മുതൽക്കൂട്ടെന്ന് പ്രായമൊയൊരു വിശ്വാസി ഓർക്കുന്നു.

മൊബൈൽ മിഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചപ്പോൾ അച്ചൻ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്. "മനുഷ്യന്റെ ഓരോ അവയവങ്ങളും ഓരോ ആവശ്യങ്ങൾ നിറവേറ്റാനുള്ളതാണ്. ജീവിതം നയിക്കേണ്ടത് ഈയൊരു ഉദ്ദേശത്തോടുകൂടി ആയിരിക്കണം. നിങ്ങളുടെ യാത്രയിൽ ദുരനുഭവനങ്ങൾ ഉണ്ടാകാം. എന്നാൽ നിങ്ങളുടെ പരിശ്രമം പാഴാവില്ല. നിങ്ങൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ നിങ്ങളുടെ ഭാവിയെ ക്രമീകരിക്കുന്നതിന് സഹായകമാകും. ഉദ്ദേശശുദ്ധിയോടെ വചനം പങ്കുവയ്ക്കപ്പെടുമ്പോൾ അത് നിശ്ചയമായും വിജയത്തിലേക്കും സൗഖ്യത്തിലേക്കും നമ്മെ നയിക്കും. ശാരീരകമായോ, മാനസികമായോ ഉള്ള കുറവുകൾ തീർക്കുന്നതിനുള്ള അത്ഭുതശക്തി ദൈവം നമുക്ക് തന്നിട്ടുണ്ട്. അത് ശരിയായി വിനിയോഗിക്കൂ."

കാര്യവട്ടം ഇടവകയോട് പ്രത്യേകമായൊരു സ്നേഹവും പരിഗണനയും അച്ചനുണ്ടായിരുന്നു. അച്ചന്റെ ജീപ്പിൽ പലപ്പോഴും കുട്ടികൾക്ക് ആവശ്യമായ ആഹാരം കരുതിയിരുന്നു. 'സേവ് എ ഫാമിലി' പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ അച്ചന് പ്രത്യേക കഴിവുണ്ടായിരുന്നു. അച്ചൻ ചില പ്രാർത്ഥനകൾ പറഞ്ഞുതന്നു. മനസ്സിന്റെ വേദനകൾ മാറ്റുന്ന ഔഷധം ആയിരുന്നു ആ പ്രാർത്ഥനകൾ. പരിശുദ്ധ കന്യാമറിയമേ, ഞങ്ങളുടെ കുടുംബത്തിൽ രാജ്ഞിയായി അങ്ങ് വസിക്കണമെ, അവിടുത്തെ പാദങ്ങളിൽ തൊട്ട് നമസ്ക്കരിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

ശിമയോന്റെ വീട്ടിൽ യേശു വന്നിരിക്കുമ്പോൾ തന്റെ പാദാന്തികത്തിൽ കരുണയ്ക്കായി കണ്ണുനീർ ചിന്തിയവളോട് കരുണ കാണിച്ച ക്രിസ്തുവിന്റെ കരുതലും കല്ലെറിയാൻ കൊണ്ടുനിർത്തിയ പാപിനിയോട് കരുണ കാണിച്ച് പാപങ്ങൾ ക്ഷമിച്ച് അവളെ സമാധാനത്തോടെ വിട്ടയച്ച ക്രിസ്തുവിന്റെ കരുണയും

www.malankaralibrary.com


സ്വന്തമാക്കിയ പുരോഹിതനായ നമ്മുടെ മത്തായി അച്ചൻ കുമ്പ സാരക്കൂട്ടിലെ ആർദ്രസ്നേഹത്തിന്റെ അനുഭവമായിരുന്നു.

യേശുവിന്റെ ഈ പുരോഹിതൻ ചിലപ്പോഴെങ്കിലും ഫലിത ങ്ങളിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നൈപുണ്യം നേടി യിരുന്നു. ഒരിക്കൽ ഒരു യുവാവ് മാർ ഈവാനിയോസ് കോളേ ജിൽ അഡ്മിഷൻ വേണമെന്ന് പറഞ്ഞ് അച്ചനെ സമീപിച്ചു. ആ യുവാവിനോട് അച്ചൻ പറഞ്ഞു. എനിക്കതിന് ആരെയും മാർ ഈവാ നിയോസിൽ പരിചയമില്ല. ഇതു കേട്ട യുവാവ് ദുഃഖിതനായി കാരണം അവനൊരു ക്രിസ്ത്യാനി ആയിരുന്നില്ല. ഒരു ഹൈന്ദവ യുവാവായിരുന്നു. അച്ചൻ അവനോട് പറഞ്ഞു ഒരു കാര്യം ചെയ്യാം ഞാനൊരു കത്ത് തരാം എന്റെ ഒരു ജ്യേഷ്ഠസഹോദരൻ ബഥനി കുന്നിലുണ്ട്. ഈ കത്ത് കൊടുത്തുനോക്കൂ. ആ യുവാവ് കത്തു മായി ചെന്നു. കത്തിൽ പറഞ്ഞിരുന്ന ആൾ കോളേജ് പ്രിൻസിപ്പാ ലായ മത്തായി അച്ചന്റെ സഹോദരനാണെന്ന സത്യം യുവാവ് അപ്പോഴാണ് മനസ്സിലാക്കിയത്. അവൻ അവിടെ പഠിച്ച് മിടുക്ക നായി പി.ഡബ്ല്യു.ഡിയിൽ ഗസറ്റഡ് ഓഫീസറായി റിട്ടയർ ചെയ്തു.

ശാന്തത അച്ചന്റെ ജീവിതത്തിന്റെ മുഖമുദ്രയാണ്. എന്നാൽ പ്രതികരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ നിശബ്ദതയും ജപ മാല പ്രാർത്ഥനയും മൗനധ്യാനവും വഴി പ്രതികരിക്കുന്ന ഒരു ആത്മീയ പ്രതികരണ മനോഭാവം ചില അവസരങ്ങളിലെങ്കിലും അച്ചന്റെ ശബ്ദം പ്രവാചകശബ്ദമായി അലയടിച്ചിട്ടുണ്ട്. ഇന്നിന്റെ ലോകത്തിൽ ഓരോ വൈദികർക്കും സന്യാസികൾക്കും അച്ചന്റെ പ്രാർത്ഥനാ ജീവിതവും ധ്യാനാത്മക ജീവിതവും സ്വന്തമാക്കാൻ കഴിയണം.

## കുതിരകുളം, മുണ്ടേല, വിതുര

സ്വയം ജ്വലിക്കുന്ന തീപ്പന്തം ആകുകയും മറ്റുള്ളവരെ സ്നേഹാഗ്നിയിൽ ജ്വലിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനമായിരുന്നു അച്ചന്റേത്. ഈ സ്നേഹാഗ്നി വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും നിറഞ്ഞുനിന്നിരുന്നു. ആയതിനാലാണ് മിഷൻ ഇടവകകളോട് ഒരു

www.malankaralibrary.com


പ്രത്യേക സ്നേഹം അച്ചൻ കാത്തുസൂക്ഷിച്ചത്. കുതിരകുളം, വിതുര, മുണ്ടേല എന്നീ പള്ളികളിൽ വിശ്വാസചൈതന്യം ആളിക്കത്തിക്കുവാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. വിശുദ്ധ ഗ്രന്ഥപാരായണം നടത്തുക, ആദ്ധ്യാത്മിക പുസ്തകങ്ങൾ വായിച്ച് വിശദീകരിക്കുക, വ്യക്തിപരമായ ജീവിതത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും പാലിക്കേണ്ട രീതികൾ പകർന്നു നൽകുക, ജപമാല എപ്പോഴും കൈയ്യിൽ സൂക്ഷിച്ചിരിക്കണം അത് അപകടങ്ങളിൽ നിന്നും നിങ്ങളെ സംരക്ഷിക്കും എന്ന് പഠിപ്പിക്കുക, കരുണകൊന്ത, എത്രയും ദയയുള്ള മാതാവേ, സ്വർഗ്ഗസ്ഥനായ പിതാവേ, വിശ്വാസപ്രമാണം എന്നീ പ്രാർത്ഥനകൾ ചൊല്ലുവാൻ ഇടവകാംഗങ്ങളെ പ്രേരിപ്പിക്കുക തുടങ്ങിയവ അച്ചന്റെ പ്രധാന മിഷൻ പ്രവർത്തനങ്ങളായിരുന്നു.



"പഴയനിയമ പുസ്തകങ്ങളെക്കാൾ അധികമായി സുവിശേഷഭാഗങ്ങളും സങ്കീർത്തനഭാഗങ്ങളും കൂടുതൽ വായിക്കുമായിരുന്നു. ചില ഭാഗങ്ങൽ ആവർത്തിച്ച് പറഞ്ഞുതരും. അല്മായരെയും കൊച്ചുമക്കളെയും പ്രോത്സാഹിപ്പിക്കുമായിരുന്നു. ധാരാളം സ്വാതന്ത്ര്യം ഓരോരുത്തർക്കും അദ്ദേഹം നൽകി. അനേകം ആത്മീയ പുസ്തകങ്ങൾ വായിക്കുകയും കുതിരകുളം, മുണ്ടേല, വിതുര എന്നിവിടങ്ങളിലെ വിശ്വാസികൾക്ക് നൽകുകയും ചെയ്തു."

www.malankaralibrary.com



അച്ചനോടൊപ്പം ഉണ്ടായിരുന്ന യേശുദാസ് ഉപദേശിയുടെ വാക്കുകളാണിവ. അധികാരികളോട് സ്നേഹവും വിധേയത്വവും ഉള്ളിൽ സൂക്ഷിക്കുകയും, അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കിയോ എന്ന് തോന്നിയാൽ ക്ഷമാപണം നടത്തുന്നതിനും ഒരു മടിയും അദ്ദേഹം കാണിച്ചിരുന്നില്ല. തന്നെത്തന്നെ ദൈവതിരുമുമ്പാകെ താഴ്ത്തി, സഹോദരങ്ങളോട് ക്ഷമ ചോദിക്കുന്ന അവസ്ഥ വാക്കിലുമപ്പുറം പ്രവൃത്തിയിലും ഉണ്ടായിരുന്നു. അവരൊക്കെ എന്നെക്കാൾ കഴിവുള്ളവർ. ഞാനോ ഈശോയുടെ എളിയൊരു ദാസൻ എന്ന് ഇടയ്ക്ക് പറയുമായിരുന്നു. ദൈവം എന്റെ പിതാവും ഞാൻ അവിടുത്തെ മകനും ആയിരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇതിൽ കവിഞ്ഞ ഒരാനന്ദം എനിക്കില്ല. സ്വർഗ്ഗീയ അപ്പച്ചന്റെ ഭവനത്തിൽ പോകേണ്ട ആരും നഷ്ടപ്പെട്ട് പോകരുത്. എല്ലാവരും അവിടെ എത്തണം. മുണ്ടേല ഇടവകയിലെ അച്ചന്റെ പ്രസംഗം ഒരു വിശ്വാസി ഇന്നും ഓർക്കുന്നു.

വെല്ലുവിളികൾ നേരിടാൻ വിശ്വാസത്തിൽ ആഴപ്പെടണം. കാലിത്തൊഴുത്തിൽ ജനിച്ച്, കാൽവരിയിൽ മരിച്ച് മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ ഈശോ അപ്പസ്തോലന്മാരോടുകൂടെ ജീവിച്ച് ശക്തിപ്പെട്ടതുപോലെ, ഇന്നും നാം പ്രാർത്ഥനയിൽ ശക്തിപ്പെടണം. തിരുവചനത്തിലും തിരുസന്നിധിയിലും ആശ്വാസം കണ്ടെത്തൂ. "Look back and thank God, look ahead and pray to God, look around and feel God, look within and find God." ജീവിതം സ്നേഹാദരവും നിഷ്കളങ്കവും സത്യസന്ധവും - സന്തോഷകരവും സമാധാനപൂർണ്ണവും ആകുമ്പോഴാണ് ദൈവം പ്രസാദിക്കുന്നത്. ഞാൻ വസിക്കുന്ന ലോകം, അതിലെ സമസ്തവും ദൈവദാനം. നന്ദിയോടെ, സ്നേഹത്തോടെ, സന്തോഷത്തോടെ, ആദരവോടെ ഈ ദാനം സ്വീകരിക്കുക. സഹോദരങ്ങളുമായി പങ്കുവയ്ക്കുക.

ശുശ്രൂഷ ചെയ്യുവാൻ എപ്പോഴും ചെറിയ ഇടവക മിഷനുകൾ മാത്രമെ അച്ചൻ ആഗ്രഹിച്ചിരുന്നുള്ളു. പാവപ്പെട്ടവരുടെമേൽ പ്രത്യേക കരുണ ഉണ്ടായിരുന്നു. തന്നെ സമീപിക്കുന്നവർക്ക് ഒരു

www.malankaralibrary.com



വാത്സല്യപിതാവായിട്ടാണ് ഇടവക മിഷനിലെ ആബാലവൃദ്ധം ജനങ്ങൾക്കും അച്ചൻ അനുഭവഭേദ്യമായത്.

വളരെ ലളിതവും അതിസുന്ദരവുമായിരുന്നു മലങ്കര കത്തോലിക്കാ സഭാ വൈദീകനായ മത്തായി അച്ചന്റെ മുഖമുദ്ര. ഈ ലളിതജീവിതം കുതിരകുളം, മുണ്ടേല, വിതുര ഇടവകകളിലെ പഴയകാല വിശ്വാസികൾ ഇപ്പോഴും ഓർക്കുന്നുണ്ട്. വിനയമാണ് അച്ചന്റെ നിർവചനം, ഗംഭീരമാണ് അദ്ദേഹത്തിന്റെ പാണ്ഡിത്യം. ആകർഷണീയമായ വിനയമാണ് മാനസികഭാവം. ജീവിതലാളിത്യവും ദാരിദ്ര്യവും വിവേകവും വിനയവും വിശുദ്ധിയും താഴ്മയും വൈദീകജീവിതത്തിന് മികവ് വർദ്ധിപ്പിക്കുവാൻ ഏറെ പര്യാപ്തമായി അദ്ദേഹം കണ്ടു. ത്രിവിധ വൃതങ്ങളായ ദാരിദ്ര്യവും ബ്രഹ്മചര്യവും അനുസരണവും തന്റെ സന്യാസജീവിതവുമായി സമന്വയിപ്പിച്ച് ഈ പുണ്യചരിതൻ ധീരോദാത്തമായ സന്യാസസമർപ്പണത്തിന്റെ മുന്നണി പോരാളിയായി. ആഗോള കത്തോലിക്കാസഭയ്ക്കും മലങ്കരകത്തോലിക്കാസഭയ്ക്കും എക്കാലവും അഭിമാനിക്കാൻ മതിയാകുവോളം ജീവിതസാക്ഷ്യം നൽകി വിശ്വാസഗണത്തിന്റെ പിതാവായി മാറി ഈ വത്സല വൈദീകൻ.

ഇതര മതവിഭാഗങ്ങളിൽ പെട്ടവരുമായി ഗാഢവും ഊഷ്മളവുമായ ബന്ധമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. പരിപാവനമായ സ്നേഹത്തിന്റെയും നിസ്വാർത്ഥ സൗഹാർദ്ദത്തിന്റെയും മാനവസംസ്ക്കാരത്തിന്റെയും ശക്തമായ പ്രവാചകശബ്ദമായി അദ്ദേഹം മാറി. താൻ ഈശ്വരന്റെ ഒരുപകരണം മാത്രമാണെന്ന തിരിച്ചറിവുണ്ടാകുമ്പോഴാണ് കർമ്മം നിസ്വാർത്ഥമാകുന്നത് എന്ന് സ്വജീവിതം കൊണ്ട് അദ്ദേഹം തെളിയിച്ചു. തെറ്റു കണ്ടാൽ വിട്ടുവീഴ്ചയ്ക്ക് ഇടനൽകാതെ തെറ്റ് ചൂണ്ടിക്കാട്ടുന്ന പ്രവാചകനായിരുന്നു അദ്ദേഹം. ''ഭൗതികവസ്തുക്കളിലല്ല, പ്രത്യുത ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കുവിൻ'' (കൊളോ. 3/2). പൗലോസ് ശ്ലീഹായുടെ ഈ വാക്കുകളാണ് അനേകരുടെ മനസ്സുകളിലും അദ്ദേഹം ശുശ്രൂഷ ചെയ്ത ഇടവകാ വിശ്വാസികളിലും പ്രതിഫലിപ്പിക്കുന്നത്.

www.malankaralibrary.com



## പേരൂർക്കട, കുറവൻകോണം, ശാസ്തമംഗലം, പാളയം സെന്റ് മേരീസ് പ്രൊ-കത്തീഡ്രൽ

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവ് മുണ്ടൻമലയും 600 ഏക്കറും വരുന്ന സ്വത്തും ഉപേക്ഷിച്ച് തിരുവനന്തപുരത്ത് എത്തി ആദ്യമായി പള്ളി സ്ഥാപിച്ച ദൈവാലയമായ പാളയം സെന്റ് മേരീസ് ഇടവകയുടെ വികാരിയായി ചുമതലയേറ്റ മത്തായി അച്ചൻ ആദ്യമായി ചെയ്തത് ഇടവകയിലെ കുടുംബങ്ങളുടെ പേര് വിവരം പരിശോധിക്കലായിരുന്നു. വിവരങ്ങൾ ശേഖരിച്ച അച്ചൻ കുടുംബങ്ങളുമായി നിരന്തരം പ്രാർത്ഥനാപൂർവ്വമായി ഇടപെട്ടു. പലരും ദൈവാലയങ്ങളിൽ എത്തുന്നില്ല എന്ന് മനസ്സിലാക്കിയ അച്ചൻ സ്നേഹപൂർവ്വമായ സമീപനത്തിലൂടെ ഓരോ കുടുംബത്തെയും ദൈവാലയത്തിൽ കൊണ്ടുവന്നു. പലരും ഉയർന്ന ഉദ്യോഗസ്ഥരും മറ്റുമായിരുന്നതിനാൽ അവരുടെ സൗകര്യമനുസരിച്ചാണ് അച്ചൻ ഭവനസന്ദർശനം നടത്തിയിരുന്നത്. ഇതോടൊപ്പം സഭ ഏൽപ്പിച്ച സൺഡേ സ്ക്കൂളിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങളും സെന്റ് മേരീസ് പ്രസ്സ് മാനേജർ എന്ന നിലയിലുള്ള ജോലിത്തിരക്കും അച്ചന് ഉണ്ടായിരുന്നു.

മൊബൈൽ മിഷന്റെ പ്രവർത്തനം പാളയം പള്ളി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് പ്രയോജനകരമല്ല എന്ന് മനസ്സിലാക്കിയ അച്ചൻ ചെങ്കൽചൂള, ചാല എന്നീ മിഷൻ കേന്ദ്രങ്ങൽ ശക്തിപ്പെടുത്തുന്നതിനായി ഉപയോഗിച്ചു. ഇതോടൊപ്പം വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ എന്നിവ ആഴ്ചയിൽ പലതവണ ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ജനങ്ങളെ ചെറുസംഘങ്ങളാക്കി തിരിച്ച് തയ്യൽ പരിശീലനം, നഴ്സറി കുട്ടികളുടെ പരിപാലനം, ചെറുകിട കച്ചവടം നടത്തുന്നത് തുടങ്ങിയവ സംബന്ധിച്ച പരിശീലനവും നൽകിയിരുന്നു. ദൈവത്തിന്റെ സുവിശേഷം എല്ലാവരെയും അറിയിക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായി പ്രസംഗിച്ചും പഠിപ്പിച്ചും വിശ്വാസ സമൂഹത്തെ വാർത്തെടുക്കുക, ബലി അർപ്പണത്തിലൂടെയും മറ്റ് തിരുകർമ്മാനുഷ്ഠാനങ്ങളിലൂടെയും ദൈവജനത്തിനായി

www.malankaralibrary.com



പ്രാർത്ഥിക്കുക, സഭയെ പണിതുയർത്തുക എന്നീ ദൗത്യങ്ങൾ വഴി അല്മായ സമൂഹത്തെ ദൈവജനമാക്കി മാറ്റാനുള്ള പ്രക്രിയ തന്റെ പ്രവാചക പവിത്രീകരണ അജപാലന ധർമ്മങ്ങളിലൂടെ പാളയത്തും ചെങ്കൽചൂളയിലും ചാലയിലും തിരുവനന്തപുരത്തിന്റെ മറ്റ് പ്രാന്ത പ്രദേശങ്ങളിലും ശ്രേഷ്ഠകരമായി നിർവ്വഹിച്ച ഒരു മിഷ്യനറി വൈദീകനായിരുന്നു മത്തായി അച്ചൻ.

എളിമയുടെ പാഠങ്ങൾ സ്വജീവിതത്തിലൂടെയാണ് വലിയ ജ്ഞാനിയായ ആ മനുഷ്യൻ ഞങ്ങളെ പഠിപ്പിച്ചത്. അങ്ങേയറ്റം വിനയത്തോടെയാണ് അദ്ദേഹം എല്ലാവരോടും പെരുമാറിയിരുന്നത്. ഭക്ഷണത്തിലും വസ്ത്രത്തിലും പെരുമാറ്റത്തിലും എവിടെയും അദ്ദേഹത്തിന്റെ എളിമയുടെ മഹിമ പ്രകടമാണ്. നിസ്സാരരായ മനുഷ്യരെയും ഉന്നതവ്യക്തികളെയും സമഭാവനയോടെയാണ് അദ്ദേഹം സ്വീകരിച്ചതും ആദരിച്ചതും.

ആരോട് സംസാരിച്ചാലും നിത്യജീവൻ ലക്ഷ്യം വച്ചുള്ള വചനമാണ് മത്തായി അച്ചൻ നൽകിയിരുന്നത്. സ്വർഗ്ഗം സത്യവും യഥാർത്ഥ്യവുമാണ്. കർത്താവായ യേശുക്രിസ്തു പുനഃരുത്ഥാനം ചെയ്ത് ഇവ നമുക്ക് നേടിത്തന്നു. പാപത്തിന്റെ അടിമത്വത്തിൽ ആയിരുന്ന നമ്മെ നരകത്തിൽ നിന്നും രക്ഷിച്ച് സ്വർഗ്ഗത്തിന്റെ അവകാശികളാക്കി. ഇങ്ങനെയുള്ള വാക്കുകൾ ജനങ്ങൾക്ക് വളരെ വിലയേറിയതായിരുന്നു. ഓരോ ദിവസവും അദ്ദേഹം എത്ര തിരക്കുകളുണ്ടായാലും മൊബൈൽ മിഷൻ പ്രവർത്തനത്തിന് യാതൊരുവിധ വിട്ടുവീഴ്ചയും നൽകിയിരുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടപ്പോഴും മൊബൈൽ മിഷൻ സുവിശേഷ പ്രവർത്തനം നിർത്താൻ പാടില്ല എന്ന വാശി അച്ചന് ഉണ്ടായിരുന്നു.

മൊബൈൽ മിഷൻ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നവരോട് അച്ചൻ പറയുന്ന ദൈവവചനം വളരെ പ്രസക്തമാണ്. “ഞാൻ വിജയംവരിച്ച് എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിഹാസനത്തിലിരിക്കുന്നതുപോലെ, വിജയം വരിക്കുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും. ആത്മാവ് സഭകളോട് അരുളിച്ചെയ്യുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ”

www.malankaralibrary.com


(വെളി. 3:21-22). കർത്താവിന്റെ അരുളിപ്പാടുകൾ ശ്രദ്ധിക്കാനും പഠിക്കാനും അംഗീകരിക്കാനും അനുസരിക്കാനും സർവ്വശക്തിയും ഉപയോഗിച്ച് അവിടുത്തേക്കുവേണ്ടി സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങാൻ അച്ചൻ ആഹ്വാനം ചെയ്തിരുന്നു. പാളയം പള്ളിയിൽ ആയിരുന്നപ്പോൾ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്ന ഒരു ദൈവവചനം "നിങ്ങളുടെ ദൈവമായ കർത്താവിൽ വിശ്വസിക്കുവിൻ നിങ്ങൾ സുരക്ഷിതരായിരിക്കും. അവിടുത്തെ പ്രവാചകരെ വിശ്വസിക്കുവിൻ, നിങ്ങൾ വിജയം വരിക്കും" (2 ദിന. 20: 20). അനേകം വർഷം പാളയം ഇടവകയിൽ ശുശ്രൂഷകനായി ജോലി ചെയ്ത ബ്രദർ ലോറൻസ് അച്ചനെക്കുറിച്ച് പറയുന്നത് "മതബോധന പ്രസ്ഥാനത്തിന്റെ അതികായൻ എന്നാണ്." വിശ്വാസം കൊച്ചുകുട്ടികൾക്ക് പകർന്നു നൽകാൻ അദ്ദേഹം കാണിച്ച മഹാമനസ്കത ഇന്നത്തെ പഴയ തലമുറയിലുള്ള അല്മായർ ഓർക്കുന്നു. പ്രത്യേകിച്ച് ഏത്, ജോലിത്തിരക്കിനിടയിലും മതബോധനം എന്ന് കേട്ടാൽ അദ്ദേഹം സമയം കണ്ടെത്തുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സാമൂഹ്യ പ്രവർത്തനത്തിലൂടെ ആദ്ധ്യാത്മിക മണ്ഡലത്തെ ശക്തിപ്പെടുത്തിയ കർമ്മയോഗി ആയിരുന്നു ഏവർക്കും പ്രിയങ്കരനായ മത്തായി അച്ചൻ.

"ഒരിക്കലും കോപിക്കാത്ത ഞങ്ങളെ മക്കളെപോലെ കരുതിയ, പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിയെയും സ്നേഹിച്ച, ആയിരം മൊബൈൽ മിഷൻ നടത്തി ക്രിസ്തീയ ദർശനം പകർന്നുനൽകിയ മത്തായി അച്ചൻ ഒരു വിശുദ്ധനാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു."

(മത്തായി അച്ചൻ പരിശീലിപ്പിച്ച
ഇടവക ശുശ്രൂഷകർ)

www.malankaralibrary.com

അദ്ധ്യായം 12

# അതുല്യനായ മിഷണറി

മലങ്കര കത്തോലിക്ക സഭയുടെ അതുല്യനായ മിഷണറി എന്നറിയപ്പെടുന്ന മത്തായി മലഞ്ചരുവിലച്ചനെ കുറിച്ചും അച്ചന്റെ മിഷണറി ചൈതന്യത്തെക്കുറിച്ചും എത്രമാത്രം എഴുതിയാലും തീരില്ല. 1960–1980 കാലഘട്ടം മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ ചൈതന്യത്തിന്റെ സുവർണ്ണകാലഘട്ടം എന്നു പറയാം. കാരണം അന്ന് മിഷൻ പ്രവർത്തനത്തിന് വേണ്ടി എല്ലാം ത്യജിച്ച് കർത്താവിന്റെ മുന്തിരിത്തോപ്പിൽ ആടുകളെ അന്വേഷിച്ച് ഇറങ്ങിയ കുറെ നല്ല ഇടയന്മാർ സഭയിലുണ്ടായിരുന്നു. അതിൽ മിഷൻ ചൈതന്യം തുളുമ്പി നിന്നിരുന്ന ഒരു വൈദീകനായിരുന്നു മത്തായി മലഞ്ചരുവിലച്ചൻ. അന്ന് സാമ്പത്തികം വളരെ വലിയ പ്രശ്നമായിരുന്നു. എന്നിട്ടുകൂടി അച്ചൻ 'ആയിരം മൊബൈൽ മിഷൻ' എന്ന സ്വപ്നം ഫലവത്താക്കി. അതിനായി ഒരുകൂട്ടം യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി. അവരെ സഭയോടൊപ്പം നിർത്തി.

മലങ്കര കത്തോലിക്കാ സഭയിലെ മിഷൻ പ്രവർത്തനം സാധ്യമായ സ്ഥലങ്ങളിലെല്ലാം അതുവഴി സുവിശേഷം പ്രസംഗിക്കാൻ സാധിച്ചു. നെടുമങ്ങാട്, പാറശ്ശാല, നെയ്യാറ്റിൻകര, മാർത്താണ്ഡം, കൊട്ടാരക്കര, ആയൂർ, അടൂർ, കിളിമാനൂർ, പത്തനംതിട്ട, കഴക്കൂട്ടം തുടങ്ങിയ സ്ഥലങ്ങളിൽ മൊബൈൽ മിഷൻ സുവിശേഷം പ്രസംഗിച്ചു. ധാരാളം പേർ സഭയോട് ചേർന്ന് നിൽക്കാൻ ഇത് സഹായിച്ചു. കുറവൻകോണം, മണലയം, വട്ടിയൂർക്കാവ്, തിരുവല്ലം, നെല്ലിയോട്, പാളയം, ബാലരാമപുരം, പാപ്പനംകോട്, നെട്ടയം, ചാല, ബാർട്ടൺഹിൽ, കാവടിത്തല, നാലാഞ്ചിറ തുടങ്ങി നഗരകേന്ദ്രീകൃതമായ സ്ഥലങ്ങളിൽ നിരന്തരം മൊബൈൽ മിഷൻ പ്രവർത്തിച്ചു.

"ദേവാലയങ്ങളിൽ മാറി മാറി പോകുമ്പോൾ മത്തായി അച്ചന് ഒരു കാപ്പ മാത്രമേ ഉണ്ടായിരുന്നുള്ളു. എവിടെ കുർബാനയ്ക്ക്

www.malankaralibrary.com



പോയാലും ഇത് കൊണ്ടുപോകും. ഒരു കാസായും പിലാസയും കൂടെ കാണും. ഒരു ഞായറാഴ്ച നാലും അഞ്ചും പള്ളികളിൽ കുർബാന ചൊല്ലണം. ഇന്നത്തെ സംവിധാനങ്ങൾ ഒന്നും അന്ന് ഇല്ല. യാത്രാസൗകര്യങ്ങൾ ഇല്ല. ഓടിയും നടന്നും സൈക്കിളിലും പോയാണ് വി. കുർബാന ചൊല്ലിയിരുന്നത്" അച്ചന്റെ സന്തത സഹചാരിയും അച്ചന്റെ റൂമിൽ കാര്യങ്ങൾ ഒക്കെ നോക്കിയിരുന്ന അന്നത്തെ ബ്രദർ ഇപ്പോൾ മലങ്കരസഭയിലെ പ്രിയ വൈദികൻ ഫാ. അലക്സ് കളപ്പിലയുടെ വാക്കുകളാണിവ.

മത്തായി അച്ചൻ മിഷൻ പ്രവർത്തനത്തിന് സാമ്പത്തികം കണ്ടെത്തിയിരുന്നത് നാലാഞ്ചിറയിൽ മാർ ഇവാനിയോസ് കോളജ് സ്ഥലത്ത് ഒരു ഡയറിഫാം നടത്തിക്കൊണ്ടായിരുന്നു. Small farmer's dairy farm' (Sfdf) എന്ന പേരുണ്ടായിരുന്ന ഈ ഡയറിഫാമിൽ നിന്നും ലഭിക്കുന്ന പാൽ വീടുകളിൽ വിറ്റ് അതിൽ നിന്നും മിച്ചം പിടിക്കുന്ന രൂപയാണ് അച്ചൻ മിഷൻ പ്രവർത്തനത്തിന് ഉപയോഗിച്ചിരുന്നത്. രാവിലെ 5 മണിക്ക് സൈക്കിളിൽ പട്ടത്തെ അരമനയിൽ നിന്നും എത്തുന്ന അച്ചൻ പശുക്കൾക്ക് തീറ്റ നൽകാനും അവയെ സംരക്ഷിക്കാനും കൂടെയുണ്ടായിരുന്നു, വളരെ വൃത്തിയായി ഫാം സൂക്ഷിച്ചിരുന്നു. അദ്ദേഹം എല്ലാം കഴിഞ്ഞ് റൂമിൽ (ഇപ്പോൾ കാതോലിക്കേറ്റ് സ്ഥിതി ചെയ്യുന്ന രണ്ടാമത്തെ നിലയിലെ മൂന്നാമത്തെ മുറി - ഇപ്പോഴും ഈ മുറി അവിടെയുണ്ട്.) എത്തുമ്പോൾ രാത്രി 1 മണിയാകും. വന്നപാടെ ഒരു ചാരുകസേരയിൽ ചാരിക്കിടന്ന് ഉറങ്ങും. രാവിലെ റെഡിയായി ഫാം സ്ഥിതി ചെയ്യുന്ന നാലാഞ്ചിറയിലേക്ക്. ഇങ്ങനെയുള്ള അച്ചന്റെ ദിനചര്യ മനസ്സിലാക്കിയ ഒരു കള്ളൻ അച്ചന്റെ റൂമിൽ കയറിയ രസകരമായ സംഭവം അലക്സ് അച്ചൻ ഓർക്കുന്നു.

"മത്തായി അച്ചന്റെ മുറിക്ക് താക്കോലില്ല. പതിവുപോലെ അച്ചൻ ഒരു മണിയോടുകൂടി റൂമിലെത്തി. തന്റെ കുപ്പായത്തിലെ രൂപയും ചില്ലറയും മേശപ്പുറത്ത് വച്ച് അച്ചൻ വാതിൽ പൂട്ടി. പൂട്ടുക എന്നു പറഞ്ഞാൽ അന്ന് അച്ചന്റെ മുറിക്ക് താക്കോലില്ല. രണ്ട് പാളികളും ചേർത്ത് വയ്ക്കും. അത്രതന്നെ. രാത്രി രണ്ട് മണി

www.malankaralibrary.com


കഴിഞ്ഞപ്പോൾ ഒരു കള്ളൻ പുറകുവശത്തെ പൈപ്പിൽ കൂടി അച്ചന്റെ മുറിയിൽ കയറി രൂപയെല്ലാം മോഷ്ടിച്ചു. എന്നിട്ട് താൻ പിടിക്കപ്പെടാതിരിക്കാൻ ചില്ലറ പൈസ അവിടെയും ഇവിടെയും വിതറി. രാവിലെ പള്ളിയിൽ വന്നവർ ഇതെടുത്തു. പോലീസ് നായ ഇവരുടെ പുറകെ പോയി. അച്ചന്റെ റൂമിൽ കള്ളൻ കയറിയത് വലിയ സംഭവമായി. പത്രങ്ങളിലും റേഡിയോയിലുമൊക്കെ വന്നു. പോലീസ് അന്വേഷണം ആരംഭിച്ചു. മോഷ്ടിച്ച രൂപയുമായി കള്ളൻ ആദ്യത്തെ തേക്കടി ബസ്സിന് തേക്കടിയ്ക്കുപോയി. അവിടെ പോയി കുറച്ച് സ്വർണ്ണവും ബാക്കി പൈസയ്ക്ക് ഒരു റേഡിയോയും വാങ്ങി. ഇതിനിടയിൽ പൈപ്പ് വഴി കയറി മോഷ്ടിക്കുന്ന കള്ളന്മാരെ അന്വേഷിച്ചപ്പോൾ ഒരാൾ സ്ഥലത്തില്ല എന്ന് പോലീസിന് മനസ്സിലായി. തേക്കടിയിൽ റേഡിയോ കേട്ട് നടക്കുന്ന അപരിചിതനെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചു. അവനെ അറസ്റ്റ് ചെയ്തു. പരിശോധിച്ചപ്പോൾ സ്വർണ്ണവും കിട്ടി. കള്ളൻ കുറ്റം ഏറ്റു പറഞ്ഞു. ഒരിക്കൽപ്പോലും കോടതിയിൽപ്പോകാത്ത നമ്മുടെ മത്തായി അച്ചൻ അങ്ങനെ കോടതിയിൽ പോയി. എന്നാൽ കേസ് നീണ്ടുപോയി. ഏകദേശം 15 വർഷം കഴിഞ്ഞാണ് അച്ചന് തൊണ്ടി മുതൽ കിട്ടിയത്. ഇതിനെക്കുറിച്ച് മത്തായി അച്ചൻ വളരെ രസകരമായി പറഞ്ഞിരുന്നത് ഇങ്ങനെയാണ്. എന്തായാലും കള്ളൻ മോഷ്ടിച്ചത് നന്നായി. കാരണം അവൻ മോഷിടിച്ചപ്പോൾ ഉള്ളതിനേക്കാൾ സ്വർണ്ണത്തിന് ഇപ്പോൾ അഞ്ചിരട്ടി വിലയായി. എനിക്ക് നല്ല സമ്പാദ്യം ആയി. ഇതായിരുന്നു മത്തായി അച്ചൻ. എന്തിനെയും ദൈവീക പദ്ധതിയുടെ ഭാഗമായി കണ്ടു.''

അച്ചൻ എല്ലാവരെയും ജീവന്റെ ജീവനായ് സ്നേഹിച്ചിരുന്നു. ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന സമയത്ത് അച്ചൻ തന്റെ മെറ്റഡോർ ആംബുലൻസ് വാനിൽ മഞ്ഞ ഉപ്പുമാവ്, എണ്ണ, ചക്ക, മാങ്ങ തുടങ്ങി എല്ലാ ഭക്ഷ്യവസ്തുക്കളും വിവിധ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും എത്തിച്ചിരുന്നു. ഇന്നത്തെപ്പോലെ മാസാമാസം തുണി എടുക്കുകയും കളയുകയും ചെയ്യുന്നതിനെപ്പറ്റി അന്ന് ചിന്തിക്കാൻ പറ്റില്ലായിരുന്നു. ആയിരങ്ങൾക്ക് അച്ചൻ തുണി സംഘ

www.malankaralibrary.com


ടിപ്പിച്ച് നൽകിയിരുന്നു. അതും നല്ല ഫാഷൻ ആയിട്ടുള്ള തുണികൾ. അന്നത്തെ ആൾക്കാർ ഇത്തരം തുണികൾ കണ്ടിട്ടുപോലും ഇല്ലായിരുന്നു. അച്ചന്റെ മറ്റൊരു സവിശേഷത ഭവനങ്ങൾ പണിതുകൊടുക്കുന്ന കാര്യത്തിലായിരുന്നു. എന്ന് പറഞ്ഞാൽ ഇന്നത്തെപ്പോലെയുള്ള വീടുകൾ അന്നില്ല. ചിലപ്പോൾ ഓല മേഞ്ഞ വീടായിരിക്കും. ചിലർക്ക് ഓലകൾ ചാരിവച്ച് താമസിക്കാനുള്ള സൗകര്യം ആയിരിക്കാം. അരുവിക്കര പ്രദേശത്ത് മാത്രം ഇത്തരത്തിൽ 80 വീടുകൾ അച്ചൻ പണികഴിപ്പിച്ചു. വിവിധ ദേവാലയങ്ങളിലായി 300 വീടുകൾ അച്ചൻ പണി കഴിപ്പിച്ചിട്ടുണ്ട്. അതിൽ കൂടുതൽ അക്രൈസ്തവർക്കുവേണ്ടിയാണെന്ന് ചിന്തിക്കുമ്പോൾ ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾക്കപ്പുറത്ത് ക്രിസ്തുസ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു മത്തായി അച്ചൻ എന്നു കാണാം.



**കുറവൻകോണം പാസ്റ്ററൽ എജ്യൂക്കേഷൻ സെന്റർ**

www.malankaralibrary.com

അദ്ധ്യായം 13

# അവസാന നാളുകൾ

ക്രിസ്തുപൂർണ്ണതയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ഇല്ലാതാവുകയും ചെയ്യുക, എല്ലാവർക്കും എല്ലാമായിരിക്കുക, എന്നാൽ ആർക്കും ഒന്നുമാകാതിരിക്കുക. ഇതായിരുന്നു മത്തായി അച്ചന്റെ മുദ്രാവാക്യം. സേവനോത്സുകജീവിതത്തിന്റെ തിരക്കിനിടയിൽ ആരോഗ്യം സംരക്ഷിക്കാൻ മറന്നുപോയ പ്രേഷിതവരേണ്യനായിരുന്നു അദ്ദേഹം. ജീവിതം മുഴുവൻ സഭയ്ക്കും സമുദായത്തിനും വേണ്ടി ഉഴിഞ്ഞുവയ്ക്കുന്നതിൽ അദ്ദേഹം സന്തോഷം കണ്ടെത്തി. മത്തായി അച്ചന്റെ കർത്തവ്യ നിർവ്വഹണത്തോടുള്ള വിശ്വസ്തതയും, അർപ്പണമനോഭാവവും അത്ഭുതാവഹവും അനുകരണീയവുമായിരുന്നു. ദരിദ്രരോടുകൂടി ആയിരിക്കുന്നതിലും അവരുടെ വക്താവായിരിക്കുന്നതിലും അദ്ദേഹം അഭിമാനിച്ചിരുന്നു. മത്തായി അച്ചന്റെ മിഷ്യൻപ്രവർത്തന സംരംഭങ്ങൾ സെമിനാരി വിദ്യാർത്ഥികളിൽ പ്രേഷിതപ്രവർത്തനത്തിനുള്ള ആഭിമുഖ്യം വളർത്തിയെടുക്കാൻ സഹായിച്ചിട്ടുണ്ട്.

അവസാന നാളുകളിൽ മത്തായി അച്ചൻ വൈദികരുടെയും, വൈദിക വിദ്യാർത്ഥികളുടെയും ഉത്തമ സുഹൃത്തായിരുന്നു. അകലെ നിന്നുകൊണ്ട് ആ വ്യക്തിത്വത്തെ വിലയിരുത്തിയാൽ പരുക്കൻ സ്വഭാവക്കാരനായി തോന്നാം. പക്ഷേ, അടുത്ത് പരിചയപ്പെട്ടാൽ അദ്ദേഹം ഒരു ഉത്തമ സുഹൃത്താണെന്ന് വേഗം വ്യക്തമാകും. സമർപ്പിതജീവിതക്കാരോടും വൈദികവിദ്യാർത്ഥികളോടും അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യം അളവറ്റതായിരുന്നു. വൈദികവിദ്യാർത്ഥികളുടെ രൂപീകരണത്തിൽ അദ്ദേഹം സ്വാധീനം ചെലുത്തിയിരുന്നത് സ്നേഹവും സൗഹൃദവും തുളുമ്പുന്ന മനോഭാവത്തോടെയാണ്. സെമിനാരിക്കാരുടെ പരിശീലനത്തെ സംബന്ധിക്കുന്ന കാര്യത്തിൽ ഒരുത്തമ സുഹൃത്തിന്റെ രൂപത്തിൽ അദ്ദേഹം വളരെപേരെ സഹായിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ആദരിക്കുന്നതിലും, അവരുടെ ജീവിതം ധന്യമാക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പരസ്പര ധാരണയാണ് സാഹോദര്യ

www.malankaralibrary.com


ത്തിന്റെ കാതൽ. സാമൂഹികജീവിതത്തിലെ ഏറ്റവും വലിയ ആനന്ദം പരസ്പരസഹായവും. ഈ രണ്ടു കാര്യങ്ങളിലും മത്തായി അച്ചൻ മികച്ച മാന്യത പുലർത്തിയിരുന്നു. ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കുവാനുള്ള അദമ്യമായ അന്തർദാഹം അദ്ദേഹത്തിൽ ദൃശ്യമായിരുന്നു. അദ്ദേഹത്തിന്റെ നിഷ്പക്ഷതയും സഹിഷ്ണതയും മറ്റുള്ളവരെ അങ്ങേയറ്റം ആകർഷിച്ചിരുന്നു. പട്ടം പെറ്റി സെമിനാരിയിൽ താമസിച്ചിരുന്നതിനാൽ സെമിനാരിക്ക് വ്യക്തിപരമായി അദ്ദേഹം ഒരു മുതൽക്കൂട്ടായിരുന്നു. ഒരു വൈദികൻ എന്നുള്ള നിലയിൽ ക്രിസ്തുവിലുള്ള ജീവിതം പരിപോഷിപ്പിക്കുന്നതിനും, ചുമതലകൾ നിറവേറ്റുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പ്രചോദനവും നല്കുന്നതിനും ഒരു ഉത്തമ സുഹൃത്തിനെപ്പോലെ അദ്ദേഹം വൈദിക വിദ്യാർത്ഥികളെ സഹായിച്ചിരുന്നു. മത്തായി അച്ചന്റെ നിര്യാണംമൂലം സെമിനാരിക്കാർക്ക് പ്രഗത്ഭനായ ഒരു ആദ്ധ്യാത്മിക പിതാവിനെ നഷ്ടമായി.

ബഹു. മത്തായി അച്ചൻ സ്വന്തം കഴിവിനെ ആശ്രയിക്കാതെ ദൈവികമായ നടത്തിപ്പിനുവേണ്ടി സ്വയം സമർപ്പിച്ച് വൻകാര്യങ്ങൾ നേടി. അദ്ദേഹം ആദ്ധ്യാത്മിക ചൈതന്യത്തിന്റെ അക്ഷയപാത്രവും പ്രേഷിത പ്രവർത്തനത്തിന്റെ ഉത്തമമാതൃകയും ലാളിത്യത്തിന്റെയും വിനയത്തിന്റെയും നിറകുടവുമായിരുന്നു. മത്തായി അച്ചൻ 1980 കാലഘട്ടത്തിൽ വളരെ ക്ഷീണിതനായി കാണപ്പെട്ടിരുന്നു. എന്നാൽ അതൊന്നും അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ കാണപ്പെട്ടിരുന്നില്ല.

വളരെ സ്വസ്ഥമായി എല്ലാവരോടും അച്ചൻ സംസാരിക്കും. അന്യദേശത്ത് തന്നെ ഏൽപ്പിച്ച ദൗത്യം വിജയകരമായി പൂർത്തിയാക്കി സ്വന്തം പിതാവിന്റെ ഭവനത്തിലേക്കു മടങ്ങാൻ ഒരുങ്ങുന്ന പുത്രന്റെ ആത്മനിർവൃതി അച്ചന്റെ മുഖത്ത് ദൃശ്യമായിരുന്നു.

എപ്പോഴും പ്രാർത്ഥനയോടെയിരിക്കാൻ അച്ചൻ ഇഷ്ടപ്പെട്ടിരുന്നു. കൊന്ത കൈയ്യിൽ കരുതിയിരുന്നു. നടക്കുവാൻ പ്രയാസപ്പെട്ടിരുന്നുവെങ്കിലും ചെറിയ വേദനകൾ അദ്ദേഹം നിശബ്ദം സഹിക്കുമായിരുന്നു.

www.malankaralibrary.com


അച്ചന്റെ കൂടെ അനേകം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജോണിക്കുട്ടി അച്ചൻ (റവ. ഫാ. ജോൺ അരീക്കൽ) ഓർമ്മിക്കുന്നത് : അച്ചന്റെ മുഖം എപ്പോഴും പ്രകാശപൂരിതമായിരുന്നു എന്നതാണ്. ജോണി കുട്ടിയച്ചനുമായി ഒരു പ്രത്യേകബന്ധം മത്തായി അച്ചന് ഉണ്ടായിരുന്നു. ആയതിനാൽ അച്ചനുമായി മണിക്കൂറുകളോളം സംസാരിക്കുമായിരുന്നു. മുറിയോട് ചേർന്നും അല്ലാതെയും അനേകം പുഷ്പങ്ങളും മരങ്ങളും അച്ചൻ നട്ടുപിടിപ്പിച്ചവ വളർന്ന് പന്തലിച്ച് നിൽപ്പുണ്ടായിരുന്നു. അവയെ നോക്കി അച്ചൻ നിൽക്കും. തറയിൽ വീഴുന്ന പഴങ്ങളും കോക്കക്കായും ജാതിക്കായും പറക്കിയെടുത്ത് സൂക്ഷിക്കാൻ അദ്ദേഹം നിർദ്ദേശം നൽകിയിരുന്നു.

ഭക്ഷണത്തിന്റെ കാര്യത്തിൽ യാതൊരുവിധ പരാതിയും അദ്ദേഹം പ്രകടമാക്കിയിരുന്നില്ല. ഉപ്പ്, പുളി കുറയുക ഇത്തരം പരാതി പറയുന്ന ശീലം അച്ചൻ കാണിച്ചിരുന്നില്ല. മറ്റുള്ളവരുമായി ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ കാര്യങ്ങളോടൊപ്പം തമാശകളും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ അച്ചനെ കാണാൻ വന്ന സിസ്റ്റേഴ്സിനോട് ഭക്ഷണം കഴിച്ചിട്ട് പോകാൻ ആവശ്യപ്പെട്ടു. സിസ്റ്റേഴ്സിന് എല്ലാപേർക്കും കൂടി കഴിക്കാനുള്ള ഭക്ഷണം ഇല്ലായിരുന്നു. ഇതറിഞ്ഞ അച്ചൻ അവരോട് വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ പുറത്ത് നിന്ന് വാങ്ങിയ ഭക്ഷണം അച്ചൻ അവർക്ക് നൽകി. എല്ലാവരോടും കരുതൽ അച്ചനുണ്ടായിരുന്നു.

വിശ്രമമില്ലാത്ത അച്ചന്റെ യാത്ര പെട്ടെന്ന് അദ്ദേഹത്തെ രോഗഗ്രസ്ഥനാക്കി. ഒരുദിവസം പെട്ടെന്ന് അച്ചന് രോഗം മൂർച്ഛിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അദ്ദേഹത്തിന്റെ സമീപം സഹോദരങ്ങളും വൈദീകരും സന്യസ്തരും വിശ്വാസികളുമായി ഒരുകൂട്ടം പേർ പ്രാർത്ഥനാമഞ്ജരികൾ ഉരുവിട്ടുകൊണ്ട് നിൽപ്പുണ്ടായിരുന്നു.

അന്ത്യകൂദാശ സ്വീകരിച്ച അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ട് എല്ലാവരേയും നോക്കി. പൗരോഹിത്യജീവിതകാലത്ത് ഒരു നിമിഷം പോലും നഷ്ടപ്പെടുത്താതെ കർമ്മനിരതനായി ജീവിതം ചെലവ

www.malankaralibrary.com


ഴിച്ച അച്ചൻ ഒരുപാട് സുകൃതങ്ങളുടെ നന്മനിറഞ്ഞ ഓർമ്മകൾ അവ ശേഷിപ്പിച്ച് നമ്മെവിട്ട് പിതൃഭവനത്തിലേയ്ക്ക് പറന്നുപോയി.

ഒരു ഫ്രഞ്ച് കവി ഒരു ആദർശ വൈദീകനെപ്പറ്റി ഇങ്ങനെ പാടി.

*"To live in the midst of the world*
*Without wishing its pleasures.*
*To be a members of each family*
*Yet belonging to none*
*To share all suffering.*
*To heal all wounds,*
*To go from men to God*
*And offer their prayers,*
*To return from God to men*
*To bring pardon and hope.*
*To teach and to pardon*
*Console and bless always.*
*My God what a life*
*and it is yours,*
*O' priest of Jesus Christ!"*

മത്തായി അച്ചന്റെ ജീവിതത്തിൽ ഈ വരികൾ അന്വർത്ഥ മായി.

എനിക്ക് അവധി കിട്ടിയിരിക്കുന്നു. സഹോദരങ്ങളെ എന്നെ യാത്രയാക്കുക. എല്ലാവരേയും പ്രണമിച്ച് ഞാൻ വിടവാങ്ങുന്നു. വീടിന്റെ താക്കോൽ ഞാൻ മടക്കിത്തരുന്നു. അതിന്മേലുള്ള യാതൊരു അവകാശവും ഞാൻ ഇനി കൈവശം വയ്ക്കുന്നില്ല. എല്ലാവരുടെയും അനുഗ്രഹമാണ് എനിയ്ക്ക് വേണ്ടത്, രാത്രി അവ സാനിച്ചു, പ്രഭാതമായി മുറിയിലെ വിളക്ക് അണഞ്ഞു, ഇതാ ഞാൻ

www.malankaralibrary.com



വിളികേൾക്കുന്നു. ഞാൻ ഇറങ്ങുകയാണ്. വിടവാങ്ങുന്ന ഈ അവസരത്തിൽ എല്ലാവരും എനിക്ക് മംഗളം ആശംസിക്കുക.

(ഗീതാഞ്ജലി 93)

അച്ചന്റെ ഭൗതീകശരീരം സംസ്ക്കരിക്കാനുള്ള നടപടികൾ സഭാനേതൃത്വം കൈക്കൊണ്ടു, അച്ചന്റെ മാതൃ ഇടവകയായ ഉള്ള ന്നൂർ മലങ്കര കത്തോലിക്ക ദൈവാലയത്തിൽ മൃതശരീരം എത്തി ക്കാനുള്ള നടപടികൾ ആരംഭിച്ചു. അച്ചന്റെ പാവനശരീരം കുറ വൻകോണം പള്ളിയിലും സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിലും എത്തിയപ്പോഴും ഭക്തസാധനങ്ങൾ, പുഷ്പദളങ്ങൾ എന്നിവ തൊടു വിക്കാനുള്ള ആളുകളുടെ വ്യഗ്രത - അതിശയിപ്പിച്ചു. അനേകംപേർ അച്ചനെ കാണാൻ പ്രാർത്ഥനയോടെ നിന്നു.

1989 ഏപ്രിൽ മൂന്നിന് രാവിലെ 11 മണിയ്ക്ക് തിരുവനന്ത പുരം അതിഭദ്രാസനാദ്ധ്യക്ഷൻ റൈറ്റ്. റവ. ബെനഡിക്ട് മാർ ഗ്രിഗോ റിയോസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ശുശ്രൂഷകൾ ആരം ഭിച്ചു. നിറകണ്ണുകളോടെ സഹോദരങ്ങളും ചാർച്ചക്കാരും വൈദീ കരും സിസ്റ്റേഴ്സും ആൽമായരും കൊച്ചുകുട്ടികളും നിലകൊണ്ടു. തുടർന്ന് പള്ളിയോടു ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു. തുടർന്ന് ചരമ അനുസ്മരണവും നടന്നു.

കറയറ്റ ജീവിതമാണ് പക്വതയാർന്ന വാർദ്ധക്യം, ദൈവത്തെ പ്രീതിപ്പെടുത്തിയ ഒരുവനുണ്ടായിരുന്നു. അവനെ അവിടുന്ന് സ്നേഹിച്ച പാപികളുടെ ഇടയിൽ വസിക്കുമ്പോൾ അവൻ സംവ ഹിക്കപ്പെട്ടു. ഹ്രസ്വകാലംകൊണ്ട് പൂർണ്ണത കൈവരിച്ചതിനാൽ ദീർഘകാലം പിന്നിട്ടു. കർത്താവിന് പ്രീതികരനാകുവാൻ തിന്മ യുടെ മദ്ധ്യത്തിൽ നിന്നും കർത്താവ് അവനെ രക്ഷിച്ചു (ജ്ഞാനം 10: 13-14).

മത്തായി അച്ചന്റെ മരണം വലിയ ശൂന്യത അച്ചൻ സ്നേഹി ച്ചിരുന്ന ജനങ്ങളിലുണ്ടാക്കി. തിരുവല്ലം പള്ളിയിൽ അച്ചൻ മരിച്ച ദിവസം രാവിലെ പള്ളി തുറന്നപ്പോൾ, ഓടുകൾ പൊട്ടി തറയിൽ വീണിരിക്കുന്നത് കണ്ട് ആളുകൾ ഓടിക്കൂടി. അനേകം പ്രാവുകൾ പള്ളിയിൽ വസിച്ചിരുന്നു. ഓടുകൾ പൊട്ടിയത് എങ്ങനെയെന്ന്

www.malankaralibrary.com



ആർക്കും മനസ്സിലായില്ല. എന്നാൽ പ്രാവുകളെ അന്വേഷിച്ച ജനങ്ങൾക്ക് ഒരു പ്രാവിനെ പോലും കാണാൻ കഴിഞ്ഞില്ല. ഈ സംഭവത്തിന് അന്ന് സൺഡേസ്കൂൾ കുട്ടിയായിരുന്ന ഈ ഗ്രന്ഥകർത്താവ് സാക്ഷിയാണ്. അച്ചന്റെ മരണശേഷം 27 വർഷമായി പഴയ പള്ളി മാറ്റി പുതിയ പള്ളി പണിഞ്ഞു. എന്നാൽ ഇതുവരെയും പ്രാവുകൾ കൂട് കൂട്ടാൻ തിരുവല്ലം പള്ളിയിൽ എത്തിയിട്ടില്ല, പ്രാവിനെ പോൽ നിഷ്കളങ്കനായിരുന്നു ഫാ. മത്തായി മലഞ്ചരുവിൽ.

മണ്ണിലെ നക്ഷത്രമായി മിന്നിയ ധ്യാനാചര്യനെ,
വിണ്ണിലെ നക്ഷത്രമായ് നീ വിളങ്ങുന്നു വന്ദ്യനാം ഗുരോ,
നമിച്ചീടുന്നു നിൻ പാദാരവിന്ദത്തിൽ.



www.malankaralibrary.com







www.malankaralibrary.com

### അദ്ധ്യായം 14

# കുടുംബാംഗങ്ങൾ


മലഞ്ചരുവിൽ മത്തായി സാർ - ഏലിയാമ്മ ദമ്പതികളുടെ കടിഞ്ഞൂൽ സന്തതി കുഞ്ഞമ്മ ഒന്നര വയസ്സിൽ മരണപ്പെട്ടു.

**1. ഫാ. ജോർജ്ജ് മലഞ്ചരുവിൽ**



മത്തായി സാറിന്റെ കനിഷ്ഠപുത്രനാണ് ഫാ. ജോർജ്ജ് മലഞ്ചരുവിൽ. തിരുവനന്തപുരം അതിരൂപതയിലെ വൈദികനായിരുന്ന അദ്ദേഹം വിദ്യാഭ്യാസ രംഗത്ത് ചെയ്തിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. തിരുവനന്തപുരത്തെ പ്രശസ്ത കലാലയമായ മാർ ഈവാനിയോസ് കോളേജിന്റെ ആരംഭം മുതൽ അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ അദ്ദേഹം ചെയ്ത സംഭാവനകൾ ഓർമ്മിക്കപ്പെടുന്നതാണ്. മാർ ഈവാനിയോസ് കോളേജിന്റെ ബർസാർ, ഹോസ്റ്റൽ വാർഡൻ, ഈവാനിയോസ് കോളേജിന്റേയും അഞ്ചൽ സെന്റ് ജോൺസ് കോളേജിന്റെയും പ്രിൻസിപ്പൽ എന്നീ നിലകളിൽ അദ്ദേഹം സേവനമുഷ്ഠിച്ചു. അതിരൂപതയുടെ വിവിധ ദൈവാലയങ്ങളിലും വികാരിയായി നിസ്തുല സേവനമർപ്പിച്ചു. 1994 ഡിസംബർ 22-ാം തീയതി 70-ാം വയസ്സിൽ ദിവംഗതനായി.

**2. ശ്രീ. മലഞ്ചരുവിൽ ഏബ്രഹാം**



കറ്റാനം പോപ്പ് പയസ് ഹൈസ്കൂളുകളിലും ട്രെയിനിംഗ് സ്കൂളിലും അദ്ധ്യാപനായും ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുള്ള മലഞ്ചരുവിൽ എബ്രഹാം സർവ്വീസിൽ നിന്ന് വിരമിച്ച ശേഷം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സജീവ സാന്നിദ്ധ്യമായി. മല

www.malankaralibrary.com


ങ്കര സഭയുടെ കീഴിലുള്ള ഓമല്ലൂർ ആര്യ ഭാരതി സ്കൂളിലും ഹെഡ് മാസ്റ്ററായി. ഗൃഹസ്ഥാശ്രമിയായിരുന്ന എം. എബ്രഹാം 1996 ജൂലൈ 6ന്, 67-ാം വയസ്സിൽ നിര്യാതനായി.

**3. സിസ്റ്റർ ഹെലന**



തിരുവനന്തപുരം മേജർ അതിരൂപതയുടെ കീഴിലെ നാലാഞ്ചിറ ബഥനി മഠത്തിലും വയനാട് ബത്തേരി രൂപതയ്ക്കു കീഴിലെ ബഥനി മഠത്തിലുമായി 58 കൊല്ലം സിസ്റ്റർ ഹെലന സേവനമനുഷ്ഠിച്ചു. അദ്ധ്വാനിയും മികച്ച മിഷണറിയുമായിരുന്നു. വിരമിച്ച് രണ്ടുകൊല്ലം കഴിഞ്ഞ് എഴുപത്തിയാറാം വയസ്സിൽ, 2009 ജനുവരി 20ന് കർത്താവിൽ വിലയം പ്രാപിച്ചു.

**4. സിസ്റ്റർ ബർക്മാൻസ്**



മലങ്കര സഭയുടെ കീഴിൽ ബഥനി മഠത്തിന്റെ നിയന്ത്രണത്തിലുള്ള ഒട്ടേറെ സ്കൂളുകളിൽ ജോലി ചെയ്ത സിസ്റ്റർ ബർക്മാൻസ് ഇപ്പോൾ തിരുവനന്തപുരം ബഥനി മഠത്തിൽ വിശ്രമ ജീവിതത്തിലാണ്.

**5. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ**

മത്തായിസാർ-ഏലിയാമ്മ ദമ്പതിമാരുടെ ഏഴാമത്തെ സന്താനമാണ് മലങ്കര കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തയായിരുന്ന മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരുമേനി. ജയിംസ് എന്ന് മാമ്മോദീസസ പേരുള്ള അദ്ദേഹം 16-ാമത്തെ വയസ്സിൽ ബഥനി ആശ്രമത്തിൽ ചേർന്നു. 1960 ഒക്ടോബർ 4ന് വൈദികപട്ടം സ്വീകരിച്ച അദ്ദേഹം റോമിലും അമേരിക്കയിലും ഉപരിപഠനം നടത്തി. 1974-ൽ ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി സ്ഥാനമേറ്റു. 1978 ഡിസംബർ 28ന് മെത്രാനായി

www.malankaralibrary.com





അഭിഷിക്തനായി. 1979 ഫെബ്രുവരി 2ന് ബത്തേരി രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റു. 1995 ഡിസംബർ 14ന് മലങ്കര കത്തോലിക്കാ സഭയുടെ 3-ാമത്തെ മെത്രാപ്പോലീത്തായായും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ ആർച്ച് ബിഷപ്പുമായി സ്ഥാനാരോഹണം ചെയ്യപ്പെട്ട് പുനരൈക്യ പ്രസ്ഥാനത്തിന്റെ അമരക്കാരനായി. 2005-ൽ ഫെബ്രുവരി 10ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ് കാതോലിക്കോസായി സ്ഥാനമേറ്റു. 72-ാമത്തെ വയസ്സിൽ 2007 ജനുവരി 18-ന് കാലംചെയ്തു.

അഭിവന്ദ്യ ബസേലിയോസ് ബാവയെക്കുറിച്ചുള്ള ഒരു പ്രത്യേക ലേഖനം അടുത്ത അദ്ധ്യയത്തിൽ ചേർത്തിരിക്കുന്നു.

**6. സിസ്റ്റർ എവുജീനിയ**



ബഥനി സന്യാസിനി പട്ടം നേടിയശേഷം അദ്ധ്യാപികയായി തുടക്കം. നാലാഞ്ചിറ സെന്റ് ഗൊരേറ്റി ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപികയായി ഏറെ വർഷങ്ങൾ. വിരമിച്ച ശേഷം കുറവൻകോണത്ത് ഇൻഫന്റ് ജീസസ് സ്കൂളിൽ പ്രിൻസിപ്പൽ ആയി ചാർജ്ജ് ഏറ്റെടുത്തു. അന്നത് ലോവർ പ്രൈമറി സ്കൂളായിരുന്നു. സ്വപ്രയത്നം കൊണ്ട് സി.ബി.എസ്.ഇ., ഹൈസ്കൂളും ഹയർ സെക്കന്ററിയുമാക്കി ഉയർത്തി. 2015 ആഗസ്റ്റ് 18-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

**7. സിസ്റ്റർ ഫെലീഷ്യ**

ബഥനി സന്യാസിനി സമൂഹാംഗമായ സിസ്റ്റർ തിരുവനന്തപുരം ബഥനി സന്യാസിനി സമൂഹത്തിന്റെ വിവിധ മഠങ്ങളിൽ സേവ


www.malankaralibrary.com




നമനുഷ്ഠിച്ചു. തുടർന്ന് ബത്തേരി രൂപത യിലെ ബഥനി മഠങ്ങളിൽ സേവനമനുഷ്ഠി ക്കുകയും വിവിധ വികസന പ്രവർത്തന ങ്ങളിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്തു. പിരപ്പൻകോട് കമ്മ്യൂണിറ്റി മെഡിക്കൽ സെന്ററിൽ അഡ്മിനിസ്ട്രേറ്റർ സേവനമനു ഷ്ഠിച്ചു. മികച്ച മിഷണറിയായിരുന്ന സിസ്റ്റർ 2016 ഏപ്രിൽ ഒന്നിന് കർത്താവിൽ നിദ്ര പ്രാപിച്ചു.

## 8. ഡോ. ജോസഫ് മാത്യു - കാലിഫോർണിയ

ബിരുദാനന്തര ബിരുദവും മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയ ജോസഫ് മാത്യു കാലി ഫോർണിയ പാറ്റൻ സ്റ്റേറ്റ് ഹോസ്പിറ്റലിൽ നിന്ന് ഡയറക്ടറായി വിരമിച്ചു. ഗൃഹസ്ഥ നായ ഡോക്ടർ സകുടുംബം അമേരിക്ക യിലാണ് താമസം. അമേരിക്കയിലെ വിവിധ ആശുപത്രികളിൽ കൺസൾ ട്ടന്റായും കാലിഫോർണിയ കത്തോലിക്കാ രൂപതയിൽ മാനസികരോഗ ചികിത്സാ രംഗത്തും ഡോ. ജോസഫ് മാത്യു പ്രവർത്തിക്കുന്നു.



## 9. ശ്രീ. ജോൺ മത്തായി ഐ.എ.എസ്.




മലഞ്ചരുവിൽ കുടുംബത്തിലെ ഏറ്റവും ഇളയയാളാണ്. 1971 ൽ ഐ.എ. എസ്. പാസായ അദ്ദേഹം സംസ്ഥാനത്ത് കള ക്ടറായും വിവിധ വകുപ്പുകളുടെ സെക്രട്ടറി യായും കഴിവു തെളിയിച്ചു. കേന്ദ്ര സർക്കാ രിലും കേരളാ ഗവ. റവന്യൂ ബോർഡ് അംഗവുമായും സ്തുത്യർഹ സേവന

www.malankaralibrary.com




മനുഷ്ഠിച്ചു. തുടർന്ന് സമർത്ഥനായ സംസ്ഥാന ചീഫ് സെക്രട്ടറി യായി. സിവിൽ സർവ്വീസിൽ വിസ്മയം തീർത്ത ഉന്നതോദ്യോഗ സ്ഥൻ തിരുവനന്തപുരത്ത് സകുടുംബം താമസിക്കുന്നു. തിരുവന ന്തപുരം മേജർ അതിരൂപതയുടെ അജപാലന സമിതി സെക്രട്ടറി യായും സേവനമനുഷ്ഠിച്ചു.





**മലഞ്ചരുവിൽ കുടുംബം**

www.malankaralibrary.com



www.malankaralibrary.com

അദ്ധ്യായം 15

# മലങ്കര സഭയുടെ ഒന്നാം കാതോലിക്ക - സിറിൽ മാർ ബസ്സേലിയോസ് മേജർ ആർച്ച് ബിഷപ്, മത്തായി അച്ചന്റെ ഇളയ സഹോദരൻ.



**ഫാ. ജെയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി.**

സന്യാസ ചൈതന്യത്തിലൂടെ മേൽപ്പട്ട ശുശ്രൂഷയെ സുദീപ്തമാക്കിയ സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെ ഓർമ്മ സഭാമക്കൾക്ക് അനുഗ്രഹമായിത്തീരട്ടെ. നമ്മുടെ കൂട്ടത്തിൽ ഒരുവനായി, നമ്മൾ ജീവിക്കുന്ന ഭൂമിയിലൂടെ ജീവിച്ചു കടന്നുപോയ സിറിൽ കാതോലിക്കാ ബാവായുടെ വീക്ഷണങ്ങൾക്കും നേതൃത്വ

www.malankaralibrary.com


ത്തിനും ഒരു പ്രത്യേക മനോഹാരിത ഉണ്ടായിരുന്നു. സ്വജീവിത വിശുദ്ധിയും സഭയുടെ പുകഴ്ചയും സാധിതമാക്കിയ പിതാവിന്റെ ജീവിതത്തിലെ ചില സവിശേഷതകൾ അനുസ്മരിക്കാൻ ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നു.

**കുടുംബ പശ്ചാത്തലം**

സഭാ ശുശ്രൂഷയ്ക്കനുയോജ്യമായ കുടുംബപശ്ചാത്തലവും ബാല്യകാലവും നൽകിക്കൊണ്ട് ബസ്സേലിയോസ് തിരുമേനിയെ സഭാ ശുശ്രൂഷയ്ക്കായി ദൈവം ഒരുക്കിയിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മലഞ്ചരുവിൽ മത്തായിസാർ അദ്ധ്യാപക ജോലി നിർവ്വഹിച്ചിരുന്നതോടൊപ്പം സുവിശേഷവേലയും ചെയ്തിരുന്നു. ബഥനി മെത്രാനായിരുന്ന മാർ ഈവാനിയോസ് തിരുമേനി ബഥനി മിഷൻ, ബഥനിപ്പള്ളികൾ എന്നിവ വഴി നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്ന കാലത്ത് അദ്ദേഹത്തോടൊപ്പം, മത്തായി സാറും പ്രവർത്തിച്ചിരുന്നു. സ്വദേശമായ ഉള്ളന്നൂരിൽ ഒരു ബഥനിപ്പള്ളി സ്ഥാപിക്കാനിടയായത് ഈ സാഹചര്യത്തിലാണ്. 1930-ൽ, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ മാർ ഈവാനിയോസ് തിരുമേനി തീരുമാനിച്ച വേളയിൽ, ബഥനി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഇടപാടുകൾ തീർക്കുന്ന 'ബഥനി യോഗം' മീറ്റിംഗുകളിൽ പ്രസ്തുത ബഥനിപ്പള്ളിയെപ്പറ്റി തീരുമാനം എടുത്തിരുന്നുവെന്നുള്ളത് ഇതിന് തെളിവാണ്. ബഥനി വസ്തുക്കൾ പരിപാലിച്ചു നടത്തേണ്ടതിനെപ്പറ്റി ബഥനി യോഗം എടുത്ത തീരുമാനം ബഥനി ട്രസ്റ്റികളെ ഇങ്ങനെ ചുമതലപ്പെടുത്തുന്നു: ''മലഞ്ചരുവിൽ മത്തായി വാധ്യാരോട് കടം വാങ്ങി സമ്പാദിച്ചിട്ടുള്ളതും, നിലനിറുത്തു സംഖ്യകൾ അടയ്ക്കേണ്ടതുമായി പന്തളത്തെ വസ്തുക്കൾ വിറ്റ് കടം വീട്ടേണ്ടതാകുന്നു.'' മത്തായി സാർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാൻ ആദ്യം വിമുഖനായിരുന്നെങ്കിലും, താമസിയാതെ

www.malankaralibrary.com


പുനരൈക്യപ്പെട്ട അദ്ദേഹം, പല വിധത്തിൽ പുനരൈക്യ ശുശ്രൂഷയെ ശക്തിപ്പെടുത്തി. തിരുവനന്തപുരം അതിരൂപതയുടെ മുക്ത്യാർ ആയി 1964 വരെ പ്രവർത്തിക്കുകയും ചെയ്തു. സിറിൽ പിതാവിന്റെ മാതാവ് ശ്രീമതി ഏലിയാമ്മ ദൈവഭക്തയും മക്കളെ ദൈവമാർഗത്തിൽ വളർത്തുന്നതിൽ ശ്രദ്ധാലുവുമായിരുന്നു. ഇവരുടെ മൂത്തമക്കൾ രണ്ടുപേർ തിരുവനന്തപുരം അതിരൂപതയിൽ വൈദികരും, നാലു പെൺമക്കൾ ബഥനി സന്യാസിനി സമൂഹത്തിൽ സന്യാസിനികളും ആയിരുന്നു. മറ്റ് മൂന്ന് മക്കൾ കുടുംബജീവിതം നയിച്ചുകൊണ്ട് സമൂഹത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. കുടുംബത്തിലെ ഏഴാമത്തെ സന്താനമായി പിറന്ന സിറിൽ പിതാവിന്റെ, വീട്ടിലെ പേര് ജയിംസ് എന്നായിരുന്നു. അനുദിനം യാമപ്രാർത്ഥന, വേദപുസ്തക വായന, ജപമാല പ്രാർത്ഥന എന്നിവ നടത്തിയിരുന്ന കുടുംബാന്തരീക്ഷത്തിൽ വളർന്ന ജയിംസിനും ആദ്ധ്യാത്മിക വഴി തിരഞ്ഞെടുക്കാനുള്ള ആഗ്രഹം ഉണ്ടായി.

**സന്യാസ ജീവിതം**

പത്താം ക്ലാസ്സ് ജയിച്ചപ്പോൾ മൂത്ത സഹോദരന്മാരെപ്പോലെ ഒരു വൈദികനാകണമെന്ന ആഗ്രഹവുമായി 1950-ൽ ജയിംസ്, മാർ ഈവാനിയോസ് തിരുമേനിയെ സമീപിച്ചു. മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം പുനഃസംഘടിപ്പിക്കുകയും ബഥനിയിലേയ്ക്ക് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. അതുകൊണ്ട് അദ്ദേഹം ജയിംസിനോട് "നീ അതിരൂപതാ സെമിനാരിയിൽ ചേരണ്ട. ബഥനി ആശ്രമത്തിൽ ചേരുക" എന്നു പറഞ്ഞു. അക്കാലത്ത്, താല്ക്കാലിക ജനറലേറ്റ് ആയി പ്രവർത്തിച്ചിരുന്ന ചെങ്ങന്നൂർ സെന്റ് തോമസ് മിഷൻ ഹൗസിൽ ചെന്ന ജെയിംസിനെ, സമൂഹാദ്ധ്യക്ഷൻ ഫാദർ ജോഷ്വ ഒ.ഐ.സി. അർത്ഥിയായി സ്വീകരിച്ചു. പരിശീലനഘട്ടങ്ങൾക്കു

www.malankaralibrary.com


ശേഷം 1952 ജനുവരി അഞ്ചാം തീയതി നവസന്യാസ പരിശീലനം ആരംഭിച്ച ജയിംസ് 1953 മാർച്ച് 18-ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. അന്ന് അദ്ദേഹത്തിന് നല്കപ്പെട്ട നാമമാണ് ബ്രദർ സിറിൽ. ബഥനി ആശ്രമത്തിന്റെ ഭരണം അക്കാലയളവിൽ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരുന്നതിനാൽ, PIEME സമൂഹാംഗമായിരുന്ന ഫാദർ അഗസ്റ്റിൻ ലൊംബാർഡി എന്ന ഇറ്റാലിയൻ വൈദികനാണ് ബ്രദർ സിറിൽ ഉൾപ്പെടെയുള്ള നവവ്രതസ്ഥരുടെ വ്രതവാഗ്ദാനം സ്വീകരിച്ചത് എന്നുള്ളത് സവിശേഷതയുള്ള കാര്യമാണ്.

തുടർന്നുള്ള ഒരു വർഷം, സെമിനാരി പരിശീലനത്തിനാവശ്യമായ ഭാഷാപഠനത്തിനുള്ള കാലമായിരുന്നു. ബഥനി ആശ്രമം വൈദിക വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു പഠനഗൃഹം പൂനായിൽ ആരംഭിക്കുന്നത് ഇക്കാലത്താണ്. 1954-ൽ സ്ഥാപിതമായ പൂനാ ബഥനി ആശ്രമത്തിലേയ്ക്ക് അയയ്ക്കപ്പെട്ട ആദ്യത്തെ ബാച്ചിൽ ബ്രദർ സിറിലും ഉണ്ടായിരുന്നു. സ്വഭാവരൂപീകരണത്തിന്റെ ഭാഗമായി പഠിച്ച ഏകാഗ്രത, ആത്മധൈര്യം, വിവേകം, സംഭാഷണനിപുണത, ഔദാര്യം, സഹാനുഭൂതി, സേവനചൈതന്യം, സൗമ്യത, പൊതുകാര്യതാത്പര്യം എന്നീ ഗുണങ്ങൾ ശരിയാം വണ്ണം അഭ്യസിക്കാൻ ഈ കാലയളവിൽ ബ്രദർ സിറിലിനായി. ഈ കാലഘട്ടത്തിൽ വിശുദ്ധ തോമസ് അക്വിനാസ് എഴുതിയ 'സുമ്മാ തിയോളജിക്കാ' പോലെയുള്ള പ്രധാന ഗ്രന്ഥങ്ങൾ വായിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ദൈവശാസ്ത്ര രൂപീകരണത്തിൽ വലിയ പ്രയോജനം ചെയ്തു. 1960 ഒക്ടോബർ 4-ന് വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം പൂനാ പേപ്പൽ സെമിനാരിയിൽ വച്ച് സിറിൽ ശെമ്മാശൻ വൈദികപട്ടം സ്വീകരിച്ചു.

സിറിൽ അച്ചൻ തിരുവനന്തപുരം, നെടുമങ്ങാട് എന്നീ പ്രദേശങ്ങളിൽ പ്രേഷിത വേലയിൽ നിയമിക്കപ്പെട്ടു. മാർ ഈവാനി

www.malankaralibrary.com


യോസ് തിരുമേനി റോമാ സന്ദർശനം നടത്തിയ 1932 മുതൽ ബഥനി ആശ്രമാംഗങ്ങളിൽ ഒരാളെ ഉപരിപഠനത്തിന് റോമിൽ അയയ്ക്കണമെന്ന് ആശ്രമാംഗങ്ങൾ ആഗ്രഹിച്ചിരുന്നെങ്കിലും, അത് സാധിച്ചിരുന്നില്ല. അതിന് ആദ്യമായി അവസരം ലഭിക്കുന്നത് സിറിൽ അച്ചനാണ്. 1961 സെപ്റ്റംബർ 9-ന് കാനൻ നിയമത്തിൽ ഉപരിപഠനം നടത്തുന്നതിനായി സിറിൽ അച്ചൻ റോമിലേക്ക് അയയ്ക്കപ്പെട്ടു.

ഏതുകാര്യവും അതിന്റെ സമഗ്രതയിൽ മനസ്സിലാക്കണമെന്നും, തന്റെ അറിവ് ആധികാരികതയുള്ളതായിരിക്കണമെന്നും അദ്ദേഹത്തിന് എക്കാലവും നിർബന്ധമുണ്ടായിരുന്നു. ഡോക്ടറൽ പ്രബന്ധം തയ്യാറാക്കുന്ന കാര്യത്തിലും ഈ കാര്യം അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. The Syro Malankara Church എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രബന്ധം. യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കപ്പെട്ട പ്രബന്ധം വായിച്ച ഒരു പ്രൊഫസർ defence-നു മുമ്പു തന്നെ സിറിലച്ചനെ അഭിനന്ദിച്ചു. Defence-നു മുമ്പ് ലൈബ്രറിയിൽ വായിച്ചുകൊണ്ടിരുന്ന സിറിലച്ചനെ കണ്ടപ്പോൾ, കാനൻ നിയമ വിദഗ്ദനായ ഈശോ സഭാ വൈദികൻ ഇവാൻ സൂസേക്, “Father, I have read your thesis. Have you seen all the documents?” എന്ന് ചോദിക്കുകയും “Yes Father, I have seen them” എന്ന് സിറിൽ അച്ചൻ മറുപടി നൽകുകയും ചെയ്തു. ആധികാരികതയുള്ള ഈ പഠനത്തിന് ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കും സ്വർണ്ണ മെഡലും സിറിൽ അച്ചന് ലഭിച്ചു. 1965 ഡിസംബർ 23-ന് തിരികെയെത്തിയ സിറിലച്ചൻ മലങ്കരസഭയ്ക്കുവേണ്ടിയും, കേരള സഭയ്ക്കുവേണ്ടിയും വ്യത്യസ്ത വിധത്തിൽ സേവനം ചെയ്തു. തുടർന്ന് മനഃശാസ്ത്രത്തിൽ അമേരിക്കയിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരവും സിറിലച്ചനു ലഭിച്ചു. 1974-ൽ ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറലായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഉത്തരവാ

www.malankaralibrary.com


ദിത്വവും സ്വാതന്ത്ര്യവും സമന്വയിപ്പിച്ചുകൊണ്ട് കർമ്മനിരതരാകുന്നതിന് സമൂഹാംഗങ്ങളെ പ്രാപ്തരാക്കുന്ന കാര്യങ്ങൾ സമൂഹത്തിൽ നടപ്പാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. അങ്ങനെ ബഥനിയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുമ്പോഴാണ് ബത്തേരിരൂപത സ്ഥാപിതമാകുന്നതും അതിന്റെ പ്രഥമാദ്ധ്യക്ഷനായി സിറിലച്ചൻ നിയമിതനാകുന്നതും.

**ബത്തേരി രൂപതാദ്ധ്യക്ഷൻ**

സന്യാസ ജീവിതത്തെ സഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷകളോട് ബന്ധിപ്പിക്കുകയും പൗരസ്ത്യ സന്യാസ ജീവിതത്തിന് നിയമം ക്രോഡീകരിക്കുകയും ചെയ്ത ആൾ എന്ന് ഖ്യാതിനേടിയിട്ടുള്ള വി. ബസ്സേലിയോസിനെയാണ് മേൽപ്പട്ട സ്വീകരണ വേളയിൽ സംരക്ഷക വിശുദ്ധനായി തിരഞ്ഞെടുത്തത്. ‘‘എല്ലാ കാര്യങ്ങളും ഉചിതമായും ക്രമമായും ചെയ്യുക’’ (1 കോറി 14: 40) എന്ന് ഉപദേശത്തിന് പ്രാധാന്യം കൊടുത്തിരുന്ന വി. ബസ്സേലിയോസിന്റെ ശൈലി സിറിൽ പിതാവ് സ്വായത്തമാക്കിയിരുന്നു. ബത്തേരി രൂപതാദ്ധ്യൻ എന്ന അദ്ദേഹത്തിന്റെ ഉത്തരവാദിത്ത നിർവ്വഹണത്തിൽ, ഒരു ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ ദൈവജനത്തെയും സന്യസ്തരെയും വൈദികരെയും അംഗീകരിച്ചുകൊണ്ടും ശ്രവിച്ചുകൊണ്ടും സഹകരിച്ചുകൊണ്ടും പ്രവർത്തിക്കാനായത് അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ സവിശേഷതയാണ്. യേശുവിന്റെ ലളിത ജീവിതത്തെ ഭാരതീയ തപശ്ചര്യയുടെ നിസ്സംഗതയും ലാളിത്യവും കൊണ്ട് അനുകരിക്കാനായത് ബസ്സേലിയോസ് തിരുമേനിയുടെ ശുശ്രൂഷയുടെ അലങ്കാരമാണ്.

ഭാരതത്തിൽ ക്രൈസ്തവസഭ വൈദേശികമാണെന്ന് ആരോപിച്ച സഹോദരന്മാരുമായി സംവാദം നടത്താൻ ഭാരതമൈത്രാൻ സമിതിയുടെ അദ്ധ്യക്ഷനായിരുന്നപ്പോൾ അദ്ദേഹത്തിന് കഴിഞ്ഞു. ഭാരത

www.malankaralibrary.com


ക്രൈസ്തവസഭ സ്വദേശിയമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞത് യുക്തിസഹമായ മറുപടിയോടൊപ്പം ഭാരതസന്യാസ ചൈതന്യത്തെ പ്രസ്പഷ്ടമാക്കുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വം കൊണ്ടുകൂടിയാണ്. ഈ കാര്യത്തെക്കുറിച്ച് ആഴമായ ബോദ്ധ്യമുണ്ടായിരുന്ന പിതാവ്, സഭാകാര്യാലയങ്ങൾ ഈ യാഥാർത്ഥ്യം മുൻനിറുത്തി പ്രവർത്തിപ്പിച്ചിരുന്നു. ഭാരത ദർശനത്തെ പ്രതിബിംബിപ്പിക്കുന്ന നാമങ്ങൾ സഭാ സംവിധാനത്തിൽ അദ്ദേഹം സ്വീകരിച്ചു: ധർമ്മപീഠം, തിരുസന്നിധി, ഗുരുകുലം, ശ്രേയസ്, പ്രതീക്ഷ എന്നിങ്ങനെ... കർമ്മനിരതനായിരുന്ന രൂപതാദ്ധ്യക്ഷൻ, തന്റെ ജീവിതവും പ്രവർത്തനവും വിലയിരുത്തുന്നതിനും ദൈവഹിതം തേടുന്നതിനുമായി ആഴ്ചയിൽ ഒരു ദിവസം മാറ്റി വച്ചിരുന്നു. ജോലിത്തിരക്കോ, സന്ദർശകരോ അതിന് തടസ്സമാകാതിരിക്കാൻ ധർമ്മപീഠത്തിനടുത്തുള്ള ബഥനി ആശ്രമത്തിലാണ് അത്തരം ശാന്തിദിനങ്ങൾ അദ്ദേഹം ചെലവഴിക്കാറുണ്ടായിരുന്നത്.

## തിരുവനന്തപുരം ആർച്ചുബിഷപ്പ്, മേജർ ആർച്ചുബിഷപ്പ്

1995-ൽ മലങ്കരസഭാദ്ധ്യക്ഷനായി നിയമിതനായ പിതാവിന്റെ കർമ്മരംഗം തലസ്ഥാന നഗരിയായ തിരുവനന്തപുരത്തായിരുന്നു. 45 വർഷത്തെ സഭാ ശുശ്രൂഷയും സഭാ വിജ്ഞാനീയത്തിലും കാനൻ നിയമത്തിലും ഉള്ള അറിവും മുൻനിറുത്തി മലങ്കരസഭയെ വളർച്ചയുടെ ഔന്നത്യത്തിലെത്തിക്കാനുള്ള ശ്രമങ്ങൾ ഇക്കാലത്ത് നിർവഹിച്ചുകൊണ്ടിരുന്നു. അവധാനതയും, നയചാതുരിയും, ദീർഘവീക്ഷണവുമുള്ള പ്രവർത്തനങ്ങൾ ഹ്രസ്വകാലം കൊണ്ട് ഫലമണിഞ്ഞു. സ്വയശീർഷകത്വമുള്ള ഒരു സഭയായിത്തീരുന്നതിന് രൂപതകളുടെയും, മേല്പട്ടക്കാരുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ടായിരുന്നു. അതും ഇക്കാലയളവിൽ യാഥാർത്ഥ്യമായിക്കൊണ്ടിരുന്നു. ഏറ്റവും ദ്രുതഗതിയിൽ വളരുന്ന പൗരസ്ത്യകത്തോലിക്കാ

www.malankaralibrary.com


സഭയെന്ന പ്രശംസ പരിശുദ്ധ പിതാവിൽ നിന്ന് നമ്മുടെ സഭയ്ക്ക് ലഭിച്ചതും ഇക്കാലത്താണ്. 2005-ൽ മലങ്കര സുറിയാനി സഭ പാത്രിയർക്കിക്കൽ പദവിക്ക് സമാനമായ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു. സഭയുടെ വളർച്ചയ്ക്കാവശ്യമായ തീരുമാനങ്ങൾ എടുക്കാൻ അധികാരമുള്ള സുന്നഹദേസ് അധികാരം സഭയ്ക്ക് ലഭിച്ചു എന്നതാണ് ഈ പദവിയുടെ ഒരു പ്രത്യേകത. പ്രഥമ മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിൽ കാനോനികമായ സംവിധാനങ്ങൾ ഏർപ്പെടുത്തി രണ്ട് വർഷം സേവനം ചെയ്ത നമ്മുടെ പ്രഥമ കാതോലിക്കാ ബാവാ 2007 ജനുവരി 18-ന് കാലം ചെയ്തു.

നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നീ മേൽപ്പട്ട ധർമ്മങ്ങൾ അനുഷ്ഠിക്കുന്ന കാര്യത്തിലും തനതായ സവിശേഷത സിറിൽ പിതാവിന് ഉണ്ടായിരുന്നു. ഈ ലോകജീവിതം സന്തോഷത്തിലും അർത്ഥപൂർണമായും നയിക്കാൻ ദൈവമക്കളെ സഹായിക്കുന്ന ജോലിയാണല്ലൊ മേൽപ്പട്ട നേതൃത്വം.

മരണത്തിനുശേഷം നിത്യജീവൻ അവകാശപ്പെടുത്താൻ ഇഹലോകജീവിതം വിനിയോഗിക്കണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടാണ് തന്റെ അജഗണങ്ങളെ അദ്ദേഹം നയിച്ചിരുന്നത്. വഴിയും സത്യവും ജീവനുമായ യേശുവിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രയാണത്തിന് അദ്ദേഹം പ്രാധാന്യം കൊടുത്തു. തിരുസഭ പറുദീസായ്ക്കു സദൃശ്യമാണെന്നും ശരിയായ സഭാജീവിതം നയിക്കുന്നതിൽ ഏവരും ശ്രദ്ധയുള്ളവരായിരിക്കണമെന്നും ഓർമ്മപ്പെടുത്തി. തന്റെ ശുശ്രൂഷയ്ക്കു വിധേയപ്പെട്ടിരുന്നവരെ വ്യക്തിപരമായി അറിഞ്ഞുകൊണ്ടും, അവരെ പേരുചൊല്ലി വിളിച്ചുകൊണ്ടുമാണ് അദ്ദേഹം നയിച്ചിരുന്നത്. അവരോടുള്ള കരുതൽ ഏറ്റവും എളിയവരെ പോലും സഹായിക്കുന്നതിൽ അദ്ദേഹത്തെ ശ്രദ്ധാലുവാക്കിയി

www.malankaralibrary.com


രുന്നു. മറ്റുള്ളവർക്ക് ആവശ്യമായ കാര്യങ്ങൾ ഓർത്തു ചെയ്യുന്നതിൽ ശുഷ്കാന്തിയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ, ആരും അകന്നു പോകാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സൗമ്യവും ആകർഷണീയവുമായ പെരുമാറ്റ രീതിയും മറ്റുള്ളവരെ ആദരിക്കുന്ന സംഭാഷണവും അദ്ദേഹത്തിന്റെ നേതൃത്വപാടവത്തിന്റെ പ്രത്യേകതയാണ്. ആടുകളെ അറിയുന്ന, പേരുചൊല്ലി വിളിക്കുന്ന, മുറിവേറ്റതിനെ പരിചരിക്കുന്ന, നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്ന ക്രിസ്തുവെന്ന ഇടയനെ സ്വജീവിതത്തിൽ അനുകരിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

പ്രബോധന ധർമ്മം ഏറ്റവും കാര്യക്ഷമമായി നടത്തിയിരുന്ന ഒരു മേൽപ്പട്ടക്കാരനായിരുന്നു സിറിൽ പിതാവ്. മ്ശിഹാനുകരണത്തിന്റെ പൊരുൾ ധ്യാനവിഷയമാക്കിയിരുന്ന അദ്ദേഹം, സഭയെ അഭിസംബോധന ചെയ്തു സംസാരിക്കാൻ ലഭിച്ച സന്ദർഭങ്ങളിലെല്ലാം ക്രിസ്തു സംഭവം ആസ്പദമാക്കി ദീർഘമായി സംസാരിച്ചിരുന്നു. ആഗോള സഭയെക്കുറിച്ചും മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചും പ്രസംഗിക്കുകയും, സഭയെ സ്നേഹിക്കാനും വിശ്വാസികളെ ആഹ്വാനം ചെയ്യുന്ന സന്ദേശങ്ങളായിരുന്നു പ്രബോധനത്തിന്റെ കാതൽ.

വിശുദ്ധീകരണ ധർമ്മം അനുഷ്ഠിക്കുന്ന കാര്യത്തിലും, പിതാവിന്റേത് ഒരു പ്രത്യേക ശൈലിയായിരുന്നു. അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് സ്വന്തം വിശുദ്ധീകരണവും സഭാമക്കളുടെ വിശുദ്ധീകരണവും മാത്രമല്ല. പ്രത്യുത, ശുശ്രൂഷാമേഖലയേത്തന്നെയാണ്. 17 വർഷത്തെ നേതൃത്വത്തിനുശേഷം ബത്തേരി ഭദ്രാസനത്തോടു വിടപറയുന്ന വേളയിൽ കൊടുത്ത സന്ദേശത്തിൽ ഈ ദർശനം ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്: ‘‘നമുക്കിപ്പോൾ 108 ഗ്രാമങ്ങളിൽ ഇടവക മിഷൻ കേന്ദ്രങ്ങളുണ്ട്. സംഖ്യയല്ല പ്രധാനം, 108 ഗ്രാമങ്ങളിൽ

www.malankaralibrary.com


ദൈവത്തിന്റെ ആരാധന നടന്നുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ജനമായി മനുഷ്യർ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ ഗ്രാമത്തിലും ആ ഗ്രാമവാസികൾ മുഴുവൻ ഒരു തലത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ ഒരു കൂട്ടമായി, ഒരു കൂട്ടായ്മയായി വളർന്നുകൊണ്ടിരിക്കുകയാണ്. നാം ചെയ്യുന്ന സാമൂഹ്യ പ്രവർത്തനങ്ങളുടെ അന്തസത്ത അതാണ്. സകല മനുഷ്യരെയും ഉൾക്കൊള്ളുവാൻ നാം ശക്തിപ്രാപിക്കുകയാണ്. അങ്ങനെ ഘട്ടം ഘട്ടമായി, വിവിധ പടികളിലൂടെ നാം ഒരു കൂട്ടായ്മയായി രൂപാന്തരപ്പെട്ടു വരുന്നതിന്റെ ഏതാനും തെളിവുകളിൽ ഒന്നാണ് ഈ മലയിൽ വന്ന് ദൈവത്തെ നമുക്കാരാധിക്കുവാൻ സാധിച്ചു എന്നത്.'' എല്ലാ മുഷ്യരെയും ഉൾക്കൊള്ളുന്ന ഒരു സമഗ്രദർശനമാണ് വിശുദ്ധീകരണ ധർമ്മം നിർവ്വഹിക്കുന്നതിൽ അദ്ദേഹം സ്വീകരിച്ചത്.

സഭയുടെ വിശുദ്ധീകരണ ധർമ്മത്തിൽ കേരള സഭയിൽ നടന്നുകൊണ്ടിരുന്ന നവീകരണ ശ്രമങ്ങളെപ്പറ്റി ശുഭപ്രതീക്ഷ പിതാവിനുണ്ടായിരുന്നു. മുരിങ്ങൂർ കേന്ദ്രവുമായുള്ള കരിസ്മാറ്റിക് ധ്യാനങ്ങൾ, അവയിൽ ശ്രദ്ധേയമായ ഒന്നായിരുന്നു. വിമർശന വിധേയമായ ഈ പ്രസ്ഥാനത്തെ നിരുത്സാഹപ്പെടുത്താനുള്ള ശ്രമം കേരളമെത്രാൻ സമിതി സ്വീകരിക്കുമെന്ന നിലയിലെത്തിയപ്പോൾ, ആ പ്രസ്ഥാനം കൊണ്ട് സഭയിൽ പ്രയോജനം ഉണ്ടാകുന്നുവെന്ന് മെത്രാൻ സമിതിയെ അദ്ദേഹത്തിന് ബോധ്യപ്പെടുത്താൻ സാധിച്ചു. അവിടെ നടക്കുന്ന ധ്യാനത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട് എന്നുള്ള അദ്ദേഹത്തിന്റെ അനുഭവം കരിസ്മാറ്റിക പ്രസ്ഥാനത്തിന് കേരളസഭയിൽ സ്വീകാര്യത നേടിക്കൊടുത്തു.

മലങ്കര കത്തോലിക്കാ സഭയിൽ വിശുദ്ധീകരണം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം കൊടുക്കുമ്പോൾ ആരാധനാധിഷ്ഠിതമായ സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം അറിയി

www.malankaralibrary.com


ച്ചിരുന്നു. വൈകാരികതയും കാര്യസാധ്യവും തേടി ആത്മീയ സാധനകൾ നടത്താൻ മനുഷ്യൻ വ്യഗ്രത കാണിക്കുമ്പോൾ, ശാശ്വതമായ ആദ്ധ്യാത്മിക അടിത്തറ ആരാധനയിൽ അധിഷ്ഠിതമാണെന്ന കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു. ഉദാഹരണമായി, നാല്പതാം വെള്ളിയാഴ്ചത്തേതുപോലുള്ള ലളിതമായ ആരാധന അനുഷ്ഠാനം പോലും സഭാമക്കൾക്ക് ആഴമുള്ള ഒരു ആദ്ധ്യാത്മിക അനുഭവമാക്കിത്തീർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ആരാധനാക്രമം ഉപേക്ഷിച്ച്, മറ്റ് ഭക്താനുഷ്ഠാനങ്ങൾ, ശരിയായ വിധത്തിൽ മലങ്കര ആരാധനാക്രമം പിഞ്ചെന്നുകൊണ്ട് ദുഃഖവെള്ളിയാഴ്ചയിലെ പ്രാർത്ഥനകൾ എങ്ങനെ അനുഭവവേദ്യമാക്കിത്തീർക്കാമെന്ന് അദ്ദേഹം നമ്മുടെ സഭയെ അഭ്യസിപ്പിച്ചിട്ടുണ്ട്.

57 വർഷത്തെ സന്യാസജീവിതം 29 വർഷത്തെ മേൽപ്പട്ട ശുശ്രൂഷയെ എങ്ങനെ ശോഭയുള്ളതാക്കി എന്നു കാണാൻ ശ്രമിക്കുകയായിരുന്നു ഈ ലേഖനത്തിൽ. അസ്വാരസ്യങ്ങളാൽ മലിനപ്പെട്ട ഒരവസ്ഥയിലൂടെ ക്രൈസ്തവസഭ കടന്നുപോകുന്ന ഈ കാലത്ത് ക്രൈസ്തവ സന്ദേശം ജീവിക്കുന്നതിനും പങ്കുവെയ്ക്കുന്നതിനും ബസ്സേലിയോസ് കാതോലിക്കാ ബാവാ സ്വീകരിച്ച സന്യാസാധിഷ്ഠിത ശൈലി വളരെ പ്രസക്തമാണ്. ശാന്തശീലനം വിനീതഹൃദയനുമായ യേശുവിനെ സ്വന്തമാക്കുന്നതും ലോകത്തിനു പ്രദാനം ചെയ്യുന്നതുമാണ് ഈ ശൈലി. ‘‘ഭാഗ്യവാനായ പിതാവേ, പറുദീസായുടെ അവകാശി! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.’’

www.malankaralibrary.com

അദ്ധ്യായം 16

# മത്തായിച്ചൻ സഹപ്രവർത്തകരുടെ ദൃഷ്ടിയിൽ

## വൈദികവിദ്യാർത്ഥികളുടെ ഉത്തമനായ ആദ്ധ്യാത്മിക ഗുരു

**ഫാ. ജോസഫ് കോന്നാത്ത്**

(അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത)

ദീർഘകാലം പെ. ബഹു. മത്തായി അച്ചനുമായി സഹവസിക്കുന്നതിനും അടുത്തിടപഴകുന്നതിനും ഈ ലേഖകന് അവസരം ലഭിച്ചിട്ടുണ്ട്. 1968-ൽ ഈ ലേഖകൻ സെന്റ് അലോഷ്യസ് സെമിനാരിയിൽ ചേർന്നതുമുതൽ മത്തായി അച്ചൻ മരിക്കുന്ന 1989 ഏപ്രിൽ 2-ാം തീയതിവരെയുള്ള രണ്ടു ദശകക്കാലത്തെ അടുത്ത പരിചയത്തിൽ നിന്ന് മത്തായി അച്ചനുമായി ബന്ധപ്പെട്ട പല കാര്യങ്ങളും സൂക്ഷ്മമായി മനസ്സിലാക്കാൻ കഴിഞ്ഞു. അതിൽ ഏറ്റവും പ്രമുഖമായത് അദ്ദേഹത്തിന്റെ ആത്മീയതീക്ഷ്ണതയും, വൈദികരോടും വൈദികവിദ്യാർത്ഥികളോടുമുള്ള സ്നേഹവുമാണ്. സെമിനാരി വാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട ഒരു യോഗത്തിൽ മത്തായി അച്ചൻ ഇപ്രകാരം പറഞ്ഞു: "ഞാൻ വൈദികനായശേഷം കൂടുതൽ സമയവും സെമിനാരിയുമായി ബന്ധപ്പെട്ടാണ് ജീവിച്ചത്. സെമിനാരിയിൽ നിന്ന് കുറവൻകോണത്തേക്ക് താമസം മാറ്റിയപ്പോൾ, ആ സ്ഥാപനവുമായുള്ള ബന്ധം വിച്ഛേദിച്ചതിൽ വ്യസനം തോന്നി. എന്നാൽ സെമിനാരി എന്നെ അന്വേഷിച്ച് (കുറവൻകോണത്ത്) എന്റെ പിന്നാലെ വന്നിരിക്കുന്നു." മാത്രവുമല്ല, അദ്ദേഹം മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് ഈ ലേഖകനുമായി പല കാര്യങ്ങളും സംസാരിച്ചു. അക്കൂട്ടത്തിൽ സെമിനാരിയുമായി തുടർന്നും ബന്ധപ്പെട്ട് ജീവിക്കാനും ആഗ്രഹിക്കുന്നതായി സൂചിപ്പിച്ചു. സെമിനാരിയിലെ ആത്മീയ ജീവിതചര്യയോടുള്ള താല്പര്യവും സെമിനാരി വിദ്യാർത്ഥികളോടുള്ള സ്നേഹവുമാണ് ഇപ്രകാരം ചിന്തിപ്പിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന് കരുതു

www.malankaralibrary.com


ന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ മഹത്തായ രണ്ട് കാര്യങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യൻ അഥവാ ദൈവീക മനുഷ്യൻ ആയിരുന്നു. ദൈവേഷ്ടവും സ്വയവിശുദ്ധീകരണവും തന്റെ കർത്തവ്യങ്ങളിൽ കണ്ട്, അവയ്ക്കു വേണ്ടി മുഴുവനായി അർപ്പിച്ച ഒരു മനുഷ്യൻ; ദൈവഭക്തിയിലൂടെയും സേവനോത്സുകതയിലൂടെയും എല്ലാവരുടേയും പ്രത്യേകിച്ച്, ദൈവദിക വിദ്യാർത്ഥികളുടെ ആദരവ് പിടിച്ചുപറ്റിയ ആദ്ധ്യാത്മിക ഗുരുവായിരുന്നു മത്തായി അച്ചൻ. വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് ആവശ്യമായ ആദ്ധ്യാത്മിക ഉൾക്കാഴ്ചയും സൂക്ഷ്മമായ ശ്രദ്ധയും ഉത്തരവാദിത്വവും താത്പര്യവും കാണിച്ച ഉത്തമനായ ആദ്ധ്യാത്മിക ആചാര്യനാണ് മലഞ്ചരുവിലച്ചൻ. അദ്ദേഹത്തിന്റെ പാവനസ്മരണയുടെ മുമ്പിൽ കണ്ണീരിൽ കുതിർന്ന കൃതജ്ഞതാഞ്ജലി പ്രാർത്ഥനാപൂർവ്വം അർപ്പിക്കുന്നു.

**പ്രാർത്ഥനയുടെ മനുഷ്യൻ**

ഒരു ആദ്ധ്യാത്മിക ഗുരുവിന് അടിസ്ഥാനപരമായി വേണ്ട യോഗ്യത പ്രാർത്ഥനയുടെ മനുഷ്യനായിരിക്കുക എന്നുള്ളതാണ്. മത്തായി അച്ചൻ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. ആത്മശക്തിയായിരുന്നു അദ്ദേഹത്തിന്റെ നേട്ടങ്ങളുടെയും സ്വഭാവത്തിന്റെയും താക്കോൽ. അദ്ദേഹത്തോട് എതിർക്കുന്നവരും വിയോജിക്കുന്നവരും ഉണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മേൽ ആത്മശക്തിക്കുറവിന്റെ കുറ്റം അവരാരും ചുമത്തിയിട്ടില്ല. യഥാർത്ഥ ആദ്ധ്യാത്മിക ജീവിതത്തിന്റെ തറക്കല്ലാണ് പ്രാർത്ഥന. പ്രാർത്ഥനാ ജീവിതം തന്നെയാണ് സാക്ഷാൽ വൈദികജീവിതം എന്ന സത്യം അദ്ദേഹം തന്റെ ജീവിതത്തിലൂടെ വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചു. പ്രാർത്ഥനയുടെ മനുഷ്യൻ ദൈവിക പുണ്യങ്ങളുടെ ചൈതന്യം ഉള്ളവനായിരിക്കും. ഒപ്പം കർത്തവ്യനിരതനും. പ്രാർത്ഥനാജീവിതം അദ്ദേഹത്തെ പലവിധത്തിലുള്ള ഭക്താഭ്യാസങ്ങളിലേക്കും കർമ്മപരിപാടികളിലേക്കും നയിച്ചു. സുവിശേഷത്തിലെ യേശുവിനെ അനുകരിച്ച് പ്രവർത്തിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. യേശുവിന്റെ പ്രാർത്ഥനാജീവിതം മാത്രമല്ല, ദാരിദ്ര്യം, സഹനം, പ്രേഷിത തീക്ഷ്ണത, വിധേയത്വം, ശാന്തത എന്നിവയും അദ്ദേഹ

www.malankaralibrary.com


ത്തിന്റെ ആദ്ധ്യാത്മിക വ്യക്തിത്വത്തിന്റെ മുഖമുദ്രകളായിരുന്നു.

പ്രതിരൂപാത്മകമാണ് ഓരോ ജീവിതവും,. ആ പ്രതിരൂപ ത്തിനപ്പുറത്ത് സ്ഥിതിചെയ്യുന്ന വ്യക്തിത്വം കണ്ടറിയുന്നവർക്കേ ഒരു വ്യക്തിയെ പൂർണ്ണമായി വിലയിരുത്താൻ പറ്റൂ. പൗരോഹിത്യ ജീവി തത്തിന്റെ കേന്ദ്രബിന്ദു പരിശുദ്ധ കുർബ്ബാനയാണ്. പരിശുദ്ധ കുർബാനയോടുള്ള ഭക്തിയിൽ നിന്നാണ് വൈദികജീവിതത്തിന്റെ പരിമളം പരക്കുന്നത്. ബഹുമാനപ്പെട്ട മത്തായി അച്ചന്റെ ഓരോ ഹൃദയസ്പന്ദനത്തിലും വി. കുർബാനയോടുള്ള സ്നേഹവായ്പ് നിറഞ്ഞു നിന്നിരുന്നു. ഈ ഭക്തി വൈദികവിദ്യാർത്ഥികളിൽ വളർത്തിയെടുക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥനാജീവി തത്തോടും വി. കുർബാനയോടും ആഴത്തിലുള്ള ആഭിമുഖ്യം പുലർത്താത്ത ഒറ്റ സെമിനാരിക്കാരനെപ്പോലും പൗരോഹിത്യപദ വികളിലേക്ക് കടത്തിവിടരുതെന്ന് അദ്ദേഹം ഈ ലേഖകനോട് പല അവസരങ്ങളിലും ഉപദേശിച്ചിട്ടുണ്ട്. വൈദികർ നമുക്ക് കുറവാ ണെന്നത് സത്യമാണ്. പക്ഷെ, ആത്മീയചൈതന്യമില്ലാത്തവർ പൗരോഹിത്യപദവിയിലേക്ക് കടന്നുവന്നാൽ അത് സഭയുടെ ഭാവി കൂടുതൽ അപകടകരമാക്കുമെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചി രുന്നു. അതുകൊണ്ട്, എന്തു പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലും ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറാക രുതെന്ന് സെമിനാരിയുടെ ആദ്ധ്യാത്മിക പിതാവ് എന്ന നിലയിൽ സ്നേഹപൂർവ്വം നിഷ്കർഷിച്ചിരുന്നു. പരിശുദ്ധ കുർബാനയോ ടുള്ള ഭക്തി കഴിഞ്ഞാൽ, മത്തായി അച്ചൻ ഏറ്റം കൂടുതൽ ആദരവ് പ്രകടമാക്കിയിരുന്നത് പരിശുദ്ധ കന്യകാമാതാവിന്റെ നേർക്കാണ്. ജപമാല കൈയിലേന്തി ധ്യാനനിരതനായി മുറിയിലിരിക്കുന്ന മത്തായി അച്ചനിൽ ഒരു യഥാർത്ഥ മരിയഭക്തനെ സെമിനാരി വിദ്യാർത്ഥികൾ ദർശിച്ചിരുന്നു. ജപമാല ചൊല്ലുന്നതിലും. സൊഡാ ലിറ്റികളിൽ പങ്കെടുത്ത് മാതാവിനെപ്പറ്റി നല്ല പ്രഭാഷണങ്ങൾ നട ത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മത്തായി അച്ചൻ ദൈവ സാന്നിദ്ധ്യത്തിൽ ജീവിക്കുകയും, ദൈവസാന്നിദ്ധ്യം മറ്റുള്ളവരി ലേക്ക് നിവേശിപ്പിക്കുകയും ചെയ്തു. ദൈവവുമായി ഗാഢബന്ധം പുലർത്തി ജീവിക്കുന്ന ഒരു വൈദികനെയാണ് സെമിനാരിക്കാർ

www.malankaralibrary.com


അദ്ദേഹത്തിൽ കണ്ടത്. മത്തായി അച്ചന്റെ സാമീപ്യത്തിൽ നിന്നു പോലും അവർ ആത്മീയ പ്രചോദനം ഉൾക്കൊണ്ടിരുന്നു.

**പ്രേഷിത പ്രവർത്തനം**

ഒരു വൈദികൻ താനെന്ന ചിന്ത വെടിഞ്ഞ്, മറ്റുള്ളവർ എന്ന ചിന്തയിൽ വളരുമ്പോഴാണ് പൗരോഹിത്യം പൂർണ്ണമാകുന്നത്. അതിന് പ്രാർത്ഥനയും, പ്രവർത്തനവും സമഞ്ജസമായി സമന്വയിപ്പിച്ച ത്യാഗോജ്ജ്വലമായ ജീവിതം ആവശ്യമാണ്. മത്തായി അച്ചൻ പ്രാർത്ഥനയും പ്രവർത്തനവും ഒത്തിണങ്ങിയ ധന്യമായ ഒരു ജീവിതമാണ് നയിച്ചത്. പ്രാർത്ഥനാ ജീവിതത്തിൽ നിന്ന് നിർഗ്ഗളിച്ചവയായിരുന്നു അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങൾ. സെമിനാരിയിലായാലും പുറത്തായാലും ആദ്ധ്യാത്മിക ജീവിതത്തെ കേന്ദ്രീകരിച്ചായിരിക്കും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം. ആളുകൾ രണ്ടു തരത്തിലുണ്ട്. ജോലി ചെയ്യുന്നവരും അതിന്റെ നേട്ടം സ്വന്തമാക്കുന്നവരും. മത്തായി അച്ചൻ ആദ്യത്തെ ഗണത്തിൽ പെടുന്നു. ശരിയായ ആദ്ധ്യാത്മികത സനാതനത്വത്തിൽ അധിഷ്ഠിതമാണ്. ആദ്ധ്യാത്മികത നാം ജീവിക്കുന്ന സമൂഹവുമായി അവശ്യം ബന്ധപ്പെട്ടിരിക്കുകയും വേണം. സമൂഹത്തിന്റെ പുരോഗതിക്കു വേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാൻ ആദ്ധ്യാത്മികത മനുഷ്യന് പ്രചോദനം അരുളണം. മത്തായി അച്ചൻ ഈ തത്ത്വം നന്നായി ഗ്രഹിച്ചിരുന്നു. ജീവിതം മുഴുവൻ കഠിനാദ്ധ്വാനത്തിലൂടെ പരിശീലിപ്പിച്ചെടുത്ത തീക്ഷ്ണതയും വിശകലനാത്മകവുമായ മനസ്സും അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോ മിനിറ്റും മനുഷ്യസേവനത്തിന് പ്രയോജനപ്പെടുത്താൻ ദൈവം നൽകിയ അനുഗ്രഹമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ആദ്ധ്യാത്മിക-ധാർമ്മിക മൂല്യദർശനത്തോടുകൂടിയ പ്രവർത്തനം മാത്രമേ ലോകത്തിന്റെ സ്നേഹത്തിന്റെ പര്യായമായ ക്രിസ്തുപൂർണ്ണതയ്ക്ക് അത് എല്ലായിടത്തും ജന്മം കൊടുക്കൂ. പ്രേഷിതപ്രവർത്തനത്തിന്റെ ആത്യന്തികലക്ഷ്യം സ്നേഹത്തിലൂടെ ക്രിസ്തുപൂർണ്ണത നേടുക എന്നുള്ളതാണ്.

www.malankaralibrary.com


# റവ. ഫാ. മത്തായി മലഞ്ചെരുവിൽ അപൂർവവ്യക്തിത്വത്തിന്റെ ഉടമ

**ഫാ. സാമുവൽ കാട്ടുകല്ലിൽ**

(അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്ത)

ആ സത്യം നാം വിശ്വസിക്കേണ്ടിയിരിക്കുന്നു - മത്തായി മലഞ്ചരുവിലച്ചൻ ദിവംഗതനായി. ഇടതൂർന്നുവളരുന്ന വെളുത്ത ദീക്ഷയിൽ വിരലോടിച്ച് ചിന്താമഗ്നനായിരിക്കുന്ന മത്തായി അച്ചൻ ശാന്തഗംഭീരവും എന്നാൽ പ്രസന്നവുമായ മുഖഭാവത്തോടെ അത്യാവശ്യമായ വാക്കുകൾ മാത്രം ഉരുവിടുന്ന ആ സാത്വികൻ, തിരക്കേറിയ ജീവിതത്തിനിടയിലും ഒന്നും സംഭവിക്കാത്ത മട്ടിൽ രണ്ടു കൈയും വീശി നടക്കുന്ന ആ കർമ്മയോഗി, മിഷൻരംഗങ്ങളിൽ വാചാലനാകുന്ന ആ വലിയ മിഷനറി, കടുത്ത വിമർശനങ്ങൾക്കു മുമ്പിൽ ഭാവഭേദമില്ലാതെ പുഞ്ചിരിച്ചു നിൽക്കുന്ന ആ ശാന്തഹൃദയൻ, നിലവാരമുള്ള തമാശകൾ പങ്കുവച്ചുകൊണ്ട് കുലുങ്ങിച്ചിരിക്കുന്ന ആ നല്ല മനുഷ്യൻ ഇന്ന് ഓർമ്മയായി മാറിയിരിക്കുന്നു. ഓർമ്മകളിൽ ഒതുങ്ങുമ്പോഴും ഇന്നും ജീവിക്കുന്ന പ്രതീതി ഉണർത്തുന്നു. അതാണ് ആ വ്യക്തിത്വത്തിന്റെ പ്രത്യേകതയും.

**മുൻഗണനാക്രമം തെറ്റിയില്ല**

നിരവധി ഉത്തരവാദിത്വങ്ങൾ ഒന്നിച്ച് ഏറ്റെടുത്ത് നിറവേറ്റിയ മനുഷ്യൻ - നിരവധി പദവികൾ നല്കിയ ഉത്തരവാദിത്വങ്ങൾ. സണ്ടേസ്കൂൾ ഡയറക്ടർ, പ്രസ്സ് മാനേജർ, ഡിസ്ട്രിക്ട് വികാരി, പാസ്റ്ററൽ എഡ്യൂക്കേഷൻ സെന്റർ ഡയറക്ടർ, മലങ്കര ബാലൻ ചീഫ് എഡിറ്റർ, ക്രൈസ്തവകാഹളം മാനേജിംഗ് എഡിറ്റർ എന്നിങ്ങനെയുള്ള പദവികൾ. ഇതിനെല്ലാം പുറമേ പ്രഗത്ഭനായ മിഷണറിയുമായി. തന്റെ വ്യത്യസ്തമായ സിദ്ധികൾ പ്രകടിപ്പിക്കേണ്ട മേഖലകളായിരുന്നു ഇവ. ഈ രംഗങ്ങളിലെല്ലാം നിറഞ്ഞുനിന്നു പ്രവർത്തിക്കാനുള്ള സിദ്ധിവിശേഷങ്ങൾ മത്തായി അച്ചനിൽ ഉണ്ടായിരുന്നു എന്നത് അത്ഭുതകരമാണ്. ഈ പദവികൾ നൽകുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുമ്പോൾ തന്റെ സമർപ്പിതജീവിതത്തിന്റെ മുൻഗണനാക്രമം ശരിയായി പാലിച്ചു എന്നതാണ് അദ്ദേഹത്തിന്റെ അവിശ്വസനീയമായ ജീവിതവിജയത്തിന്റെ രഹസ്യം. മുൻഗണനാ

www.malankaralibrary.com



ക്രമത്തിൽ (Priorities) തന്റെ ആരോഗ്യവും സുഖസൗകര്യങ്ങളുമായിരുന്നു അവസാനത്തേത്.

## അന്തർമുഖനും ബഹിർമുഖനും

ചിലർ അന്തർമുഖരായിരിക്കും; മറ്റു ചിലർ ബഹിർമുഖരും. അപൂർവ്വവ്യക്തിത്വങ്ങളിൽ മാത്രമേ ഈ രണ്ടു ഘടകങ്ങളും തുല്യമായി സംയോജിക്കുകയുള്ളു. മത്തായി അച്ചനിൽ ഈ രണ്ടു തലങ്ങളും വികസിതമായിരുന്നു. അവസരോചിതമായി ഈ സിദ്ധി അദ്ദേഹം ഉപയോഗിച്ചു. അന്തർമുഖനായിരുന്ന് വിഷയങ്ങളെപ്പറ്റി, പദ്ധതികളെപ്പറ്റി ആഴമായി പഠിക്കാനും ചിന്തിക്കാനും, ബഹിർമുഖനായി ഇറങ്ങി പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അകലെനിന്ന് വീക്ഷിക്കുമ്പോൾ മത്തായി അച്ചൻ അന്തർമുഖനാണ്, അപ്രാപ്യനാണ്, നിസ്സംഗനാണ്. പക്ഷേ അദ്ദേഹം പ്രവർത്തനരംഗങ്ങളിൽ പ്രത്യേകിച്ച്, മിഷൻ രംഗത്ത് ബഹിർമുഖനാകുന്നത് കാണേണ്ടതുതന്നെയാണ്.

## തിട്ടപ്പെടുത്തിയ വാക്കുകൾ

സൃഷ്ടിക്കുവാനും സംഹരിക്കുവാനുമുള്ള ശക്തി മനുഷ്യന്റെ വാക്കുകൾക്കുണ്ട്. തകർക്കുവാനും പണിയുവാനും ഊതിക്കെടുത്താനും ആളിക്കത്തിക്കാനും നിരാശയിൽ വീഴ്ത്താനും ആവേശം പകരാനും മുറിവേല്പിക്കാനും തഴുകി സുഖപ്പെടുത്താനും മനുഷ്യരുടെ വാക്കുകൾ ശക്തമാണ്. വാക്കുകൾ ഈശ്വരന്റെ വലിയ ദാനമാണ്. ഈ വിലപ്പെട്ട ദാനം സൂക്ഷ്മതയോടെ ഉപയോഗിക്കണമെന്ന ബോധ്യം മത്തായി അച്ചനുണ്ടായിരുന്നു. വാക്കുകൾ തിട്ടപ്പെടുത്തുവാൻ ബുദ്ധിയിലിട്ടു തട്ടുക മാത്രമല്ല, ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വാക്കുകളുടെ എണ്ണം കുറഞ്ഞതും കനം കൂടിയതും, അവ മുത്തുകളായി മാറിയതും.

മത്തായി അച്ചന്റെ പ്രസംഗങ്ങൾ ശ്രദ്ധേയമായതും മേല്പറഞ്ഞ കാരണം കൊണ്ടുതന്നെയാണ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ തീപ്പൊരി പകർന്നില്ല; മനുഷ്യഹൃദയങ്ങളെ ചലിപ്പിച്ചിരുന്നു. ദൈവവചനം ഹൃദയത്തിന്റെ ആഴങ്ങളിൽ എത്തിക്കുന്നതിലാണ്

www.malankaralibrary.com


അദ്ദേഹം കണ്ണുനട്ടത്. ഓരോ സാഹചര്യത്തിനും ചേർന്ന വിഷയങ്ങൾ തിരഞ്ഞെടുത്ത് കേഴ്വിക്കാർക്ക് മനസ്സിലാക്കുന്ന ശൈലിയിൽ തേച്ചുമിനുക്കിയവാക്കുകളുപയോഗിച്ച് സൂക്ഷ്മതയോടെ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശക്തമാവുകയും ചെയ്തു. ഈ രീതിയിൽ പ്രസംഗിക്കുവാൻ അദ്ദേഹത്തിന്റെ കീഴിൽ ശിക്ഷണം നേടിയ ഉപദേശിമാർക്ക് പ്രത്യേക പരിശീലനം നൽകിയിരുന്നു. അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ച മൊബൈൽ മിഷന്റെ പ്രവർത്തനങ്ങൽ ഫലപ്രദമാകുവാൻ മുഖ്യകാരണം സൂക്ഷ്മതയോടെ ആസൂത്രണം ചെയ്ത പ്രസംഗങ്ങളായിരുന്നു.

സ്വന്തമായ ഒരു രചനാശൈലിയുടെ ഉടമയാണ് മത്തായി അച്ചൻ. വക്രതയില്ലാത്ത ലളിതമായ ശൈലി; തെളിഞ്ഞ ജലം പോലെ വ്യക്തമായ ആശയം. എത്ര ഗഹനമായ വിഷയവും ഹൃദ്യവും സരസവുമായ ശൈലിയിൽ ആർക്കും മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് അസാധാരണമായ കഴിവുണ്ടായിരുന്നു. വ്യത്യസ്തപംക്തികളിലായി നൂറുകണക്കിന് ലേഖനങ്ങൾ മത്തായി അച്ചൻ എഴുതിയിട്ടുണ്ട്. അവ സഭാസാഹിത്യത്തിന് വലിയ മുതൽക്കൂട്ടുമാണ്.

**മൂന്നാം കണ്ണ്**

സൂക്ഷ്മനിരീക്ഷണത്തിനുള്ള മത്തായി അച്ചന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. ജന്മസിദ്ധമായി ഒരു ദിവ്യദൃഷ്ടി അദ്ദേഹത്തിന് ലഭിച്ചിരുന്നു എന്നു തോന്നും. ആ ശക്തി സഭാസേവനത്തിന് അദ്ദേഹം ഉപയോഗിക്കുകയും ചെയ്തു. കണ്ടുമുട്ടുന്ന വ്യക്തികളുടെ കഴിവുകളും ബലഹീനതകളും അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടെന്ന് പതിയും. പോരായ്മകൾ രഹസ്യമായി തിരുത്തുന്നതോടൊപ്പം സിദ്ധികൾ ഊട്ടി വളർത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ കഴിവുകൾ സഭയെ പണിതുയർത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നു. സങ്കീർണ്ണമായ ഏതു പ്രശ്നത്തിന്റെയും ഉൾക്കാമ്പ് കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കുവാനും മത്തായി അച്ചന് എളുപ്പമാണ്. ഭാവിയിലേക്ക് കടന്നുപോകുന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്റേത്. ഈ ദീർഘവും വിശാലവുമായ വീക്ഷണമാണ് മലങ്കരബാലനും പാസ്റ്ററൽ എഡ്യൂക്കേ

www.malankaralibrary.com


ഷൻ സെന്ററും, മൊബൈൽ മിഷനും മറ്റും ആരംഭിക്കുവാൻ അദ്ദേഹത്തിന് പ്രചോദനം പകർന്നത്. മലങ്കരസഭയുടേതായി ഒരു വാരിക ആരംഭിക്കണമെന്ന തീക്ഷ്ണമായ ആഗ്രഹവും ഈ ദീർഘവീക്ഷ്ണത്തിന്റെ ഫലം തന്നെയാണ്.

**ശാന്തത**

ഒരിക്കലും ശാന്തത നഷ്ടപ്പെടാത്ത മനുഷ്യൻ; ഉള്ളിൽ നിലനിന്നിരുന്ന ശാന്തിയാണ് ബാഹ്യമായി പ്രകടമായിരുന്നത്. ചെറുപ്പം മുതലേ പലതരം രോഗങ്ങൾ പിടിപെട്ടിരുന്ന മത്തായി അച്ചന് അസാധാരണമായ ശാന്തത പുലർത്താൻ കഴിഞ്ഞത് ആഴമായ ആദ്ധ്യാത്മികത കൊണ്ടാണ്. തിരക്കേറിയ ജീവിതത്തിലും ശാന്തത പുലർത്തിയ യേശു മത്തായി അച്ചന് മാതൃകയായി. തിരക്കിട്ട യാത്ര, പ്രസംഗങ്ങൾ, രോഗശാന്തി, ആർപ്പുവിളികൾ, പ്രലോഭനങ്ങൾ, എതിർപ്പുകൾ, കുരിശ്, പീഢാനുഭവം, മരണം....... എപ്പോഴും യേശു അവിശ്വസനീയമായ ശാന്തത പുലർത്തി. യേശുവിനെ ഉൾക്കൊണ്ടവർക്ക് മാത്രമേ ഈ ശാന്തത സ്വന്തമാക്കാനാകൂ. മത്തായി അച്ചന് വേദനയും മരണവും പോലും മധുരമായി സ്വീകരിക്കാൻ കഴിഞ്ഞതിന്റെ രഹസ്യം മറ്റൊന്നല്ല.

**സമർപ്പിതർക്ക് മാതൃക**

സമർപ്പിതർക്ക് എന്നും മാതൃകയാണ് അദ്ദേഹത്തിന്റെ ലൗകികമുക്തമായ ജീവിതം. സ്വന്തം കുടുംബത്തോടു പോലും നിസ്സംഗത പുലർത്തി; തന്റെ പ്രവർത്തനരംഗങ്ങൾ കുടുംബം പോലെ കരുതി, സ്നേഹിച്ചു; സ്വയം സമർപ്പിച്ചു. വളരെക്കുറച്ചു വസ്ത്രങ്ങൾ മാത്രമേ അദ്ദേഹം കരുതിയിരുന്നുള്ളു. ഈ തിരക്കിനിടയിലും തന്റെ വസ്ത്രങ്ങൾ തനിയെ കഴുകിയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. അധികാരികളോട് പരിപൂർണ്ണമായ വിധേയത്വം പാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സഭയുടെ ഔദ്യോഗികപഠനങ്ങളോടും സഭാധികാരികളോടും എപ്പോഴും ആദരവ് പുലർത്തിയിരുന്നു. തന്റെ വിളിയുടെ പൂർണ്ണമായ അർത്ഥം മനസ്സിലാക്കിക്കൊണ്ട് സഭയോടൊപ്പം ചിന്തിച്ചു; പ്രവർത്തിച്ചു.

www.malankaralibrary.com



**നല്ല ആതിഥേയൻ**

മത്തായി അച്ചൻ അതിഥിയാകാൻ ഇഷ്ടപ്പെടാതെ ആതിഥേയനാകാൻ ആഗ്രഹിച്ചു. മറ്റുള്ളവർക്ക് അസൗകര്യമുണ്ടാക്കുക അദ്ദേഹത്തിന് അസഹനീയമാണ്; മറ്റുള്ളവർക്ക് നന്മ ചെയ്യുക ആനന്ദകരവും. വളരെ അടുത്തിടപെട്ടവർക്ക് മാത്രമേ മത്തായി അച്ചന്റെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കാനാവൂ. കൂടുതൽ ഉള്ളിൽ സൂക്ഷിക്കുകയും കുറച്ചുമാത്രം പ്രകടിപ്പിക്കുകയും ചെയ്ത അപൂർവ്വ മനുഷ്യൻ. കുറവൻകോണത്തുവച്ച് നടത്താറുള്ള, വൈദികരുടെ വാർഷികാവസരത്തിൽ താമസിക്കുന്നിടത്തും പള്ളിയിലും ഭക്ഷണമുറിയിലുമെല്ലാം മത്തായി അച്ചൻ നല്ല ആതിഥേയനായിട്ടാണ് പ്രവർത്തിച്ചിരുന്നത്.

**സഹൃദയൻ**

എല്ലാ അർത്ഥത്തിലും ഒരു സഹൃദയനായിരുന്നു മത്തായി അച്ചൻ. അപൂർവമായ ഒരു കലാഹൃദയത്തിന്റെ ഉടമയായിരുന്നു. കലകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഒരിക്കലും അച്ചൻ പിശുക്കു കാണിച്ചിട്ടില്ല. രംഗകലകളുടെ മാത്രമല്ല ഗ്രന്ഥങ്ങളുടെ പോലും കലാപരമായ മൂല്യം അളക്കുവാൻ കഴിയുമാറ് കലയുടെ മർമ്മങ്ങൾ അദ്ദേഹം മനസ്സിലാക്കിയിരുന്നു. സണ്ടേസ്കൂൾ കുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന കലോത്സവങ്ങളുടെ ആസൂത്രണത്തിൽ ആ കലാഹൃദയം വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

മണ്ണിനേയും മരത്തേയും പുഷ്പങ്ങളേയും മൃഗങ്ങളേയും സ്നേഹപൂർവം ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്ന ഹൃദയം. അദ്ദേഹം താമസിച്ചിരുന്നിടത്തെല്ലാം അടുക്കളത്തോട്ടവും പൂന്തോട്ടവും നട്ടുപിടിപ്പിച്ചിരുന്നു. അപൂർവമായ ചെടികളും അദ്ദേഹത്തിന്റെ പൂന്തോട്ടത്തിലുണ്ടാവും. അവയെപ്പറ്റി സംസാരിക്കുമ്പോൾ അദ്ദേഹം വാചാലനായിരുന്നു. പക്ഷിവളർത്തൽ, മീൻവളർത്തൽ ഇവയെല്ലാം മത്തായി അച്ചന്റെ പ്രിയപ്പെട്ട വിനോദങ്ങളായിരുന്നു.

**അൽമായ നേതൃത്വം വളർത്തി**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യം ഉൾക്കൊണ്ട് മലങ്കരസഭയുടെ പാരമ്പര്യം അനുസരിച്ച് അൽമായ നേതൃത്വം വളർത്തിയെടുക്കേണ്ടത് ആവശ്യമാണെന്ന് മത്തായി അച്ചൻ വിശ്വ

www.malankaralibrary.com



സിച്ചിരുന്നു. ആ കാഴ്ചപ്പാടാണ് സണ്ടേസ്കൂൾ അസോസിയേഷൻ രൂപീകരണത്തിന് പ്രേരണയായി മാറിയത്. നമ്മുടെ മതബോധനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുന്നതിന് അസോസിയേഷന്റെ രൂപീകരണം ഏറെ സഹായകമായി. മലങ്കര സണ്ടേസ്കൂൾ അസോസിയേഷൻ കേരളത്തിലെ മറ്റ് രൂപതകൾക്ക് വഴികാട്ടിയായിത്തീർന്നു. കാലം മാറുന്നതനുസരിച്ച് അൽമായർക്ക് പ്രവർത്തിക്കുവാനുള്ള അവസരങ്ങൾ വിപുലമാകുന്നു എന്ന് മത്തായി അച്ചൻ മനസ്സിലാക്കി. ഈ അവബോധം മുഴുവൻ സമയവും മിഷൻ പ്രവർത്തനത്തിന് മാറ്റി വയ്ക്കാൻ തയ്യാറുള്ള സൽസ്വഭാവികളായ ചെറുപ്പക്കാരെ കണ്ടെത്തി പരിശീലിപ്പിച്ച് കൈവയ്പ് നൽകി മിഷൻ രംഗങ്ങളിലേയ്ക്കയയ്ക്കുവാൻ പ്രചോദനമായി മാറുകയും ചെയ്തു.

കലാസാഹിത്യ രംഗങ്ങൾ ക്രൈസ്തവർ അവഗണിച്ചിരിക്കുകയാണ്. ഒരു മിഷനറിക്കും കടന്നുചെല്ലാൻ കഴിയാത്തിടത്ത് കടന്നുചെല്ലാൻ രചനകൾക്ക് കഴിയും. ക്രൈസ്തവ മൂല്യം പുലർത്തുന്ന എഴുത്തുകാർ വിരളമായിക്കൊണ്ടിരിക്കുന്ന ഇന്ന് ഈ മണ്ഡലങ്ങളിൽ കഴിവുകൾ ഉള്ളവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഒറ്റപ്പെട്ട ശ്രമങ്ങൾ അദ്ദേഹം നടത്തി; കലാസാഹിത്യക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട്, വിവിധ സാഹിത്യമത്സരങ്ങൾ നടത്തിയിട്ടുള്ളതും ഈ ലക്ഷ്യം വച്ചുകൊണ്ടാണ്.

ദൈവമഹത്ത്വവും പൊതുനന്മയും ലക്ഷ്യം വച്ച് മത്തായി അച്ചൻ തിരക്കിട്ട് കഠിനാദ്ധ്വാനം ചെയ്തു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള യത്നത്തിൽ ആരോഗ്യവും സുഖസൗകര്യങ്ങളും അപ്രധാനമായി കരുതി; പ്രാർത്ഥനയുടെ പിൻബലത്തോടെയുള്ള ശൂന്യവത്ക്കരണം. വിഭിന്ന മേഖലകളിൽ സർവശക്തിയും ഉപയോഗിച്ച് പ്രവർത്തിച്ചു. ഒന്നും ചെയ്യാത്തവനെന്ന മട്ടിൽ നിശ്ശബ്ദനായി നടന്നുനീങ്ങി; കടന്നുപോയി. ഇന്ന് ധന്യമായ ആ ജീവിതത്തിലേക്ക് സൂക്ഷ്മതയോടെ കണ്ണയക്കുമ്പോൾ അത്ഭുതംകൂറുന്നു; ജ്വലിച്ചുനിൽക്കുന്ന അപൂർവ്വമായ ആ വ്യക്തിത്വത്തിന്റെ മുമ്പിൽ നമ്രശിരസ്കരാവുന്നു.

www.malankaralibrary.com


## സ്മരണകളുടെ പുഷ്പാഞ്ജലി

**ഫാ. ജേക്കബ് ഞായല്ലൂർ**

ബ. അച്ചന്റെ മാതൃകാപരമായ ജീവിതം ഒരു സ്പെഷ്യൽ ദൈവവിളിയുടെ ഉദാഹരണമാണ്. ഒരു വൈദികനാകാനുള്ള ദൈവ വിളി സ്പെഷ്യൽ തന്നെയല്ലേ എന്ന് അനുവാചകർ ചോദിച്ചേക്കാം. തീർച്ചയായും അതേ എന്നുതന്നെ മറുപടി. പക്ഷേ, ദിവംഗതനായ മത്തായി അച്ചന്റെ ദൈവവിളി കേവലം സ്പെഷ്യൽ മാത്രമല്ലായി രുന്നു. നേരെ മറിച്ച്, അത് ഉദാത്ത നിലയിൽത്തന്നെ സ്പെഷ്യൽ, സ്പെഷ്യൽ, ആയിരുന്നു എന്നു ഞാൻ പറയും.

അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർക്കെല്ലാം അദ്ദേഹ ത്തിന്റെ ഗുണഗണങ്ങളറിയാം. എന്റെ ചില വ്യക്തിപരമായ സ്മര ണകൾ കുറിച്ചുകൊണ്ട് അദ്ദേഹത്തോടുള്ള എന്റെ കടപ്പാടുകൾ ഞാൻ അവതരിപ്പിക്കുകയാണ്.

അദ്ദേഹം സെമിനാരിയിൽ ചേർന്ന നാൾ മുതൽ അദ്ദേഹത്തെ എനിക്കു പരിചയമുണ്ട്. ഒരു പ്രത്യേക വ്യക്തിത്വം അന്നേ അദ്ദേഹം പ്രകടമാക്കിയിരുന്നു. പക്ഷേ അദ്ദേഹത്തെ ഞാൻ കൂടുതൽ അടുത്തറിയുന്നത് അദ്ദേഹം വൈദികനായശേഷമാണ്. വൈദിക നായി ഒരു വർഷം തികയുന്നതിനുമുമ്പുതന്നെ അഭിവന്ദ്യപിതാവ് അദ്ദേഹത്തെ തിരുവനന്തപുരത്തേക്ക് വിളിച്ച് പല സുപ്രധാന ചുമ തലകൾ നൽകി കേവലം ശൈശവദിശയിലായിരുന്ന സെന്റ് മേരീസ് പ്രസ്സ് അദ്ദേഹത്തിന്റെ ശ്രമഫലമായി വലിയ പുരോഗതി നേടി.

ഞാൻ രോഗിയായതിനുശേഷം അഭിവന്ദ്യ പിതാവ് കാഹളം മാസികയുടെ സബ് എഡിറ്റർ ചുമതല നൽകി എന്നെയും തിരുവ നന്തപുരത്തേക്ക് വിളിച്ചു. വന്ദ്യറമ്പാച്ചനായിരുന്നു ചീഫ് എഡിറ്റർ. അന്ന് മത്തായി അച്ചനെ കൂടുതലറിയാനും പഠിക്കാനുമുള്ള നിര വധി സന്ദർഭങ്ങൾ എനിക്ക് ലഭിച്ചു. രണ്ടു വർഷങ്ങൾ ക്ലേർജിഹോ മിൽ ഞങ്ങൾ അടുത്തടുത്ത മുറിയിൽ താമസിച്ചു. ഒരിക്കലെങ്കിലും പരസ്പര നീരസങ്ങളുണ്ടായിട്ടുമില്ല. അദ്ദേഹം ഒരു introvert ആയി രുന്നു ഞാനോ ഒരു extrovert-ഉം. എനിക്കദ്ദേഹത്തോട് കേവലം സൗഹൃദം മാത്രമല്ല ഉണ്ടായിരുന്നത്. അല്പം ഭയഭക്തി ബഹുമാ നങ്ങൾ കൂടിയുണ്ടായിരുന്നു. എന്നാൽ ഞാനവ പുറത്ത് കാണിച്ചി ട്ടില്ലെന്നതാണ് നേര്.

www.malankaralibrary.com


കാഹളം തക്ക സമയത്തടിപ്പിച്ചുതരുന്നതിൽ അദ്ദേഹ സദാ ശ്രദ്ധിച്ചിരുന്നു. എന്റെ പുസ്തകങ്ങളിൽ അഞ്ചെണ്ണം സെന്റ് മേരീസ് പ്രസ്സിലാണടിപ്പിച്ചിട്ടുള്ളത്. അവയിൽ നാലെണ്ണം അദ്ദേഹം പ്രസ്സ് മാനേജരായിരുന്ന കാലത്താണ്. അക്കാലയളവിൽ ഞാനും തിരുവനന്തപുരത്താണ് താമസിച്ചിരുന്നത്. അതുമൂലം വളരെ കൂടുതൽ അടുത്തിടപെടാൻ അവസരങ്ങളുണ്ടായി. അഭിവന്ദ്യ പിതാവ് 1988 സെപ്റ്റംബർ എട്ടാം തീയതി കുളത്തുപ്പുഴ വന്നപ്പോൾ പിതാവിനോട് ഞാൻ മത്തായി അച്ചന്റെ ആരോഗ്യനിലയെപ്പറ്റി ആരാഞ്ഞു. അത് എന്റെ ഒരു കടപ്പാട് വീട്ടലുമായിരുന്നു.

അച്ചന്മാർ വരും അച്ചന്മാർ പോകും. "സാഗരം സാഗരോപമം" എന്ന തത്വമനുസരിച്ച് ബ. മത്തായി അച്ചനോട് ഉപമിക്കാവുന്നത് മത്തായി അച്ചൻ മാത്രമാണ്. അച്ചന്റെ ചരമവാർത്തയറിഞ്ഞ് ഞെട്ടിയെന്നോ അത് അതിരൂപതയ്ക്ക് നികത്താനാവാത്ത നഷ്ടമാണെന്നോ ഞാൻ പറയുന്നില്ല. രാഷ്ട്രീയക്കാരുടെ ആ ശൈലിയെ എനിക്ക് പുച്ഛവുമാണ്. പക്ഷേ, പ്രേഷിതപ്രവീരനായിരുന്ന ഒരുത്തമവൈദികൻ കടന്നുപോയി. എല്ലാം ദൈവപരിപാലന എന്നു മാത്രം ഞാൻ പറയുന്നു. ക്രിസ്തുനാഥൻ നേരിട്ട് തെരഞ്ഞെടുക്കുന്ന അപ്പോസ്തലൻമാർ തന്നെ ആകൃതിയിലും പ്രകൃതിയിലും വിഭിന്നരായിരുന്നല്ലോ. ഒരാൾക്ക് സദൃശനായി ലോകത്തിൽ മറ്റൊരാൾ ഇല്ല. ഇത് പ്രകൃതി നിയമമാണ്.

എന്നാൽ മത്തായി അച്ചനെപ്പോലെ പ്രേഷിതതീക്ഷ്ണതയുള്ള അച്ചന്മാർ നമുക്ക് കൂടുതലുണ്ടാകണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. എന്റെ ചെറുപ്പകാലത്ത് തിരുവനന്തപുരം അതിരൂപതയിലെ അച്ചന്മാരിൽ ഞാൻ കണ്ടിരുന്ന പ്രേഷിതതീക്ഷ്ണത ഇപ്പോഴത്തെ കൊച്ചച്ചന്മാരിൽ മിക്കവരിലും ഞാൻ കാണുന്നില്ലെന്നത് ഒരു ദുഃഖസത്യമാണ്. ഈ ഉൽസർഗത്തിന് അപവാദങ്ങളില്ലാതില്ല എന്നതു മാത്രമാണ് സമാശ്വാസകരമാണെന്നും പറയട്ടെ.

തനി വ്യക്തിപരമായ ഈ സ്മരണകൾ അദ്ദേഹത്തോട് എനിക്കുള്ള കടപ്പാടിന്റെയും ആദരവിന്റെയും ബഹിസ്ഫുരണങ്ങൾ മാത്രമാണ്. എന്റെ മനസ്സിന്റെ ചെപ്പിൽ മത്തായി അച്ചനെക്കുറിച്ചുള്ള മധുരസ്മരണകൾ ഞാൻ സൂക്ഷിക്കുന്നു. ഒപ്പം എന്റെ എളിയ പ്രാർത്ഥനയിലും അവയുണ്ട്.

സ്നേഹത്തിന്റെ, നന്ദിയുടെ, പ്രാർത്ഥനയുടെ സ്മരണകളടങ്ങുന്ന പുഷ്പാഞ്ജലി ഞാനദ്ദേഹത്തിന് സമർപ്പിക്കുന്നു.

www.malankaralibrary.com


# ഓർമ്മപ്പൂക്കൾ വിതറിയപ്പോൾ

**ഫാ. ജോൺ അരീക്കൽ**

അരനൂറ്റാണ്ട് പിറകോട്ട് ഓർമ്മകളുടെ ഓളങ്ങളിൽ നീന്തിത്തുടിക്കുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്ന ചിന്തകളാണിവ. പട്ടം സെന്റ് മേരീസ് കത്തീഡ്രൽ പരിസരത്ത് സ്ഥിതിചെയ്തിരുന്ന സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ഒരു വൈദികവിദ്യാർത്ഥിയായിരുന്നു ഞാൻ. ഞങ്ങളെ 'റിലീജിയൻ' എന്ന വിഷയം പഠിപ്പിച്ചിരുന്നത് മത്തായി മലഞ്ചരുവിലച്ചനായിരുന്നു. വൈദികവിദ്യാർത്ഥികളെ വ്യക്തിപരമായി അറിയുകയും സംവദിക്കുകയും ചെയ്തിരുന്ന ഗുരുഭൂതനാണ് മത്തായിയച്ചൻ. അന്ന് ആരംഭിച്ച ഊഷ്മളമായ ബന്ധം അച്ചന്റെ അവസാന ശ്വാസംവരെ തുടർന്നു.

തിരുവനന്തപുരം അതിരൂപതയ്ക്കും മതബോധന പ്രസ്ഥാനത്തിനും മത്തായിയച്ചൻ നൽകിയ നേതൃത്വം ഏറ്റെടുത്ത നിരവധി ഉത്തരവാദിത്വമേറിയ ശുശ്രൂഷകളും എണ്ണിപ്പറയുക എളുപ്പമല്ല. പൗരോഹിത്യസ്വീകരണത്തിനുശേഷം ഏറത്തുമ്പൺ, മുട്ടത്തുകോണം പള്ളികളിൽ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചശേഷം തിരുവനന്തപുരത്ത് പ്രവർത്തനമേഖല ഏറ്റെടുക്കുകയാണുണ്ടായത്. തിരുവനന്തപുരത്തും സമീപപ്രദേശങ്ങളിലും ധാരാളം മിഷനുകളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. നാലാഞ്ചിറ ബഥനിക്കുന്നിൽ ആരംഭിച്ച "Self help dairy form" വഴി അനേകംപേർക്ക് തൊഴിൽ നൽകുകയും സ്വയംതൊഴിൽ ചെയ്ത് ജീവിക്കുവാനായി പ്രേരിപ്പിക്കുകയും ചെയ്തു.

വിനയവും ലാളിത്വവും തളംകെട്ടിയിരുന്ന സ്നേഹസുന്ദരമായ ഒരു ജീവിതമായിരുന്നു മത്തായിയച്ചന്റേത്. പൊതുവേ കൂടുതൽ സംസാരിക്കുന്ന പ്രകൃതമായിരുന്നില്ല, എങ്കിലും എല്ലാവരെയും കേൾക്കുവാനും പ്രശ്നങ്ങൾ പ്രാർത്ഥനാപൂർവ്വം വളരെവേഗം പരിഹരിക്കുവാനുമുള്ള കഴിവ് അച്ചനിൽ പ്രകടമായിരുന്നു. വിനീതനും വിശുദ്ധനുമായൊരു വൈദികൻ, ധാർമ്മിക മൂല്യങ്ങളെ കർമ്മരംഗങ്ങളിൽ സാക്ഷിച്ചവൻ. ഏതെങ്കിലുമൊരു കാര്യം ശരിയെന്നും ചെയ്യേണ്ടതാണെന്ന് ബോദ്ധ്യമായാൽ അത് നടപ്പാക്കാനുള്ള ധീരതയും നിശ്ചയദാർഢ്യവും അച്ചനുണ്ടായിരുന്നു. പ്രതിബന്ധങ്ങളെയും ബുദ്ധിമുട്ടുകളെയും ഭയപ്പെടാതെ ഉറച്ചുതന്നെ നിൽക്കാനും,

www.malankaralibrary.com


ആരംഭിച്ചത് പൂർത്തിയാകുംവരെ തുടരാനുമുള്ള സ്ഥിരത അച്ചനിൽ കണ്ടിട്ടുണ്ട്. അതിന്റെ വ്യക്തമായ തെളിവാണ് കുറവൻകോണത്ത് ആരംഭിച്ച പാസ്റ്ററൽ സെന്റർ. അനേക വർഷങ്ങൾ ബഹു. വൈദികരുടെ വാർഷികധ്യാനം നടത്തിയിരുന്ന ഈ സ്ഥലത്താണ് നമ്മുടെ മിഷൻപ്രദേശങ്ങളിലെ ആവശ്യത്തിനായി ഉപദേശിമാരെ പരിശീലിപ്പിച്ചിരുന്നത്. ഒരു വിഷയത്തിന്റെ വിവിധ വശങ്ങൾ ഒറ്റനോട്ടത്തിൽ കാണാനുള്ള ഉൾക്കാഴ്ച അച്ചന്റെ സവിശേഷതയായിരുന്നു. ആരുടെയും സ്തുതിപാടലിനോ നന്ദിപറച്ചിലിനോ വേണ്ടി ഒരു കാര്യം നിർവ്വഹിക്കുന്ന രീതി അച്ചനില്ലായിരുന്നു. മതബോധന പ്രസ്ഥാനത്തിന് വളരെയേറെ നൂതനപരിപാടികൾ ആസൂത്രണം ചെയ്യുകയും ഓരോ വൈദികജില്ലയിലേയും വൈദികശ്രേഷ്ഠരുടെയും മതാദ്ധ്യാപകരുടെയും യോഗം വിളിച്ചുചേർത്ത് കർമ്മപരിപാടികൾ വിശദീകരിക്കുകയും ചെയ്തുകൊണ്ട് മതബോധന പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. സണ്ടേസ്കൂൾ അസോസിയേഷൻ രൂപീകരിച്ചത്, അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഇക്കാര്യത്തിൽ സജീവപങ്കാളിത്തം ഉറപ്പാക്കിയിരുന്നു. ഈ മാതൃക എൻ.ബി.സി.എൽ.സി. (ബാംഗ്ലൂർ), പി.ഒ.സി. (എറണാകുളം) തുടങ്ങിയ സ്ഥലങ്ങളിൽ വച്ചുനടത്തിയ സെമിനാറുകളിൽ ബഹു. മത്തായിയച്ചൻ നേരിൽ സന്നിഹിതനായി വിശദീകരിക്കുകയും എല്ലാവരുടെയും പ്രശംസ നേടുകയും ചെയ്തിട്ടുണ്ട്.

അരുവിക്കര, ആനപ്പെട്ടി, വിതുര, തിരുവല്ലം മിഷനുകളിൽ അച്ചനോടൊപ്പം ഒരു വർഷക്കാലം യാത്ര ചെയ്ത് മിഷൻ പ്രദേശങ്ങളിലെ പ്രവർത്തനങ്ങളെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഞായറാഴ്ചകളിൽ രാവിലെ 5 മണിക്കാരംഭിക്കുന്ന മിഷൻയാത്ര രാത്രി 8 മണിയ്ക്കാണ് അവസാനിക്കുന്നത്. യാത്രയിലുടനീളം മിഷനുകളിൽ വി. കുർബാന അർപ്പിക്കുന്നതോടൊപ്പം പാവപ്പെട്ട ജനങ്ങളുടെ സർവ്വവിധ പുരോഗതിക്കുതകുന്ന ഒട്ടേറെ കാര്യങ്ങൾ അവരോട് പറഞ്ഞുകൊടുത്ത് ബോധ്യപ്പെടുത്തിയിരുന്നു. വീടില്ലാത്തവർക്ക് വീട്, വസ്തുവില്ലാത്തവർക്ക് വസ്തു, കടം വീട്ടാൻ നിർവ്വാഹമില്ലാത്തവർക്ക് കൈത്താങ്ങും സ്വയംതൊഴിലിനുള്ള സഹായവും 'സേവ് എ ഫാമിലി ഹെൽത്ത് ഫോർ ഒൺ മില്ല്യൻ' തുടങ്ങിയവകളിലൂടെ ജീവിതനിലവാരം ഉയർത്തുന്നതിനും ഭവനസന്ദർശനവേളയിൽ ശ്രദ്ധിച്ചിരുന്നു. പട്ടം സെന്റ് മേരീസ് പ്രസ്സിൽ മാനേജരായിരുന്ന് രണ്ട് പതിറ്റാണ്ട് ശുശ്രൂഷ ചെയ്തിട്ടുള്ള അച്ചൻ ഒന്നാം ക്ലാസ്സു

www.malankaralibrary.com


മുതൽ 10-ാം ക്ലാസ്സുവരെയുള്ള മതബോധനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്ത് മലങ്കര കത്തോലിക്കാസഭയ്ക്ക് വിശ്വാസപരിശീലനരംഗത്ത് ശക്തമായ അടിത്തറ പാകി. രണ്ടാം വത്തിക്കാൻ കൗൺസിൽ റോമിൽ നടന്നപ്പോൾ അവിടെ പാസാകുന്ന ഡിക്രികൾ അപ്പപ്പോൾ ഇവിടെ ലഭ്യമാക്കി മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് വൈദികജില്ലായോഗം വിളിച്ചുചേർത്ത് ഓരോ ഡിക്രിയെക്കുറിച്ചും ക്ലാസ്സെടുത്തിരുന്നു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്, ഷെവലിയാർ കെ.സി. ചാക്കോ തുടങ്ങിയ സിനഡിൽ സംബന്ധിച്ചവരുടെ ക്ലാസ്സുകൾ വളരെ വിജ്ഞാനപ്രദമായിരുന്നു.

പ്രകോപനപരമായ നിരവധി സംഭവങ്ങൾ സംഭവിക്കുമ്പോൾ സമചിത്തത കൈവിടാതെ സൗമ്യമായി പെരുമാറാനുള്ള ആത്മീയശക്തിയും എതിരിടാൻ വരുന്നവരെപ്പോലും തന്റെ മൗനം കൊണ്ടും മനസ്സുകൊണ്ടും മാനസാന്തരപ്പെടുത്തുവാനും അച്ചന് കഴിഞ്ഞിരുന്നു. താൻ നല്ല ഉദ്ദേശത്തോടെ ചെയ്ത കാര്യങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്ന അവസ്ഥ ചിലപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിലും ഇതൊന്നും നന്മ ചെയ്യുന്നതിനും ദൈവശുശ്രൂഷയ്ക്കും തടസ്സമായിരുന്നില്ല. ഇടപെട്ടിട്ടുള്ള എല്ലാ മേഖലകളിലും നല്ല ബന്ധം കെട്ടിപ്പടുക്കുവാനും നിലനിർത്തുവാനും അച്ചൻ ശ്രദ്ധാലുവായിരുന്നു. സണ്ടേസ്കൂൾ അസോസിയേഷന്റെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും വർഷംതോറും നടത്തിയിരുന്ന സണ്ടേസ്കൂൾ കലോത്സവം എല്ലാവരാലും പ്രശംസിക്കപ്പെട്ടിരുന്നു. അദ്ധ്യാപകരും വിദ്യാർത്ഥികളുമുൾപ്പെടെ 600 പേർ ഉൾക്കൊള്ളുന്ന കലോത്സവത്തിൽ സംബന്ധിക്കുന്നവരെ നാലാഞ്ചിറയിലുള്ള മാർ ഈവാനിയോസ് കോളേജിന്റെ വിവിധ കെട്ടിടങ്ങളിൽ താമസിപ്പിച്ചിരുന്നു. കലോത്സവത്തിൽ കായിക, കലാ മത്സരങ്ങളും വേദവാക്യം, ക്വിസ് തുടങ്ങിയവയുടെ അവസാന മത്സരങ്ങളുമുണ്ടായിരുന്നു. ജ്ഞാനിയും ചിന്തകനും ഒക്കെ ആയിരുന്ന അച്ചന്റെ മസ്തിഷ്കം കലാസ്വാദനത്തിന്റെയും ഫലിതക്കാരന്റെയും ഭാവനകളിൽ മുഴുകുന്നത് മുഖത്ത് പ്രകടമായിരുന്നു.

'മലങ്കര ബാലൻ' മാസിക തുടങ്ങിയതുവഴി മതബോധന പ്രസ്ഥാനത്തെ വിശ്വാസസമൂഹത്തിന് സമീപസ്ഥമാക്കി. വിശ്വാസപരിശീലനം സംബന്ധിച്ച വാർത്തകളും ഫോട്ടോകളും

www.malankaralibrary.com


പ്രസിദ്ധീകരിക്കുന്നതോടൊപ്പം സാഹിത്യവാസനയുള്ള അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാഹിത്യരചന പ്രോത്സാഹിപ്പിച്ചിരുന്നു. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുചേർന്ന് വിശ്വാസികളെ ദൈവൈക്യത്തിലേക്കും വിശുദ്ധിയിലേക്കും ഉയർത്തേണ്ട വലിയ ഉത്തരവാദിത്വം ആത്മാർത്ഥമായി ഏറ്റെടുത്ത് വിജയത്തിലെത്തിച്ച അഭിഷിക്തനാണച്ചൻ. പാവപ്പെട്ടവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും തികഞ്ഞ അടുപ്പവും സ്നേഹവും കരുതലും പുലർത്തിയിരുന്ന അച്ചൻ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. ചെടികളെയും പൂക്കളെയും ഏറെ സ്നേഹിച്ച അച്ചൻ കുറവൻകോണം പാസ്റ്ററൽ സെന്റർ പരിസരം വിവിധ ചെടികളുടെ അപൂർവ്വശേഖരം കൊണ്ട് നിറച്ചിരുന്നു. അച്ചൻ മരിക്കുന്നതിന് ഏതാനും നാളുകൾക്ക് മുമ്പ് ഞാൻ അച്ചനെ കാണാൻ കുറവൻകോണത്ത് പാസ്റ്ററൽ സെന്ററിലെത്തിയപ്പോൾ മത്തായിയച്ചൻ വി. കുർബാനയ്ക്ക് കുതിരകുളം പള്ളിയിൽ പോയെന്നറിഞ്ഞു. കുതിരകുളം പള്ളിയിൽ എത്തിയപ്പോൾ ഞാൻ കാണുന്നത് അച്ചൻ വി. കുർബാനയ്ക്കുശേഷം "വാവാ യേശുനാഥ, വാവാ സ്നേഹനാഥ" എന്ന ഗാനം വിശ്വാസികളെ പഠിപ്പിക്കുന്നതാണ്. എനിക്ക് അത്ഭുതവും അഭിമാനവും തോന്നിയ സന്ദർഭമാണത്. രണ്ടാഴ്ച കൂടുമ്പോൾ ബ്ലഡ് ഇൻഫ്യൂഷനുവേണ്ടി ഹോസ്പിറ്റലിൽ കൂട്ടിരിക്കുന്നത് പലപ്പോഴും ഞാനായിരുന്നു. രാത്രി മുഴുവൻ ഉറങ്ങാതെ തന്റെ ജീവിതത്തിൽ ലഭ്യമായ എണ്ണിയാൽ തീരാത്ത നന്മകൾക്ക് നന്ദി പറയുന്നതോടൊപ്പം സഫലീകരിക്കാത്ത സ്വപ്നങ്ങളെക്കുറിച്ചും അച്ചൻ പങ്കുവച്ചിരുന്നു. സ്വന്തം വേദനയെക്കാൾ, സുഖത്തേക്കാൾ ഉപരി തന്റെ ക്ഷേമവും സുഖവും അന്വേഷിക്കാനുള്ള മനസ്സിന്റെ ഉടമയായിരുന്നു. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ബലിവേദിയിൽ വിശുദ്ധിയുടെ പ്രകാശകിരണങ്ങളുമായി കത്തിജ്വലിച്ചു നിന്നിരുന്ന ഒരു നെയ്ത്തിരിയായിരുന്നു അച്ചനെന്ന് രോഗവേളയിലെ അച്ചന്റെ പെരുമാറ്റത്തിൽ നിന്ന് മനസ്സിലായിട്ടുണ്ട്.

ദൈവം ഏല്പിച്ച താലന്തുകൾ അനേകമടങ്ങാക്കി തിരികെ സമർപ്പിച്ചുകൊണ്ട് സ്വർഗ്ഗഭാഗ്യത്തിലേക്ക് യാത്രയായ അച്ചനെ അല്പമെങ്കിലും അടുത്തറിയുവാൻ കഴിഞ്ഞിട്ടുള്ളത് ഈലോക ജീവിതത്തിലെ പ്രചോദനവും വലിയ ഭാഗ്യവുമായി ഞാൻ കരുതുന്നു.

www.malankaralibrary.com


# സ്നേഹാഞ്ജലി

സ്നേഹാഞ്ജലിയോടനുസ്മരണാപൂജയ്ക്കണയുന്നാദരാൽ
അനവരതം തവസേവന പൂജയതാൽ നിറഞ്ഞ മക്കളിവർ.
ദൈവികമാം തിരുശാന്തത നിറയും മിഴിയും ഭാവവും
മൃദുസ്മേരമതുണരും അധരപുടങ്ങളിലാദരസ്വാഗതം
നിറയും തേജസ്വിയതിമിതഭാഷിയായ സാക്ഷാൽമുനിയായി
മലങ്കരമക്കൾതൻ ഹൃദയത്തിൽ ജീവിക്കും താതാ
സ്നേഹാഞ്ജലി.............

പ്രേഷിത തീക്ഷ്ണത നിറഞ്ഞൊരു കർമ്മ, ധ്യാനയോഗിയായ്
ക്ഷമതൻ മൂർത്തി മലങ്കരബാലന്മാരുടെ താതനുമായ്
സാധുജനോദ്ധാരകനായ് വേദപ്രചാര നായകനായ്
വിനയാന്വിതനായ് കർമ്മരഥത്തിൽ ചരിച്ച തേരാളി
സ്നേഹാഞ്ജലി.............

മലങ്കരസഭതൻ കെടാവിളക്കായ് ജ്വലിച്ചുനിൽക്കട്ടെ
അദ്ധ്വാനത്തിൻ വാടാമലരായ് പരിമളമിയലട്ടെ
അനശ്വരഭാഗ്യങ്ങൾക്കവകാശിയായ് വാഴട്ടെന്നാളും
മലങ്കരഹൃദയത്തിന്നൊരു നൂതന ചൈതന്യസ്രോതസ്സായ്

**സി. മൈക്കിൾ എസ്.ഐ.സി.**

www.malankaralibrary.com


## അനുസ്മരണ

വേദനാജനകമാണെങ്കിലും യാത്രാമൊഴി
സാദരമർപ്പിക്കുന്നു! ഗദ്ഗദാന്വിതം -, താതാ!
ഞങ്ങളോടൊത്തു - ഞങ്ങൾക്കൈശ്വര്യം വളർത്തുവാ-
നങ്ങേറെ പാടുപെട്ടു മക്കൾക്കച്ഛനെപ്പോലെ.

ഞങ്ങളെന്തൊക്കെ ശാഠ്യം കാട്ടിയിട്ടുണ്ടെന്നാലു-
മങ്ങുനിർവികാരനായ്! - ശാന്തത പഠിപ്പിച്ചു!
ക്ഷമിച്ചും സഹിച്ചും, തെല്ലെങ്കിലും ക്ഷോഭിക്കാതെ
ക്ഷമിക്കാൻ, സഹിക്കുവാൻ, പഠിപ്പിച്ചെല്ലാരെയും!

ഏവർക്കും നന്മയ്ക്കായ് - ത്യാഗസൗരഭ്യ ധർമ്മ-
മാവോളമനുഷ്ഠിച്ചു കല്പവൃക്ഷത്തോടൊപ്പം
ഭാവിതന്നാദ്ധ്യാത്മിക സുസ്ഥിതിക്കായിട്ടെങ്ങും
ഭാവുകസൗധങ്ങളെ സൃഷ്ടിച്ചു വഴിപോലെ.

കർത്താവിൻ വയലിലെ വേലയ്ക്കെത്രയോ പേരേ
ഉത്തമരാക്കിത്തീർത്തു പരിശീലനം നൽകി.
നല്ലിടയനാം ക്രിസ്തു തൻകൂടെ കൊണ്ടുനട-
ന്നുല്ലാസപൂർവം ശിഷ്യവൃന്ദശിക്ഷണത്തോടെ;

സണ്ടേസ്ക്കൂൾ ഡിറക്ടറായ് സഭയ്ക്കിങ്ങാകമാന-
മുണ്ടാക്കി സൗഭാഗ്യമാം സദ്ധർമ്മവാച്യമായ്.
ഉണ്ടാക്കി, - 'മലങ്കരബാലൻ' - സണ്ടേസ്ക്കൂൾനാവായ്
രണ്ടുപത്താണ്ടോളമായ്, - വളർന്നു യുവാവായി.

www.malankaralibrary.com


ഒക്കെയും സമർഹമാം കൈകളിലർപ്പിച്ചിദ്ദി-
ക്കൊക്കെയും വെടിഞ്ഞല്ലോ പോകുന്നു സംതൃപ്തനായ്!
അസ്ഥിവാരവും തീർത്തു; പണിയുമാരംഭിച്ച
സൗധങ്ങൾക്കിനിപ്പണി തുടരാമാർക്കും തന്നെ!

അനന്തപുരിയുടെ ചേരികൾക്കാദ്ധ്യാത്മിക
ചൈതന്യമുളവാക്കാൻ വൈദ്യുതിയായീ ഭവാൻ
ആദിമസഭയിലെ പോളിനെപ്പോലെ ഭവാ-
നീദിക്കിലാത്മാർത്ഥമായ് വർത്തിച്ചു നിസ്സംശയം.

നിത്യസൗഭാഗ്യത്തിനായൊരുങ്ങി, സ്വർഗ്ഗം പൂകും
സത്യത്തിന്നുടമയ്ക്കു ലഭിക്കും സദ്സ്വാഗതം!
ഞങ്ങളങ്ങേയ്ക്കു നിത്യഭാഗ്യമാശംസിക്കുന്നു!
മംഗളം! മഹാത്മാവേ, വിജയിച്ചാലും! ശാന്തി !!

**പി. ജി. എം. ദാസ് ചാരുംമൂട്**

www.malankaralibrary.com

അദ്ധ്യായം 17

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള ചില ചിന്തകൾ

**(മത്തായി മലഞ്ചെരുവിലച്ചന്റെ ലേഖനം - മലങ്കര ബാലൻ 1983 മാർച്ച്, പുസ്തകം 14, ലക്കം 3-4 ൽ പ്രസിദ്ധീകരിച്ചത്.)**

**ആമുഖം**

1982 മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വർഷമാണ്. ഈ വർഷമാണ് പുനരൈക്യപ്രസ്ഥാനത്തിൽ നിന്നും ഉടലെടുത്ത മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപനത്തിന്റെ സുവർണ്ണജൂബിലിയും മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെയും ഭാരതത്തിലെ ഏറ്റവും വലുതും ആദ്യത്തേതുമായ ദേശീയപ്രേഷിത പ്രസ്ഥാനത്തിന്റെയും ശില്പിയും പിതാവും മലങ്കര കത്തോലിക്കാ ഹൈരാർക്കിയുടെ പ്രഥമ മെത്രാപ്പോലീത്തായുമായ മാർ ഈവാനിയോസ് പിതാവിന്റെ ജന്മശതാബ്ദിയും ആഘോഷിച്ചത്. മലങ്കര കത്തോലിക്കാസഭ അതിന്റെ വളർച്ചയുടെ ആദ്യഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു എന്നു പറയാം. ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ മണ്ഡലങ്ങളിലും പുതിയ നാമ്പെടുക്കേണ്ട അവസരം, അഥവാ ഒരു രണ്ടാം വസന്തം. കാലഘട്ടവും കാലാവസ്ഥയും ഞാറ്റുതലയും മനസ്സിലാക്കി പുതിയ വിത്തുകൾ പാകുകയും മുളച്ചുപൊങ്ങിയവ പറിച്ചു നടുകയും നട്ടവയ്ക്ക് ഇട കിളയ്ക്കുകയും വളം ചേർക്കുകയും എല്ലാം ചെയ്യേണ്ട കാലം.

**മഹാനായ മാർ ഈവാനിയോസ് പിതാവ്**

ആധുനികകാലത്തെ ഏറ്റവും വലിയ ദേശീയപ്രേഷിത പ്രസ്ഥാനത്തിനും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഏറ്റവും ഉത്തമമാതൃകയാകുന്ന പുനരൈക്യപ്രസ്ഥാനത്തിനും ജന്മം കൊടുക്കുകയും വളർത്തുകയും നമ്മുടെ പൂർവികരുടെ ജീവിതാഭിലാഷമായിരുന്ന മലങ്കര കത്തോലിക്കാസഭയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും നിലനിർത്തുന്നതിന് അടിസ്ഥാനാവശ്യമായ മലങ്കര കത്തോലിക്കാ ഹൈരാർക്കിയും മലങ്കര കത്തോലിക്കാ റീത്തും

www.malankaralibrary.com


സ്ഥാപിക്കുകയും ചെയ്ത മഹാനായ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലേക്ക് നാം ഉറ്റുനോക്കുന്തോറും ശാന്തസമുദ്രത്തിന്റെ പരപ്പും ആഴവും ഹിമാലയത്തിന്റെ ഉയരവും വ്യാപ്തിയുമാണ് അവിടെ നാം ദർശിക്കുന്നത്. അതുകൊണ്ടുതന്നെ പിതാവിനെക്കുറിച്ച് സമഗ്രമായും പൂർണ്ണമായും പഠിക്കുവാനും മനസ്സിലാക്കുവാനും നമ്മുടെ എളിയ ബുദ്ധിക്ക് സാധിക്കുന്നില്ല. അദ്ദേഹത്തെപ്പോലെ മഹാശയന്മാർക്കുമാത്രമേ അദ്ദേഹത്തെ അല്പമായിട്ടെങ്കിലും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. എങ്കിലും ഉന്നതരും അതുല്യരുമായ ആദിമസഭയിലെ പിതാക്കന്മാരെപ്പോലെ മലങ്കര കത്തോലിക്കാസഭയിലെ വലിയവനും അതുല്യനുമായ ആദ്യപിതാവിന്റെ ജന്മശതാബ്ദിയുടെ ഈ അവസരത്തിൽ പിതാവിനെക്കുറിച്ച് എന്തെങ്കിലും ചില കാര്യങ്ങൾ രേഖപ്പെടുത്തണമല്ലോ എന്നുള്ള ആഗ്രഹമാണ് മലങ്കരബാലന്റെ ഈ വിശേഷാൽ പതിപ്പിന് പ്രേരിപ്പിച്ചത്. വിഷയത്തോട് നീതിപുലർത്തിയെന്ന് ഒട്ടും തന്നെ അഭിമാനിക്കുന്നില്ല. പിതാവിന്റെ അത്യുന്നത വ്യക്തിത്വത്തെക്കുറിച്ച് അനുവാചകർക്ക് എന്തെങ്കിലും പുതിയ അറിവ് നൽകി പിതാവിനോടുള്ള ഭക്തി അല്പമെങ്കിലും വർദ്ധിപ്പിക്കുവാൻ സാധിച്ചുവെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

**സഭയുടെ ഐതിഹാസികമായ സ്വാതന്ത്ര്യസമരം**

15-ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിൽ ഭാരതത്തിൽ കാലുകുത്തിയ പോർട്ടുഗീസുകാരുടെ മേധാവിത്വത്തിനും പാശ്ചാത്യവൽക്കരണത്തിനും എതിരായി ഐതിഹാസികമായ ഒരു സ്വാതന്ത്ര്യസമരമാണ് ഭാരതത്തിലെ പൗരസ്ത്യസഭയ്ക്ക് നടത്തേണ്ടി വന്നത്. ഭാരതപൗരസ്ത്യസഭയുടെ അപ്പസ്തോലികപാരമ്പര്യത്തിനും അതുമൂലം അതിനുലഭിച്ചിരുന്ന വ്യക്തിത്വത്തിനും സ്വാതന്ത്ര്യത്തിനും എതിരായിട്ടുള്ള നീക്കങ്ങൾ പോർട്ടുഗീസുകാർ നടത്തിക്കൊണ്ടിരുന്നു. ഇതിനെ അരയും തലയും മുറുക്കി നഖശിഖാന്തം എതിർക്കുന്നതിന് നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചു. റോമിലെ മാർപ്പാപ്പായിൽനിന്നും സാർവത്രികസഭയോടുള്ള കൂട്ടായ്മയിൽനിന്നും സത്യവിശ്വാസത്തിൽനിന്നും വേർപിരിയാതെ ഏതു ത്യാഗവും സഹിച്ച് സമരം ചെയ്യുകയെന്നുള്ളതായിരുന്നു പരിപാടി. അതിനാൽ വേണ്ട ആലോചനയോടും സാവകാശമായും ഏറ്റവും ക്രൈസ്തവമായ രീതിയിലാണ് പിതാക്കന്മാർ മുന്നോട്ട് നീങ്ങിയത്.

www.malankaralibrary.com


**സമരം വഴിതെറ്റുന്നു**

നേതൃത്വം ലക്ഷ്യബോധമില്ലാതെ, ബഹുജനക്ഷോഭത്തിൽ വിചാരത്തിനുപരി വികാരത്തിന് അടിമപ്പെട്ടാൽ ഏറ്റവും നല്ല ലക്ഷ്യ സാധ്യത്തിനുവേണ്ടിയുള്ള സമരങ്ങൾപോലും തെറ്റായ മാർഗ്ഗത്തിൽക്കൂടി ചരിച്ച് ലക്ഷ്യത്തിൽ നിന്നു വ്യതിചലിച്ചു വളരെ വിദൂരത്തിൽചെന്ന് നിപതിച്ചെന്നു വരാം. ഒരിക്കലും ആഗ്രഹിക്കാത്തതും ലക്ഷ്യത്തിനു ഘടകവിരുദ്ധവുമായ ഫലമായിരിക്കും അതുളവാക്കുക. ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മാഗാന്ധി സത്യത്തിലും നീതിയിലും സ്നേഹത്തിലും അക്രമരാഹിത്യത്തിലും അഹിംസയിലും അടിയുറച്ചുനിന്നു. അതിനെതിരായി നീക്കങ്ങൾ ഉണ്ടായപ്പോൾ അതിനെ സർവ്വശക്തിയും ഉപയോഗിച്ച് എതിർത്ത് മുന്നോട്ടുപോയതുകൊണ്ടാണ് ഭാരതത്തിന് രക്തച്ചൊരിച്ചിൽ കൂടാതെയും വേഗത്തിലും സ്വാതന്ത്ര്യം ലഭിക്കാൻ ഇടയായത്. എന്നാൽ സഭയുടെ സ്വാതന്ത്ര്യത്തിൽ ഒരവസരത്തിൽ ജനതതി വികാരാധീനരാകുകയുയം നേതൃത്വം തെറ്റായ തീരുമാനം എടുക്കുകയും ചെയ്തതിന്റെ ഫലമായി സമരത്തിന്റെ ലക്ഷ്യത്തിൽ നിന്നും അറിയാതെതന്നെ വ്യതിചലിക്കുന്നതിനും സഭയിൽ പിളർപ്പ് ഉണ്ടാകുന്നതിനും കാരണമായി. നിലനില്പിനുവേണ്ടി കള്ളക്കത്തു ചമയ്ക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും അധികാരാവകാശങ്ങളില്ലാതെ മെത്രാനെ വാഴിക്കുകയും വാഴിക്കപ്പെട്ട ആൾ അത് തെറ്റാണെന്ന് മനസ്സിലാക്കിയപ്പോഴെങ്കിലും ആത്മരക്ഷയ്ക്കും സത്യത്തിനുംവേണ്ടി ധൈര്യപൂർവ്വം സ്ഥാനമാനങ്ങൾ ഉപേക്ഷിച്ച് ഇറങ്ങിപ്പോരാതെ തെറ്റിൽത്തന്നെ നിലനിൽക്കുകയും ചെയ്തതുകൊണ്ടാണ് ഇന്നും വലിയൊരു വിഭാഗം ജനങ്ങൾ തെറ്റിൽക്കൂടി അന്ധകാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്.

**സഭൈക്യത്തിന് തെറ്റുകൾ എളിമയോടെ ഏറ്റുപറയണം**

അന്നുമുതൽ ഇന്നുവരെയുള്ള പുത്തൻകൂർ സുറിയാനിക്കാരുടെ ചരിത്രത്തിലെ ഓരോ സംഭവവും ഈ ആദ്യചരിത്രത്തിന്റെ തുടർന്നുള്ള ആവർത്തനമാണ്. സത്യത്തിൽ നിന്നും ക്രൈസ്തവ ദർശനങ്ങളിൽ നിന്നും വ്യതിചലിച്ചുള്ള കൃത്രിമമായ നടപടികൾ അവർ തുടരെത്തുടരെ കൈക്കൊണ്ടു. പുനരൈക്യത്തിന് സുമാർ അഞ്ചു വർഷങ്ങൾക്കുമുമ്പ് മെത്രാഭിഷേകാനന്തരം, ഏറ്റവും നല്ല ശുഭമുഹൂർത്തത്തിൽ, യാക്കോബായ ഓർത്തഡോക്സ് സഭയോട്

www.malankaralibrary.com


ഏറ്റവും വലിയ നന്ദിയും കൂറും പ്രകടിപ്പിക്കേണ്ട അവസരത്തിൽ, കാതോലിക്കാബാവായുടെയും മറ്റു മെത്രാന്മാരുടെയും സാന്നിദ്ധ്യത്തിൽ മാർ ഈവാനിയോസ് പിതാവ് ചെയ്ത പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നത് ശ്രദ്ധിക്കുക: ''നമ്മിൽ നിന്നും വേർപെടുവാൻ അവർക്ക് (മാർത്തോമ്മാക്കാർക്ക്) നിർഭാഗ്യമുണ്ടായി. അവരെ പിരിച്ചുവിട്ടവരായ നമ്മുടെ നിർഭാഗ്യമാണ് അവരുടേതിനേക്കാൾ കൂടുതലായ നിർഭാഗ്യമെന്നും, ദൈവമുമ്പാകെ അതു കുറ്റകരമാണെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അവരുടെ നേരെ നാം പ്രവർത്തിച്ച സമ്പ്രദായം സ്നേഹരഹിതവും തന്നിമിത്തം അക്രൈസ്തവവും ആയിരുന്നുവെന്നു മാത്രമല്ല, അവരെ സംബന്ധിച്ച് നാം പ്രസ്താവിച്ച പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേവലം അടിസ്ഥാനരഹിതങ്ങളും അസത്യങ്ങളും ആയിരുന്നുവെന്നും നാം ഓർക്കേണ്ടതാണ്.'' ഇതുതന്നെ ഇന്ന്, അടങ്ങാത്ത വാശിയിലും ഒടുങ്ങാത്ത കേസിലും നിലനിൽക്കുന്ന യാക്കോബായസഭയിലെ ഓർത്തഡോക്സുകാർക്കും പാത്രിയാർക്കീസ് കക്ഷിക്കാർക്കും അവരവരെക്കുറിച്ച് പറയാവുന്നതാണ്. പക്ഷേ ഇപ്രകാരം സ്വയം ഏറ്റുപറയുന്നതിനുള്ള സത്യബോധവും എളിമയും ആത്മധൈര്യവും ആർക്കുണ്ട്? ഒന്നാം മാർത്തോമ്മാ മുതൽ പുത്തൻകൂർ സഭാവിഭാഗത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള സഭാമേലദ്ധ്യക്ഷന്മാർ ഇതുപോലെ എളിമയും ധൈര്യവും അവലംബിച്ച് ഏറ്റുപറഞ്ഞിരുന്നുവെങ്കിൽ സഭയിൽ ഉണ്ടായ പിളർപ്പ് എന്നേ അവസാനിക്കുമായിരുന്നു. മാർ ഈവാനിയോസ് പിതാവിന് ദൈവാനുഗ്രഹത്താൽ ഈ എളിമയും ധൈര്യവും ഉണ്ടായിയെന്നുള്ളതാണ് അദ്ദേഹത്തെ സഭൈക്യത്തിന്റെ പിതാവാക്കിത്തീർത്തത്. കേരളസഭയെക്കുറിച്ച് മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം പ്രസ്താവിച്ച് ഏതാണ്ട് നാല്പതുവർഷം കഴിഞ്ഞപ്പോൾ എക്യുമെനിസത്തിന്റെ പിതാവായ 23-ാം ജോൺ മാർപ്പാപ്പാ പാശ്ചാത്യസഭയെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചു: പൗരസ്ത്യസഭകളും പ്രോട്ടസ്റ്റന്റു സഭകളും സാർവ്വത്രികസഭയിൽ നിന്നും വേർപെട്ടുപോകുന്നതിന് കത്തോലിക്കാസഭയ്ക്കും പങ്കുണ്ട്. അതിനാൽ കത്തോലിക്കാസഭയും അതിനുതക്ക പരിഹാരം ചെയ്യണം. ഇപ്രകാരം സഭകളുടെ ഐക്യത്തിനുവേണ്ടി പരിശുദ്ധപിതാവ് ക്രിസ്തുവിന്റെ എളിമയോടെ താണിറങ്ങി വന്നതുകൊണ്ടാണ് അദ്ദേഹം എക്യുമെനി

www.malankaralibrary.com


സത്തിന്റെ പിതാവായിത്തീർന്നത്.

**പഴയകൂറ്റുകാർ അഭിനന്ദനാർഹർ**

കൂനൻ കുരിശിലെ ആലാത്തിൽ കൈപിടിച്ചതിലും സത്യം ചെയ്തതിലും 12 കൂടി മെത്രാനെ വാഴിച്ചതിലും, എല്ലാ സുറിയാനിക്കാർക്കും പങ്കുണ്ട്. എന്നാൽ സത്യം തെളിഞ്ഞതിനെ തുടർന്ന് ബഹുഭൂരിപക്ഷംപേരും അവരുടെ ആത്മരക്ഷയ്ക്കും സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ നിലനിൽക്കുന്നതിനും സത്യത്തെ മുറുകെപ്പിടിക്കുന്നതിനും വേണ്ടി തൊറ്റിൽനിന്നു പിന്മാറുകയാണുണ്ടായത്. കഠിനമായ യാതനകൾ, രക്തസാക്ഷിത്വം കൂടിയും വരിച്ചുകൊണ്ട് അവർ സ്വാതന്ത്ര്യസമരം തുടർന്നു. വികാരാവേശങ്ങൾ ഉണ്ടാകുവാൻ പിന്നെയും പല അവസരങ്ങൾ ഉണ്ടായി. എങ്കിലും ലക്ഷ്യബോധത്തോടും സംയമനത്തോടും മുന്നോട്ടുപോയി. അവർ വളരെ ദൂരം യാത്ര ചെയ്ത് ലക്ഷ്യത്തോട് സമീപിച്ചിരിക്കുകയാണ്. ഇതിന് അവരെ എത്രത്തോളം അഭിനന്ദിച്ചാലും മതിയാവുകയില്ല. ഇവരാണ് പഴയകൂറ്റുകാർ എന്നറിയപ്പെടുന്ന മലബാർ റീത്തുകാർ. എന്നാൽ പുത്തൻകൂറ്റുകാർ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചു എന്നു മാത്രമല്ല, ഇന്ന് അവർ ലക്ഷ്യം തന്നെ മറന്നുപോയിരിക്കുന്നു. സാർവ്വത്രികസഭയുടെ കൂട്ടായ്മ വിട്ടുപിരിഞ്ഞതോടെ അവർ സ്വന്തം നിലനിൽപ്പിനുള്ള വ്യഗ്രതയിലായി. പക്ഷേ തായ്ത്തടിയിൽ നിന്നും ജീവജലം പ്രാപിക്കാതെ എങ്ങനെ നിലനിൽക്കാൻ സാധിക്കും.

**ആദ്യപുനരൈക്യ പരിശ്രമങ്ങൽ എന്തുകൊണ്ടു വിജയിച്ചില്ല**

ഒന്നാം മാർത്തോമ്മാ മുതൽ മാർ ഈവാനിയോസ് പിതാവിന്റെ കാലംവരെയുള്ള പ്രഗത്ഭരായ പല പിതാക്കന്മാരും വളരെ ആത്മാർത്ഥമായും എളിമയോടും പുനരൈക്യത്തിനുവേണ്ടി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തില്ലേയെന്ന് സ്വാഭാവികമായി ഇവിടെ ഒരു ചോദ്യം ഉണ്ടായേക്കാം. ഈ പിതാക്കന്മാരുടെയും മാർ ഈവാനിയോസ് പിതാവിന്റെയും പുനരൈക്യപരിശ്രമങ്ങൾക്ക് തമ്മിൽ എന്താണ് വ്യത്യാസമുള്ളത്? എന്തുകൊണ്ട് മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യശ്രമം വിജയിച്ചപ്പോൾ മറ്റുള്ളവരുടേത് വിജയിച്ചില്ല? സ്വന്തം പദവിയും അധികാരാവകാശങ്ങളും സുരക്ഷിതമാക്കുന്നതിനും അതിൽ ഉറച്ചുനിൽക്കുന്നതിനുമാണ് ആദിമുതൽ പുത്തൻകൂർ സഭയിൽപ്പെട്ട മെത്രാന്മാർ പ്രഥമവും പ്രധാന

www.malankaralibrary.com


വുമായി ശ്രദ്ധിച്ചിരുന്നത്. സ്വന്തം ആത്മരക്ഷയ്ക്കും വലിയൊരു ജനത്തിന്റെ ആത്മരക്ഷയ്ക്കും രണ്ടാംസ്ഥാനമാണ് അവർ എപ്പോഴും നൽകിയിരുന്നത്. അവിഹിതമായി ലഭിച്ചതും സ്വീകരിച്ചതുമായ പദവികളും മാനുഷികബഹുമാനങ്ങളും ക്രമേണ ഉണ്ടായ ലൗകികസമ്പത്തുകളും ഉപേക്ഷിക്കുന്നതിന് ആത്മധൈര്യവും എളിമയും അവർക്ക് ഉണ്ടായില്ല. ദൈവപരിപാലനയിലുള്ള ഉറച്ച വിശ്വാസവും ശരണവും ഉണ്ടെങ്കിലേ അത് ലഭ്യമാകുകയുള്ളു. മുകളിൽ പറഞ്ഞവയെല്ലാം നിലനിർത്തിക്കൊണ്ടുള്ള സ്വാർത്ഥപരമായ ലക്ഷ്യങ്ങളോടുകൂടിയ പുനരൈക്യത്തിനാണ് അവർ പരിശ്രമിച്ചുകൊണ്ടിരുന്നത്. ഇത് ദൈവേഷ്ടത്തിനും ദൈവപരിപാലനയ്ക്കും യോജിച്ച വിധത്തിലായിരുന്നില്ല. മാർ ഈവാനിയോസ് പിതാവ് സ്വന്തം സ്ഥാനവും മഹിമയും പ്രതാപവും നിലനിർത്തുന്നതിന് ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ദൈവമഹത്വവും വലിയൊരു ജനത്തിന്റെ ആത്മരക്ഷയുമാണ് അദ്ദേഹം പ്രധാനമായും കരുതിയിരുന്നത്. പുനരൈക്യത്തിനുശേഷം മാർ ഈവാനിയോസ് പിതാവ് തന്റെ ഒരു പ്രസംഗത്തിൽ, കാതോലിക്കാബാവാ പുനരൈക്യപ്പെടുകയാണെങ്കിൽ അദ്ദേഹം മലങ്കര കത്തോലിക്കാ ഹൈരാർക്കിയുടെ തലവനായിരിക്കുന്നതിന് താൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എന്നും തന്റെ സകല സ്ഥാനമാനങ്ങളും ഉപേക്ഷിച്ച് കേവലം ഒരു സന്യാസിയായി ജീവിക്കുന്നതിന് ഇഷ്ടപ്പെടുന്നുവെന്നും പ്രസ്താവിച്ചിരുന്നു.

**പുനരൈക്യത്തിന് ബഥനിയുടെ പങ്ക്**

മലങ്കരമെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനി ബഥനി ആശ്രമം സ്ഥാപിക്കുന്നതിനും അത് ഒരു സ്വതന്ത്രസ്ഥാപനമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും അനുവദിച്ചത് മലങ്കരസഭയിൽ ഒരു സന്യാശ്രമം ഉണ്ടാകണം എന്നതിനേക്കാൾ, നിലവിലിരുന്ന കേസ് തോൽക്കുകയാണെങ്കിൽ വെറുംകയ്യോടെ ഇറങ്ങിപ്പോകുവാൻ ഇടവരാതെ സ്വതന്ത്രസ്ഥാപനമായ ബഥനിയുടെമേലും ബഥനിപള്ളികളുടെമേലും ആധിപത്യം സ്ഥാപിച്ച് തന്റെ സ്ഥാനത്ത് തുടരാം എന്നു കരുതിയതുകൊണ്ടാണ്. ബഥനി ആശ്രമസ്ഥാപകനായ മാർ ഈവാനിയോസിന്റെ ചിന്താഗതി ഇതിൽ നിന്നും തുലോം വ്യത്യസ്ഥമായിരുന്നു. അദ്ധ്യാത്മികനവോത്ഥാനവും ആത്മരക്ഷയുമായിരുന്നു ബഥനിയുടെ ലക്ഷ്യം. അന്നത്തെ കേസുകളിൽ നിന്നും വഴക്കുകളിൽ നിന്നും ഒഴിഞ്ഞ് സ്വതന്ത്രസ്ഥാപനമായി

www.malankaralibrary.com


നിൽക്കുകയെന്നത് മുകളിൽ പറഞ്ഞ ലക്ഷ്യസാദ്ധ്യത്തിനുവേണ്ടിയായിരുന്നു; അല്ലാതെ കേസിൽ തോറ്റാൽ ഒരു നിൽക്കക്കള്ളിയായിട്ടായിരുന്നില്ല. അങ്ങനെ ആയിരുന്നുവെങ്കിൽ അത് ദൈവഹിതത്തിന് എതിരായി കെട്ടിപ്പൊക്കിയ ഒരു ബാബേൽക്കോട്ടയായി അധഃപതിക്കുകയായിരുന്നു. പുനരൈക്യശിശുവിന്റെ പിള്ളത്തൊട്ടിലായിട്ടാണ് ബഥനിയെ പലരും കാണുന്നത്. എന്നാൽ മനുഷ്യാവതാരം ചെയ്യുന്ന ക്രിസ്തുവിന്റെ അമ്മയായി പാപികളായ മനുഷ്യരുടെ ഇടയിൽ നിന്ന് ഒരു സ്ത്രീയെ അമലോത്ഭവയായും കന്യകയായും ദൈവം മുമ്പുകൂട്ടി നിശ്ചയിച്ചു നിയോഗിച്ചതുപോലെ പുനരൈക്യശിശുവിന് ജന്മം നൽകുന്നതിനും വളർത്തുന്നതിനും ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു കന്യാസ്ത്രീ അമ്മയാണ് ബഥനി. കാരണം അവിടെയാണ് ആ ശിശു ബീജാവാപം ചെയ്യപ്പെട്ടത്. അവിടെ നിന്നാണ് അത് ജീവനും രക്തവും മാംസവും സ്വീകരിച്ചത്. അതിന്റെയുള്ളിലാണ് അത് രൂപം പ്രാപിച്ചത്, വളർന്നത്, സംരക്ഷിക്കപ്പെട്ടത്, താലോലിക്കപ്പെട്ടത്. “എന്നാൽ എന്നും അതിന്റെ ഉള്ളിൽ വസിക്കുവാനല്ല പ്രത്യുത ഞാൻ എന്റെ പിതാവിന്റെ ഇഷ്ടം പൂർത്തിയാക്കേണ്ടതല്ലേ?” എന്ന് പ്രഖ്യാപിച്ചുകൊണ്ട് പുറത്തേക്ക് വരുവാനുള്ളതായിരുന്നു.

**പരുമല സുന്നഹദോസും മാർ ഈവാനിയോസും**

1926-ൽ പരുമലസുന്നഹദോസിൽ വച്ച് ഓർത്തഡോക്സ് മെത്രാന്മാർ പുനരൈക്യത്തിന് ആലോചിച്ചതും കേസിൽ തോറ്റാൽ ഒരു നില്ക്കക്കള്ളി ഉണ്ടാക്കുന്നതിന് വേണ്ടിയായിരുന്നു. എല്ലാ സ്ഥാനമാനങ്ങളോടും തുടരുന്നതിന് ഒരു വേദിയായിട്ടാണ് കത്തോലിക്കാ സഭയെ കണ്ടത്. എന്നാൽ മാർ ഈവാനിയോസ് പിതാവിന്റെ ചിന്താഗതി ഇതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ മാർപ്പാപ്പാ തലവനായുള്ള സഭ മാത്രമാണ് ക്രിസ്തു സ്ഥാപിതമെന്നും ഭാരതത്തിലെ പൗരസ്ത്യസഭ എന്നും അങ്ങനെ വിശ്വസിച്ചിരുന്നുവെന്നു ചരിത്രത്തിന്റെ ഗതിയിലെ ചില പ്രത്യേകസാഹചര്യങ്ങളിൽ ആ വിശ്വാസത്തിൽനിന്നും വ്യതിചലിക്കുവാൻ ഇടവന്നതാണെന്നും മാർ ഈവാനിയോസ് തന്റെ ചരിത്രപഠനം കൊണ്ടും ആലോചനകൊണ്ടും മനസ്സിലാക്കിയിരുന്നു. അതിനാൽ ആത്മരക്ഷയ്ക്ക് കത്തോലിക്കാസഭയെ ആശ്ലേഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം

www.malankaralibrary.com


ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. തായ്തണ്ടിൽ നിന്നും വേർപെട്ടുപോയ ശിഖരം അതിനോട് സ്ഥായിയായി കൂട്ടിച്ചേർത്തല്ലാതെ ആ ശിഖരത്തിന് ചൈതന്യവും തേജസും ഓജസും ഉണ്ടാവുകയില്ലെന്നും അദ്ദേഹം ശരിയായി ധരിച്ചിരുന്നു. മലങ്കരസഭയുടെ എല്ലാവിധ അഭ്യുന്നതിക്കും പുനരൈക്യം മാത്രമാണ് കരണീയമെന്ന് ഒരു ദീർഘദർശിയപ്പോലെ അദ്ദേഹം കണ്ടിരുന്നു. പുത്തൻകൂർ സഭാനേതൃത്വം അധികാരമോഹത്തിൽ കടിച്ചുതൂങ്ങി വലിയൊരു ജനസഞ്ചയത്തെ അന്ധകാരത്തിലേക്ക് നയിക്കുകയാണ് ചെയ്യുന്നത് എന്നുള്ളതിന് അദ്ദേഹത്തിന് യാതൊരു സംശയവും ഇല്ലായിരുന്നു. ഈ ഉത്തമബോദ്ധ്യങ്ങളുടെ പേരിലാണ് എല്ലാ പ്രതികൂലസാഹചര്യങ്ങളെയും മറികടന്നുകൊണ്ട് ധീരതയോടുകൂടി കത്തോലിക്കാപുനരൈക്യത്തിന് മാർ ഈവാനിയോസ്സ പിതാവ് തയ്യാറായത്. അദ്ദേഹം ലോകായതികനായിരുന്നുവെങ്കിൽ കൽക്കട്ടായിലെ പ്രൊഫസർ സ്ഥാനം ഉപേക്ഷിക്കുകയില്ലായിരുന്നു. ധനമോഹിയും മാനുഷികബഹുമാനത്തിൽ സംതൃപ്തി അയടുന്നവനുമായിരുന്നെങ്കിൽ മുണ്ടൻമലയിൽ താൻ സമ്പാദിച്ചതും തനിക്ക് ലഭിച്ചതുമായ 600 ഏക്കർ സ്ഥലവും അതിലെ മറ്റു വസ്തുവകകളും താൻ സ്ഥാപിച്ച ആശ്രമവും ചുരുങ്ങിയ കാലംകൊണ്ട് ലഭിച്ച സൽപ്പേരും പള്ളികളും പ്രസ്സ് മുതലായ ഇതര സ്ഥാപനങ്ങളും താൻ സ്നേഹിച്ചിരുന്നവരുമായ ലക്ഷക്കണക്കിനുള്ള ആബാലവൃദ്ധം ജനങ്ങളെയും താൻ ഉപേക്ഷിക്കുകയില്ലായിരുന്നു. താൻ അധികാരമോഹിയും സ്ഥാനമാനങ്ങൾ കാംക്ഷിക്കുന്നവനുമായിരുന്നെങ്കിൽ യാക്കോബായ ഓർത്തഡോക്സ് സഭ ഉപേക്ഷിക്കില്ലായിരുന്നു. അദ്ദേഹം അടുത്ത ഭാവിയിൽ കാതോലിക്കായായും മലങ്കരമെത്രാപ്പോലീത്തായായും അവരോധിക്കപ്പെടുമെന്ന് ആർക്കാണ് അറിയാൻ പാടില്ലായിരുന്നത്? ക്രിസ്തുവിനെപ്രതിയും തന്റെ സുവിശേഷത്തെപ്രതിയും സകലവും ഉപേക്ഷിക്കുന്നവർ നൂറിരട്ടിയായി പ്രാപിക്കുമെന്നുള്ള നമ്മുടെ കർത്താവിന്റെ വചനങ്ങൾ മാർ ഈവാനിയോസ് പിതാവിനെ സംബന്ധിച്ചിടത്തോളം എത്രയോ അന്വർത്ഥമായിരിക്കുന്നു.

**മാർ ഈവാനിയോസ് ബഥനി വിട്ടിറങ്ങേണ്ടിരിരുന്നില്ല**

ലൗകികമായും സ്വാഭാവികമായും ചിന്തിക്കുകായായാണെങ്കിൽ മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാപുനരൈക്യം നടത്തി

www.malankaralibrary.com


യാൽത്തെന്നെയും താൻ തന്നെ സ്ഥാപിച്ച ആശ്രമം വിട്ടിറങ്ങുകയോ ഉപേക്ഷിക്കുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. കാരണം ബഥനി ആശ്രമം ഒരു സ്വതന്ത്രസ്ഥാപനമാണ്. താൻ തന്നെ സ്ഥാപിച്ചതാണ്. ആശ്രമാംഗങ്ങളിൽ രണ്ടോ മൂന്നോ പേർ ഒഴികെ ബഹുഭൂരിപക്ഷംപേരും തന്റെ കൂടെയുണ്ട്. തന്നെ അനുസരിക്കാത്ത വെറും ന്യൂനപക്ഷമായ അംഗങ്ങളെ ആശ്രമത്തിൽ നിന്ന് ബഹിഷ്കരിക്കുന്നതിന് അദ്ദേഹത്തിന് അധികാരമുണ്ട്. എന്നാൽ മാർ ഈവാനിയോസ് പിതാവ് അങ്ങനെയല്ല ചിന്തിച്ചത്. "നിന്റെ കുപ്പായം എടുക്കുന്നവന് നിന്റെ അങ്കികൂടെ വിട്ടുകൊടുക്കുക" എന്ന കർത്താവിന്റെ വചനങ്ങൾ അക്ഷരംപ്രതി പാലിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ പിടിച്ചുനിൽക്കുന്നതിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന എല്ലാ തർക്കങ്ങൾക്കും പരിപൂർണ്ണമായ ഒരു വിരാമം ഇടുകയാണ് അദ്ദേഹം ചെയ്യുന്നത്. അതിസ്വാഭാവികവും അമാനുഷികവും വിശാലവുമായ മനഃസ്ഥിതിയാണ് മാർ ഈവാനിയോസ് പിതാവിൽ ഇവിടെ നാം ദർശിക്കുന്നത്.

**ലക്ഷ്യംപോലെ മാർഗ്ഗവും ശുദ്ധം**

സത്യം ആരായുകയും സത്യം കണ്ടുപിടിച്ചാൽ എല്ലാ പ്രതികൂലസാഹചര്യങ്ങളെയും സധൈര്യം തട്ടിനീക്കി ആ സത്യത്തെ പ്രാപിക്കുന്നതിന് യത്നിക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലിയായിരുന്നു മാർ ഈവാനിയോസ് പിതാവിന്റേത്. അതിന് താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ലക്ഷ്യംപോലെ നീതിനിഷ്ടവും സത്യസന്ധവും ശ്രേഷ്ഠവും ആക്ഷേപരഹിതവും ആയിരിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉന്നത വിദ്യാഭ്യാസവും പ്രൊഫസർ സ്ഥാനവും ആശ്രമസ്ഥാപനവും മെത്രാൻ സ്ഥാനവും പുനരൈക്യവുമെല്ലാം ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങൾ ആയിരുന്നു. ആത്യന്തികമായി തന്റെ ലക്ഷ്യമാകട്ടെ ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും. ലക്ഷ്യം നേടുന്നതിന് ബുദ്ധിപൂർവ്വമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അത് നടപ്പിൽ വരുത്തുന്നതിനുമുള്ള പിതാവിന്റെ കഴിവ് അസാമാന്യമായിരുന്നു. കാതോലിക്കാവാഴ്ച, ബഥനിയുടെ സ്ഥാപനം, പുനരൈക്യം, മലങ്കര കത്തോലിക്കാഹൈരാർക്കിയുടെ സ്ഥാപനം, മലങ്കര കത്തോലിക്കാ റീത്തിന്റെ സ്ഥാപനം ഇവയിലെല്ലാം നമുക്ക് ഇത് ദർശിക്കാവുന്നതാണ്.

www.malankaralibrary.com


## വേർപിരിഞ്ഞവരുടെ ഇന്നത്തെ സ്ഥിതി

തെറ്റിൽ ഉത്ഭവിച്ച മലങ്കര യാക്കോബായസഭ (പുത്തൻകൂറ്റുകാർ) തെറ്റുതിരുത്താതെ തെറ്റിൽത്തന്നെ ജീവിച്ച് തെറ്റിനെ ശരിയാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. താത്വികമായിട്ടും പ്രായോഗികമായിട്ടും ഇത് അസാദ്ധ്യമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. കൂനൻകുരിശു സത്യം കഴിഞ്ഞുള്ള വേർപാടിനുശേഷം പുത്തൻകൂറ്റുകാർ വളരുകയാണോ തളരുകയാണോ ചെയ്തതെന്ന് വിലയിരുത്തുന്നത് കൊള്ളാം. പുത്തൻകൂറ്റുകാരുടെ ഇടയിൽ ഇതഃപര്യന്തമുണ്ടായ വിഭജനങ്ങൾ എല്ലാം വളർച്ചയുടെയോ തളർച്ചയുടെയോ ലക്ഷണം? വളർച്ച കൊണ്ടും തളർച്ച കൊണ്ടും വിഭജനം ഉണ്ടാകാം. വളർച്ച കൊണ്ടുണ്ടാകുന്ന വിഭജനത്തിൽ വിഭജിക്കപ്പെട്ട അംശങ്ങളെയെല്ലാം കൂട്ടിയിണക്കുകയും യോജിപ്പിക്കുകയും ശക്തിപകരുകയും ചെയ്യുന്ന ഒരു പൊതുശക്തി ഉണ്ടായിരിക്കും. എന്നാൽ തളർച്ചകൊണ്ടുണ്ടാകുന്ന വിഭജനം ശിഥിലീകരണമാണ്. അംശങ്ങളെ കൂട്ടിയിണക്കുന്ന ശക്തി ക്ഷയിക്കുന്നതുകൊണ്ട് അംശങ്ങൾ കൂടുതൽ കൂടുതൽ ശിഥിലീകരിച്ചുപോകുന്നു. തൊഴിയൂർ സഭ, സി.എം.എസ്. സഭ, മാർത്തോമ്മാ സഭ, മലങ്കര ഓർത്തോഡോക്സ് സഭ, മലങ്കര യാക്കോബായ സഭ, ഇവാൻജലിക്കൽ സഭ, വിവിധ പൊട്ടസ്റ്റന്റ് പെന്തിക്കൊസ്തു സഭകൾ എന്നിങ്ങനെ പുത്തൻകൂറ്റുകാർ എത്രയോ അവാന്തരവിഭാഗങ്ങളായി ശിഥിലീകരിച്ചുപോയിരിക്കുന്നു. തെറ്റിൽ ജനിക്കുകയും ജീവിതം തുടരുകയും ചെയ്യുന്നവർ നാശത്തിലേക്ക് നിപതിക്കാതെ തരമില്ല. അതാണ് ഇന്ന് നാം ഈ സഭാവിഭാഗങ്ങളിലെല്ലാം കണ്ടുകൊണ്ടിരിക്കുന്നത്.

## മാർത്തോമ്മാക്കാർ എങ്ങോട്ട്?

യാക്കോബായസഭയുടെ നിലനിൽപ്പിനെ സഹായിക്കാൻ കൂട്ടുപിടച്ച പ്രൊട്ടസ്റ്റന്റു സഭയുമായുള്ള അതിന്റെ ബന്ധത്തിൽ ഉണ്ടായതാണ് മാർത്തോമ്മാസഭ. പ്രൊട്ടസ്റ്റന്റ് സഭയുടെ വിശ്വാസം ഉൾക്കൊണ്ടും യാക്കോബായസഭയുടെ പുറംചട്ട ധരിച്ചും ഇരിക്കുന്ന ഈ സഭയ്ക്ക് ക്രൈസ്തവസഭയുടെ ലക്ഷണങ്ങൾ ഒന്നുമില്ല. അടുത്തയിടയായി അവർ അത് കൂടുതൽ മനസ്സിലാക്കുന്നുണ്ട്. അവർ വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നതുപോലെ സഭയുടെ സാർവ്വത്രികതയോ, അപ്പസ്തോലികത്വമോ, ഏകത്വമോ, വിശു

www.malankaralibrary.com


ദ്ധിയോ ഒന്നും അവിടെ ദർശിക്കുവാൻ സാധ്യമല്ല. മദ്ധ്യതിരുവിതാംകൂറിലെ ഏതാനും താലൂക്കുകളിൽ ഒതുങ്ങിനിൽക്കുന്ന സഭയെ ആഗോളസഭ എന്നു പറയുവാൻ എങ്ങനെ കഴിയും? അപ്പസ്തോലിക കൈവയ്പ്പിൽ നിന്നും പാരമ്പര്യത്തിൽ നിന്നും വിട്ടുനിൽക്കുന്നതിനെ എങ്ങനെ ശ്ലൈഹികം എന്ന് വിളിക്കും? ഇവകൊണ്ടു തന്നെ അതിന്റെ ഏകത്വവും വിശുദ്ധിയും നഷ്ടപ്പെട്ടിരിക്കുന്നു. ഈ പോരായ്മകളെ നികത്താം എന്ന പ്രത്യാശയിലാണ് ആഗോളവ്യാപാകമായ പ്രൊട്ടസ്റ്റന്റ് സഭയുമായുള്ള കൂട്ടായ്മയില്ക്ക് അവർ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ പ്രാരംഭനടപടിയാണ് ഭാരതത്തിലെ വടക്കേ ഇന്ത്യൻ സഭയോടും തെന്നിന്ത്യൻ സഭയോടും അവർ ഔദ്യോഗികമായിത്തിന്നെ കൂട്ടുചേർന്നിരിക്കുന്നത്. സഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. ക്രിസ്തുശിരസ്സായുള്ള മൗതികശരീരത്തെ ജീവിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. മനുഷ്യശരീരത്തിലെ ഓരോ അവയവത്തെയും തമ്മിൽ തമ്മിൽ ജീവൻ അഭേദ്യമായി സാരാംശപരമായി യോജിപ്പിക്കുന്നതുപോലെ മൗതികശരീരത്തിലെ അവയവങ്ങളും അഭേദ്യമായി സാരാംശപരമായി പരിശുദ്ധാത്മാവിനാൽ സംയോജിപ്പിക്കപ്പെടണം. വെറും ബാഹ്യമായ ഏച്ചുകെട്ടലുകൾ കൊണ്ടുണ്ടാകുന്ന സഹവർത്തിത്വമോ, സഹകരണമോ, കൂട്ടായ്മയോ, അഭിപ്രായ ഐക്യമോ, തമ്മിലുള്ള സ്വീകരണമോ ഒരിക്കലും സാരാംശപരമായ യോജിപ്പ് ആയിരിക്കയില്ല, പ്രത്യേകിച്ച് സഭയുടെ കാര്യത്തിൽ. അതിനാൽ കേരളത്തിലെ മാർത്തോമ്മാ സഭയ്ക്ക് രക്ഷ പ്രാപിക്കുവാൻ കത്തോലിക്കാസഭയുമായുള്ള പുനരൈക്യം അല്ലാതെ മറ്റ് മാർഗ്ഗമൊന്നുമില്ല. മാർ ഈവാനിയോസ് പിതാവ് വെട്ടിത്തുറന്ന വഴിയിലേയ്ക്ക് അവരിൽ നിന്നും വൈദികരും അത്മായരുമായ അനേകർ പ്രവേശിച്ചുകഴിഞ്ഞു. ബാക്കിയുള്ളവരും അവരുടെയും വരുംതലമുറയുടെയും ആത്മരക്ഷയെ കരുതി എത്രയും വേഗം പുനരൈക്യപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**പാപം വർദ്ധിച്ചിടത്ത് കൃപയും വർദ്ധിച്ചു**

തിന്മയെ നന്മയാക്കുന്നതിനോ തിന്മയിൽ ഉറച്ചുനിൽക്കുന്നവരെ രക്ഷിക്കുന്നതിനോ ആർക്കും സാധ്യമല്ല. എന്നാൽ പാപം വർദ്ധിച്ചിടത്ത് കൃപയും വർദ്ധിച്ചു എന്ന് വി. പൗലോസ്ശ്ലീഹാ പറ

www.malankaralibrary.com


യുന്നതുപോലെ പാപത്തെക്കുറിച്ച് അനുതപിച്ചുവരുന്നവരെ തിന്മയിൽ നിന്നകറ്റുക മാത്രമല്ല അവരോടുള്ള കാരുണ്യാതിരേകത്താൽ കൂടുതൽ നന്മയിലേക്ക് അവരെ നയിക്കുന്നതിന് ദൈവത്തിന് കഴിയും. കാണാതെപോയ ആടിന്റെയും നാണയത്തിന്റെയും ധൂർത്തനായ പുത്രന്റെയും ഉപമയിൽകൂടി കർത്താവ് അതാണ് വ്യക്തമാക്കുന്നത്. കാണാതെപോയ ആടിനെ കണ്ടുകിട്ടിയപ്പോൾ സ്നേഹവായ്പോടും സന്തോഷത്തോടും ആർദ്രതയോടും അതിനെ തോളിലേറ്റി കൊണ്ടുവരുന്നതും മുടിയനായ പുത്രനെ സ്നേഹനിധിയായ പിതാവ് ഓടിച്ചെന്നു കാരുണ്യപൂർവ്വം കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുന്നതും മേൽത്തരം അങ്കിയും മോതിരവും എല്ലാം അണിയിക്കുന്നതിനും വിരുന്ന് ഒരുക്കുന്നതിനും ആജ്ഞാപിക്കുന്നതും അനുതപിച്ചുവരുന്ന പാപിയോട് കൂടുതൽ കാരുണ്യവും സ്നേഹവും കാണിക്കുന്നതിന്റെയും കൂടുതൽ നന്മചെയ്യുന്നതിന്റെയും ഉദാഹരണങ്ങളാണ്.

**തിന്മയിൽ നിന്നും നന്മ**

ഭാരതപൗരസ്ത്യസഭയുടെമേൽ പോർട്ടുഗീസുകാർ മേധാവിത്വവും പാശ്ചാത്യവൽക്കരണവും അടിച്ചേൽപിക്കാൻ ശ്രമിച്ചത് യഥാർത്ഥത്തിൽ തിന്മയായിരുന്നു. അതിനെ ചെറുക്കുവാൻ ശ്രമിച്ച കൂട്ടത്തിൽ സഭയിൽ ഭിന്നതയുണ്ടാക്കി സത്യസഭയിൽ നിന്നും വ്യതിചലിച്ചതും തിന്മയാണ്. ഈ തിന്മകളുടെ തിക്തഫലം അനുഭവിച്ചവരെ ദൈവം കൂടുതലായി അനുഗ്രഹിക്കുന്ന കാഴ്ചയാണ് ഭാരതപൗരസ്ത്യസഭാചരിത്രത്തിൽ നാം ദർശിക്കുന്നത്. ആദിമാതാപിതാക്കന്മാരുടെ പാപത്തെ ഭാഗ്യം കൈവരുത്തിയ പാപം (Felix culpa) എന്നു സഭാപിതാക്കന്മാർ വിളിച്ചതുപോലെ ഇതിനെയും വിളിക്കാം എന്നു തോന്നിപ്പോകുന്നു.

**പേർഷ്യൻമേധാവിത്വത്തിന്റെ അന്ത്യം**

ഭാരതപൗരസ്ത്യസഭയുടെമേൽ മേധാവിത്വം പേർഷ്യൻ സഭയ്ക്കായിരുന്നു. ഭാരതത്തിലേക്ക് അവിടെ നിന്നാണ് മെത്രാൻമാരെ അയച്ചിരുന്നത്. പോർട്ടുഗീസുകാരുടെ കാലത്തും പേർഷ്യയിൽ നിന്നും മെത്രാന്മാർ വന്നിരുന്നു. പൗരസ്ത്യസഭയുടെ മേധാവിത്വം പോർട്ടുഗീസുകാരുടെ കൈയിലായതിനുശേഷമാണ് ഈ പതിവ് അവസാനിച്ചത്. ഭാരതത്തിൽ ക്രിസ്തുമതം ആരംഭിച്ച് 1500 വർഷം കഴിഞ്ഞിട്ടും ഭാരതസഭയെ നയിക്കുന്നതിന് വിദേശത്തുനിന്നും

www.malankaralibrary.com


മെത്രാന്മാർ വന്നുകൊണ്ടിരുന്നു എന്നുള്ളത് അത്ഭുതകരമായി തോന്നുന്നു. ഈ സുദീർഘമായ കാലഘട്ടത്തിനുള്ളിൽ ദേശീയ മെത്രാന്മാർ എന്തുകൊണ്ട് ഉണ്ടായില്ല? അത്ര കഴിവില്ലാത്തവരായിരുന്നുവോ ഇന്നാട്ടിലെ ക്രിസ്ത്യാനികൾ! അങ്ങിനെ ചിന്തിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. കരിയാറ്റി മല്പാൻ, പാറമക്കൽ തോമാക്കത്തനാർ, നിധിയിരിമാണിക്കത്തനാർ തുടങ്ങിയ പ്രഗത്ഭരായ വൈദികർ ഉണ്ടായിരുന്ന നാട്ടിൽ അവർക്കുമുമ്പും ഭക്തിയും തീക്ഷ്ണതയും കഴിവുമുള്ള വൈദികർ ഉണ്ടായിരുന്നിരിക്കണം എന്നുവേണം കരുതുവാൻ. എന്നാൽ ശീമമെത്രാന്മാർ അവരുടെ സ്വന്തം മേധാവിത്വം നിലനിർത്തുന്നതിനുവേണ്ടി നാട്ടുകാർക്ക് മെത്രാഭിഷേകം കൊടുത്തിരുന്നില്ല എന്നതാണ് പരമാർത്ഥം. ഓരോ ദേശത്തെയും സഭയുടെ നിലനില്പിനും അഭ്യുന്നതിക്കും അതതു ദേശങ്ങളിൽ തന്നെ സഭ സ്വതന്ത്രമായിരിക്കണം. വളരെ നാളത്തേക്കുള്ള വിദേശമേധാവിത്വത്തിൻകീഴിൽ ഒരു സഭയ്ക്കും രാഷ്ട്രത്തിനും വളരുവാൻ സാധിക്കയില്ല. ഏഷ്യയിലെ മാർത്തോമ്മാസഭകളെല്ലാം നാമാവശേഷമാകാനും ഭാരതത്തിലെ സഭ വളരാതിരിക്കാനും കാരണമിതായിരിക്കാം. ദൈവഗത്യാ ഭാരതസഭ നശിച്ചില്ല എന്നുമാത്രം. പോർട്ടുഗീസുകാരുടെ വരവോടുകൂടി ഈ പേർഷ്യൻ മേധാവിത്വം അവസാനിച്ചു എന്നുള്ളത് സഭയെ സംബന്ധിച്ചിടത്തോളം ഒരു ഭാഗ്യംതന്നെ. അല്ലെങ്കിൽ പേർഷ്യൻ സഭയുടെ അധഃപതനം കേരളസഭയെയും ബാധിക്കുമായിരുന്നു.

**പോർട്ടുഗീസ് മേധാവിത്വത്തിന്റെ അന്ത്യവും ദേശീയാധിപത്യത്തിന്റെ ആരംഭവും**

പോർട്ടുഗീസുകാർ അവരുടെ ഭരണമേധാവിത്വം അടിച്ചേല്പിക്കാൻ ശ്രമിച്ചു എങ്കിലും അധികനാൾ അവർക്ക് പിടിച്ചുനിൽക്കാൻ സാധിച്ചില്ല. മേധാവിത്വം പിടിച്ചെടുക്കുവാൻ ശ്രമിച്ചവർ നാട്ടുമെത്രാന്മാരെ വാഴിക്കുവാൻ ശ്രമിച്ചില്ല എന്നു പറയേണ്ടതില്ലല്ലോ. ഇതിനോടായി റോം ഇടപെടുകയും സഭ റോമിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാകയും ചെയ്തു. എന്നിട്ടും ദേശീയമെത്രാന്മാരെ ലഭിക്കുവാൻ നൂറ്റാണ്ടുകൾ നിവേദനങ്ങളുമായി കാത്തിരിക്കേണ്ടിവന്നു. 1886-ൽ തൃശൂർ, കോട്ടയം വികാരിയാത്തുകൾ സ്ഥാപിതമായി, 1896-ൽ എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകൾ സ്ഥാപിതമായി. ക്രമേണ ദേശീയമെത്രാന്മാരും അഭിഷിക്തരായി സഭയുടെ

www.malankaralibrary.com


ഭരണച്ചുമതല ഏറ്റെടുത്തു. ഏതാണ്ട് 19 നൂറ്റാണ്ട് വിദേശമേധാവിത്വത്തിൽ കഴിഞ്ഞ സഭ നശിച്ചില്ല എന്നുള്ളത് ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനകൊണ്ടുമാത്രം. നമ്മുടെ പിതാക്കന്മാരുടെ വിശ്വാസത്തെയും ഭക്തിയെയും നിശ്ചയദാർഢ്യത്തെയും എത്ര പുകഴ്ത്തിയാലും മതിയാകുന്നതല്ല. ഭാരതപൗരസ്ത്യസഭയ്ക്ക് വളരുവാൻ സാധിച്ചില്ല എങ്കിൽ അത് സ്വാഭാവികം മാത്രം. സഭ പരിപൂർണ്ണമായി അതിന്റെ പാരതന്ത്ര്യത്തിൽ നിന്നും കരേറിയിട്ടില്ല. പൂർണ്ണസ്വാതന്ത്ര്യത്തിന്റെ പൊൻപുലരിക്കുവേണ്ടി പ്രാർത്ഥനയോടും പ്രത്യാശയോടും ക്ഷമയോടും കാത്തിരിക്കാം.

**അന്ത്യോക്യൻ ആരാധനാക്രമത്തിന്റെ വൈശിഷ്ട്യം**

ക്രിസ്തീയജീവിതത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും ഈ ആരാധക്രമം എത്രമാത്രം സഹായകമാണെന്ന് അനുഭവിച്ചറിഞ്ഞവർക്കേ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ഒരിക്കൽ സ്വാംശീകരിച്ചു കഴിഞ്ഞാൽ യാതൊരു കാരണവശാലും മറക്കുവാനോ ഉപേക്ഷിക്കുവാനോ സാധ്യമാകയില്ല. വിശ്വാസത്തിലും ഭക്തിയിലും നിലനിൽക്കുന്നതിനും അഭിവൃദ്ധിപ്പെടുന്നതിനും ഇതു എത്രയോ സഹായകമാണ്. അതിനാലാണ് നാടുവിട്ട് വിദേശങ്ങളിൽ പോയി പാർക്കുന്നവർ അനേകവർഷം കഴിഞ്ഞാലും ഈ ആരാധനാക്രമത്തോട് കൂറുപുലർത്തുന്നതും അനേകം വർഷങ്ങൾക്കു ശേഷം നടത്തപ്പെടുന്ന ശുശ്രൂഷകളിൽ സജീവമായി പങ്കെടുക്കുന്നതും. കുറേ നാളത്തേക്ക് സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽനിന്നും വേർപെട്ടു നിൽക്കുന്നതിനുള്ള ദൗർഭാഗ്യം ഉണ്ടായി എങ്കിലും അനുതാപത്തോടുകൂടി തിരികെ വന്നപ്പോൾ നാം ആഗ്രഹിച്ചിരുന്ന സ്വാതന്ത്ര്യവും വ്യക്തിത്വവും എല്ലാം സഭയ്ക്ക് വീണ്ടു കിട്ടുകയും അന്ത്യോക്യൻ ആരാധനക്രമമാകുന്ന വിശിഷ്ട വസ്ത്രങ്ങളും ആഭരണങ്ങളുംകൊണ്ട് സഭ അണിയിക്കപ്പെടുകയും ചെയ്തു. ദൈവം നമ്മെ നാം അർഹിക്കുന്നതിൽ കൂടുതലായി അനേകമടങ്ങ് ദാനങ്ങൾകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. മലങ്കരകത്തോലിക്കാസഭയെക്കുറിച്ച് പഠനം നടത്തിയ ഒരു യൂറോപ്യൻ വൈദികൻ ഒരിക്കൽ അഭിപ്രായപ്പെട്ടത് ഓർക്കുന്നു. മലങ്കര കത്തോലിക്കർ പുനരൈക്യത്തോടുകൂടി അതിപുരാതനവും അതിപാവനുമായ കത്തോലിക്കാ വിശ്വാസവും നവീകരണസഭകളുടെ അത്യാധുനികതയും കൈവരിച്ചിരിക്കുന്നു. അതിനാൽ മലങ്കരസഭയ്ക്ക് ഭാരത

www.malankaralibrary.com


ത്തിലെ മറ്റ് സഭകൾക്ക് നേതൃത്വം നൽകുവാൻ സാധിക്കും.

**ആരാധനക്രമത്തിന്റെ ഭാരതവൽക്കരണം**

ആരാധനക്രമത്തിന്റെ ഭാരതവൽക്കരണത്തിനു മുറവിളി കൂട്ടുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ഭാരതത്തിന്റെ ക്രൈസ്തവ വൽക്കരണത്തിന് ആദ്യമായി ചെയ്യേണ്ടത് സുവിശേഷത്തെ ഭാരതമനസ്സിന് യോജിച്ച രീതിയിൽ അവതരിപ്പിക്കുക എന്നുള്ളതാണ്. നിത്യരക്ഷ പ്രാപിക്കുവാൻ ക്രിസ്തുവിന്റെ നാമമല്ലാതെ മറ്റൊരു നാമമില്ല. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഇടയിൽ ക്രിസ്തുവാണ് ഏക മദ്ധ്യസ്ഥൻ എന്ന് ഏറ്റവും ഭാരതീയമായ വിധത്തിൽ കാണിച്ചുകൊടുക്കുക എന്നുള്ളതാണ് ഇന്നത്തെ ആവശ്യം. ക്രൈസ്തവ മതത്തിന്റെയും ക്രൈസ്തവ ആദർശങ്ങളുടെയും മേന്മ ഭാരതത്തിലെ സാധാരണ ആളുകളുടെ ഇടയിൽ എത്തിച്ചേർന്നിട്ടില്ല. മലങ്കര കത്തോലിക്കാസഭയുടെ പ്രേഷിതപ്രവർത്തനംവഴി മാനസാന്തരപ്പെട്ടിട്ടുള്ള സഹസ്രങ്ങൾക്ക് മലങ്കര ആരാധനക്രമം ഒരിക്കലും ഒരു പ്രശ്നമായിട്ടില്ല. ആരാധനക്രമത്തിന്റെ പേരിൽ ആരെങ്കിലും സഭയിൽ ചേരിതിരിക്കുകയോ സഭയിൽ നിന്നും വിട്ടുപോവുകയോ ചെയ്തിട്ടില്ല. നേരെമറിച്ച് ആരാധനക്രമത്തോട് ഏറ്റവും പ്രതിപത്തിയും ഭക്തിയും അതിവേഗം അതിനോട് അലിഞ്ഞുചേരുന്നമനോഭാവവുമാണ് മിഷനുകളിൽ എപ്പോഴും അനുഭവപ്പെട്ടിട്ടുള്ളത്. ജനങ്ങൾക്ക് വി. കുർബാന (പൂജ)യോടുള്ള ഭക്തി സവിശേഷമായിട്ടുള്ളതാണ്. വി. കുർബാന അർപ്പിക്കുന്നുണ്ടെന്ന് അറിഞ്ഞാൽ പ്രാർത്ഥനാസമ്മേളനത്തിലോ, സുവിശേഷയോഗങ്ങളിലോ സംബന്ധിക്കുന്നതിനുള്ളതിനേക്കാൾ കൂടുതൽ ആവേശത്തോടെ ജനങ്ങൾ ദൈവാലയങ്ങളിൽ കൂട്ടം കൂട്ടമായി വരുന്നത് കാണുവാൻ സാധിക്കും. സഭയുടെ ഔദ്യോഗിക ആരാധനക്രമത്തോട് ജനങ്ങൾക്ക് കൂടുതൽ താൽപര്യമുള്ളതായിട്ടാണ് എവിടെയും കാണുവാൻ സാധിക്കുന്നത്. ഇത് അന്ത്യോക്യൻ ആരാധനാക്രമത്തിന്റെ ഒരു സവിശേഷതയായി കണക്കിലെടുക്കാവുന്നതാണ്.

**ഉപസംഹാരം**

കേരളസഭയിൽ ഭിന്നിപ്പ് എന്ന് ഉടലെടുത്തോ അന്നുമുതൽ യോജിപ്പിനായുള്ള അഭിലാഷവും അതിനായുള്ള പരിശ്രമവും ആരംഭിച്ചിരുന്നു. നൂറ്റാണ്ടുകളോളം സഫലീകൃതമാകാതെ കിടന്നിരുന്ന ഒരു ജനതതിയുടെ ഈ അഭിലാഷം മാർ ഈവാനിയോസ് പിതാ

www.malankaralibrary.com


വിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തിലൂടെ പൂർത്തിയായിക്കൊണ്ടരിക്കുന്നു. സഭാചരിത്രത്തിലെ സുപ്രധാനമായ ഈ സംഭവത്തിന് നേതൃത്വം നൽകുവാൻ ദൈവം മോശയെപ്പോലെ തെരഞ്ഞെടുത്തയച്ച പ്രവാചകനായിരുന്നു മാർ ഈവാനിയോസ്. സ്വാർത്ഥചിന്താസ്പർശം പോലുമില്ലാതിരുന്നതുകൊണ്ട് ദൈവസ്വരം ശ്രവിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സ്വന്തം ആത്മരക്ഷയും ലക്ഷങ്ങളുടെ ആത്മരക്ഷയും മാത്രം ലക്ഷ്യമായി കണ്ട ആ യോഗീവര്യൻ അതിനുള്ള മാർഗ്ഗങ്ങളും കണ്ടെത്തി.

വേർപെട്ട കാലംമുതൽ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യംവരെ സഭൈക്യത്തിനുവേണ്ടി തീവ്രയത്നം നടത്തിക്കൊണ്ടിരുന്നത് പുത്തൻകൂർവിഭാഗത്തിലെ ഹൈരാർക്കിയുടെ ഭാഗത്തുനിന്നായിരുന്നു. 1926–ൽ നടന്ന പരുമലയിലെ മെത്രാന്മാരുടെ സുന്നഹദോസിലും നമുക്കത് ദർശിക്കാവുന്നതാണ്. എന്നാൽ ദൈവത്തിന്റെ കാരുണ്യത്തോടും കൃപാദാനങ്ങളോടും സഹകരിക്കാതിരുന്നതുകൊണ്ടോ, മറുതലിച്ചതുകൊണ്ടോ ഇന്ന് പുത്തൻകൂർ വിഭാഗത്തിലെ ഹൈരാർക്കിയുടെ ഭാഗത്തുനിന്ന് ഈ ശ്രമം ദൃശ്യമാകുന്നില്ല. അതിനാൽ ഇന്നു ഈ ശ്രമം വേർപെട്ടു നിൽക്കുന്ന അല്മായരായ വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം സ്വരക്ഷയ്ക്കുവേണ്ടി ഏറ്റെടുക്കേണ്ടതുണ്ട്. മാർ ഈവാനിയോസ് പിതാവ് വെട്ടിത്തുറന്ന പുനരൈക്യപാതയിൽക്കൂടി നാമെല്ലാവരും ഒന്നുചേർന്നു സ്വർഗ്ഗീയയാത്ര ചെയ്യുന്ന സുദിനം അതിവേഗം സമാഗതമാകട്ടെ.

പിതാവിന്റെ ഭവനത്തിൽനിന്നും ലഭിക്കാവുന്നതെല്ലാം കണക്കു പറഞ്ഞുവാങ്ങി നാടുവിട്ടുപോയി എല്ലാം നഷ്ടപ്പെടുത്തി മടങ്ങിയെത്തിയ ധൂർത്തനായ പുത്രന്റെ കഥയല്ല. സാഹചര്യങ്ങളുടെ പ്രേരണയാൽ നാടുവിട്ടിറങ്ങുവാൻ പ്രേരിതനായ പുത്രൻ ദീർഘനാളത്തെ വേദനാജനകമായ വേർപാടിനുശേഷം മടങ്ങിയെത്തുന്ന കഥയാണ് മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുത്തൻകൂറ്റുകാരുടെ പുനരൈക്യം അനുസ്മരിപ്പിക്കുന്നത്. വിദേശവാസകാലത്ത് അവിഹിതമായ പുതിയ ബന്ധങ്ങൾ സ്ഥാപിച്ച് പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിവരുവാൻ വിമുഖത കാണിക്കുന്ന പുത്രന്റെ രൂപം ഐക്യത്തിലേക്ക് കടന്നുവരുവാൻ അറച്ചുനിൽക്കുന്ന പുത്തൻകൂർ വിഭാഗം ആവിഷ്ക്കരിക്കുന്നു. തികച്ചും മാനുഷികവും ഭൗതികവുമായ കാരണങ്ങളാൽ പിതൃഭവ


www.malankaralibrary.com



നത്തിലേക്കു മടങ്ങിവരുവാൻ മടിച്ചു നിൽക്കുന്നവർ പിതൃസഹവാസത്തിലെ യഥാർത്ഥ സമാധാനം ലഭ്യമാകൂ എന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നു. തുറന്ന മനസ്സോടെ മുൻവിധികൂടാതെ സഭാചരിത്രം പഠിക്കുന്നവർക്ക്, സത്യം തേടുന്നവർക്ക് ഇന്നും മാർ ഈവാനിയോസ് പിതാവിനെ അനുധാവനം ചെയ്യുവാൻ സാധിക്കും. സത്യവും സമാധാനവും ആത്മരക്ഷയും കാംക്ഷിക്കുന്ന സഭാസ്നേഹിതർക്ക് നാളെയും പ്രചോതനസ്രോതസ്സായിരിക്കും ആ പുണ്യപുരുഷൻ. വർഷങ്ങൾ കടന്നുപോകുന്തോറും ആ മഹാനുഭാവന്റെ മഹത്വം പ്രോജ്വലമായിക്കൊണ്ടിരിക്കും. തീർച്ച.

********

## സ്നേഹ സ്മരണയ്ക്ക്



**ഫാ. മത്തായി മലഞ്ചരുവിൽ**

Born : 13-11-1925


Ordained : 06-04-1954

Died : 02-04-1989

www.malankaralibrary.com

"ബഹുമാനപ്പെട്ട മത്തായി മലഞ്ചരുവിൽ അച്ചനെപ്പറ്റിയുള്ള ഈ പുസ്തകം വാസ്തവത്തിൽ അക്കാലയളവിലെ സാമൂഹ്യവും സഭാപരവുമായ ചരിത്രത്തിന്റെ ഒരു നേർക്കാഴ്ച്ചയാണ്. കേരളത്തിലെ പിന്നോക്കക്കാരായ ഗ്രാമീണ ജനതയുടെ വിശ്വാസപരവും സാമ്പത്തികവുമായ ചരിത്രത്തിന്റെ കുറെ അംശങ്ങൾ നമുക്ക് ഈ പുസ്തകത്തിൽ കാണാൻ കഴിയും."

**ജോൺ മത്തായി** IAS (Rtd.)
**മലഞ്ചരുവിൽ**



## സബീഷ് പീറ്റർ

തിരുവനന്തപുരം ജില്ലയിൽ തിരുവല്ലം ചരുവിളയിൽ തങ്കപ്പൻ നാടാർ (പീറ്റർ ചരുവിള)യുടെയും ജെ. ശാന്തയുടെയും മകൻ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ഹിസ്റ്ററിയിൽ ബിരുദം, ന്യൂഡൽഹി IGNOU യൂണിവേഴ്സിറ്റിയിൽ നിന്നും ലൈബ്രറി സയൻസിൽ ബിരുദാനന്തരബിരുദവും, കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ലൈബ്രറി സയൻസിൽ ഡിപ്ലോമയും കരസ്ഥമാക്കി. ബസേലിയോസ് എഞ്ചിനിയറിംഗ് കോളേജിൽ അസി: ലൈബ്രറിയൻ ആയി ജോലി ചെയ്യുന്നു. ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരു. മേജർ അതി. പാസ്റ്ററൽ കൗൺസിൽ മെമ്പർ, MCYM അതിരൂപത ട്രഷറർ, MCA തിരു. ജില്ലാ സെക്രട്ടറി, ചിൽഡ്രൻ ഫോർ യൂണിറ്റി, MCNM കേന്ദ്രസമിതി ജോയിന്റ് കൺവീനർ, തിരുവല്ലം ഇടവക ട്രസ്റ്റി/സെക്രട്ടറി (10 വർഷം) MCA സഭാതല മാനേജിംഗ് കമ്മിറ്റി മെമ്പർ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്നു. ഭാര്യ പുഷ്പലത (ഹയർ സെക്കന്ററി ടീച്ചർ) മക്കൾ സ്നേഹ, അഭിൻ.

Jayamatha Offset Press, Nalanchira, TVPM. Ph: 0471-2531607